

# ഉള്ളടക്കം




04 ചെയർപേഴ്സന്റെ സന്ദേശം



05 **കോവിഡാനന്തരകാല നാളികേര മേഖല – സുസ്ഥിര വികസന സാധ്യതകളും സമീപനങ്ങളും**
ഡോ. സി. തമ്പാൻ, ഡോ. എസ്. ജയശേഖർ, ഡോ. കെ. മുരളീധരൻ



09 **സ്വയം പര്യാപ്തതയ്ക്ക് തെങ്ങു തന്നെ തുണ**
രമണി ഗോപാലകൃഷ്ണൻ



12 **വേരുതീനിപ്പുഴുക്കളുടെ സംയോജിത നിയന്ത്രണം**
ജിലു വി. സാജൻ, പ്രതിഭ പി. എസ്,
ചന്ദ്രികമോഹൻ. ജോസഫ് രാജ്കുമാർ എ



14 **ഈർപ്പം സംരക്ഷിച്ച് വരുമാനം വർദ്ധിപ്പിക്കാം**
ഡോ. കെ. സജ്നനാഥ്, ഡോ. പി. മുരളീധരൻ



17 **വികേന്ദ്രീകൃത നഴ്സറികൾക്ക് ഭരണിക്കാവ് മാതൃക**
സുനയന എസ്., റെജി ജെ. തോമസ്, ഷരീഫ എം.



19 **ആപത്ത് കാലത്തും തൈ പത്ത് വയ്ക്കാം**
ആർ. ജ്ഞാനദേവൻ



21 **ഐസ്ക്രീം വ്യവസായം കേരാധിഷ്ഠിതമാകുമ്പോൾ**
ഷമീന ബീഗം പി പി.



24 **രോഗ പ്രതിരോധത്തിന് തെങ്ങിൻ തോപ്പിലെ ഔഷധികൾ**
ബേബി ജോസഫ്

**കുരുത്തോലപ്പന്തൽ** 26



**വാർത്തകൾ** 30



**തെങ്ങിൻ തോപ്പിൽ ജൂലായ് മാസത്തെ കൃഷിപ്പണികൾ** 31
സി. തമ്പാൻ, പി. സുബ്രഹ്മണ്യം, ജോസഫ് രാജ്കുമാർ



35 **കമ്പോളം**



38 **കേരപാചകം**





# ചെയർപേഴ്സന്റെ സന്ദേശം

പ്രിയ നാളികേര കർഷകരെ,



രാജ്യമാകമാനം മഹാമാരിയുടെ പിടിയിലകപ്പെട്ടതോടെ, നമ്മുടെ കാർഷിക മേഖല ഇന്ന് വല്ലാത്ത പ്രതിസന്ധിഘട്ടത്തിലൂടെ കടന്ന് പോകുകയാണ്.

നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം വിതരണ ശൃംഖല താറുമാറായി, കയറ്റുമതി കുറഞ്ഞു. അടച്ചിടൽ മൂലം ഗതാഗത സംവിധാനത്തിലുണ്ടായ പ്രശ്നങ്ങൾ നാളികേര ഉത്പ്പന്നങ്ങളുടെ വിപണനത്തിൽ വലിയ പ്രത്യാഘാതങ്ങളും ഏൽപ്പിച്ചിരിക്കുന്നു. വിലകൾ ഇടിഞ്ഞു, മിക്ക സംസ്ഥാനങ്ങളിലും താങ്ങുവിലയ്ക്ക് നാളികേരം സംഭരിക്കാൻ കൃഷിക്കാരിൽ നിന്ന് ആവശ്യം ഉയർന്നു തുടങ്ങിയിരിക്കുന്നു.

ആട്ടുകൊപ്രയുടെയും ഉണ്ടകൊപ്രയുടെയും 2020 സീസണിലെ കുറഞ്ഞ താങ്ങുവില ക്വിന്റലിന് യഥാക്രമം 9960 രൂപയും 10,300 രൂപയുമായി ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത് ഈ സാഹചര്യത്തിൽ ചെറുകിട നാളികേര കർഷകർക്ക് വലിയ ആശ്വാസമാണ്. കൂടാതെ വ്യവസായങ്ങൾക്ക്, പ്രത്യേകിച്ച് ഇടത്തരം ചെറുകിട നാമമാത്ര സംരംഭക വിഭാഗത്തിന് വിവിധ സഹായ പദ്ധതികളും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. നമ്മുടെ നാളികേര സംസ്കരണ സംരംഭങ്ങൾക്ക് ഗവൺമെന്റ് വാഗ്ദാനം ചെയ്തിരിക്കുന്ന ഈ സഹായങ്ങൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

കാർഷികോത്പ്പന്നങ്ങളുടെ വിപണനത്തിനായി ഈ പ്രതിസന്ധിഘട്ടത്തിൽ ഇന്ത്യാ ഗവൺമെന്റ് ഓർഡിനൻസുകൾ പുറപ്പെടുവിച്ചിരുന്നു. നാളികേര മേഖലയെ വർത്തമാനകാല പ്രതിസന്ധിയിൽ നിന്നു കരകയറ്റാൻ ഈ നടപടികൾ സഹായകരമാകുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഈ പ്രതിസന്ധി പരിഹരിക്കാൻ നമുക്ക് ഒരുമിച്ചു പരിശ്രമിക്കാം. ശോഭനമായ ഭാവിക്കു വേണ്ടി കാത്തിരിക്കാം.

ജി. ജയലക്ഷ്മി ഐഎഎസ്
ചെയർപേഴ്സൺ

# കോവിഡാനന്തരകാല നാളികേര മേഖല: സുസ്ഥിര വികസന സാധ്യതകളും സമീപനങ്ങളും

**ഡോ. സി. തമ്പാൻ, ഡോ. എസ്. ജയശേഖർ, ഡോ. കെ. മുരളീധരൻ**
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം , കാസറഗോഡ്

കോവിഡ്-19 മഹാമാരിയുടെ വ്യാപനവും തുടർന്നുള്ള അടച്ചിടലും ഇന്ത്യയിലെ കാർഷിക മേഖലയ്ക്ക് കനത്ത ആഘാതമേൽപ്പിച്ചിരിക്കുകയാണ്. വിളവെടുപ്പ്, ഉത്പ്പന്ന സംഭരണം, വിപണനം എന്നിവയൊക്കെ താറുമാറായതോടെ കർഷകർ വലിയ ദുരിതമനുഭവിക്കുന്നു.വിള സംസ്ക്കരണ സംരംഭങ്ങളുടെ പ്രവർത്തനങ്ങളും തടസ്സപ്പെട്ടു. ഈ സാഹചര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ കർഷകർക്കും സംരംഭകർക്കും നേരിട്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുതകുന്ന വിവിധ നയസമീപനങ്ങൾക്കും പദ്ധതികൾക്കും രൂപം നൽകുകയും അവ നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചിരിക്കുകയുമാണ്.

കോവിഡ്-19 ന്റെ വ്യാപനവും തുടർന്നുണ്ടായ അടച്ചിടലും മൂലം നമ്മുടെ നാളികേര മേഖലയും ഒട്ടേറെ പ്രതിസന്ധികൾ




> **കോവിഡാനന്തരകാലം രാജ്യത്തെ കാർഷികമേഖല പ്രത്യേകിച്ച് നാളികേര മേഖല സങ്കീർണ്ണമായ വെല്ലുവിളികളാണ് നേരിടുന്നത്. വിളവെടുപ്പ്, സംസ്കരണം, വിപണനം, വിള പരിചരണം എന്നുവേണ്ട എല്ലാ മേഖലകളിലും ബഹുമുഖങ്ങളായ പ്രശ്നങ്ങളാണ് കൃഷിക്കാർ അഭിമുഖീകരിക്കാൻ പോകുന്നത്.**

നേരിടുകയാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ നാളികേരോത്പാദനമുള്ള രാജ്യമാണ് ഇന്ത്യ. ലോകത്തിലെ മൊത്തം നാളികേരോത്പാദനത്തിന്റെ 31% ഇന്ത്യയുടെ സംഭാവനയാണ്. ഒടുവിൽ ലഭ്യമായ 2018-19 ലെ കണക്കനുസരിച്ച് 21.7 ലക്ഷം ഹെക്ടർ പ്രദേശത്തു നിന്ന് 21384 ദശലക്ഷം നാളികേരമായിരുന്നു ഇന്ത്യയിലെ ഉത്പാദനം; ഉത്പാദനക്ഷമത ഹെക്ടറൊന്നിനു 9815 നാളികേരവും. കേരളമാണ് ഇന്ത്യയിലെ ഏറ്റവുമധികം നാളികേരോത്പാദനമുള്ള സംസ്ഥാനം. ഇന്ത്യയിലെ മൊത്തം നളികേരോത്പാദനത്തിന്റെ 36% കേരളത്തിന്റെ സംഭാവനയാണ്. 2018-19 സാമ്പത്തിക വർഷത്തിൽ ഇന്ത്യയിൽ നിന്നുള്ള കേരോത്പന്നങ്ങളുടെ കയറ്റുമതി മൂല്യം 20453 ദശലക്ഷം രൂപയായിരുന്നു. ഇത് 2017-18 നേക്കാൾ ഏതാണ്ട് 16% കൂടുതലായിരുന്നു.

ഇന്ത്യയിലെ ബഹുഭൂരിഭാഗം തെങ്ങിൻ തോട്ടങ്ങളും വിസ്തൃതി കുറഞ്ഞ ചെറുകിടപരിമിത കൃഷിയിടങ്ങളാണ്. വിഭവപരിമിതി മൂലം ബുദ്ധിമുട്ട് നേരിടുന്ന ഇത്തരം ചെറിയ കൃഷിയിടങ്ങളിൽ തെങ്ങുകൃഷിയിൽ കൂടുതൽ ഉത്പാദനക്ഷമത കൈവരിക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിലൂടെ സുസ്ഥിര കേരവികസനം സാധ്യമാക്കുക എന്നതാണ് ഇന്ത്യയിലെ തെങ്ങുകൃഷി മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. മാത്രമല്ല, ഇന്ത്യയെ ആഗോളതലത്തിൽ കേരോത്പാദന മേഖലയിൽ കൂടുതൽ മത്സരക്ഷമമാക്കുകയും വേണം. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി വിവിധ ഏജൻസികൾ



അനുയോജ്യമായ കേരവികസന നയങ്ങൾ രൂപീകരിക്കുകയും വികസന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് കോവിഡ്-19 മഹാമാരി തെങ്ങുകൃഷി മേഖലയിൽ ഏൽപ്പിക്കുന്ന ആഘാതത്തിൽ നിന്നു കരകയറുന്നതിനുള്ള തന്ത്രങ്ങളും സമീപനങ്ങളും എങ്ങനെയായിരിക്കണമെന്നതിനെ കുറിച്ചു ചർച്ച നടത്തേണ്ടി വരുന്നത്. കോവിഡ്-19 ന്റെ വ്യാപനവും തുടർന്നുള്ള അടച്ചിടൽ സാഹചര്യവും തെങ്ങുകൃഷിയുടെ വിവിധ മേഖലകളിൽ ദോഷകരമായ ആഘാതമേൽപ്പിക്കുന്നുണ്ട്.

കോവിഡ് വ്യാപനവും തുടർന്നുള്ള അടച്ചിടൽ സാഹചര്യവും മൂലം തെങ്ങുകൃഷി മേഖലയിലെ ദോഷകരമായി ബാധിച്ചിട്ടുള്ള പ്രധാന പ്രവർത്തനം തെങ്ങിൻ തൈ ഉല്പാദനമാണ്. വിത്തുതേങ്ങയുടെ വിളവെടുപ്പും, സംഭരണവും, സങ്കരയിനം തെങ്ങിൻ തൈ ഉല്പാദനത്തിനായുള്ള കൃത്രിമ പരാഗണ പ്രവർത്തനങ്ങളും ഒക്കെ സാധാരണയായി നവംബർ മുതൽ മെയ് വരെയുള്ള നാളുകളിലാണ് നടത്തുന്നത്. കോവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിൽ വിദഗ്ധതൊഴിലാളികളുടെ സേവനം കിട്ടാതെ ഈ പ്രവർത്തനങ്ങൾ കുറെ നാളുകളിൽ തടസ്സപ്പെട്ടു. അതുകൊണ്ട് അടുത്ത വർഷം, അതായത് 2021 ൽ, തെങ്ങിൻ തൈ ലഭ്യതയിൽ, പ്രത്യേകിച്ച് സങ്കരയിനം തൈകളുടെ ലഭ്യതയിൽ, ഗണ്യമായ കുറവുണ്ടാകാനിടയുണ്ട്.

തൊഴിലാളികളുടെ സേവനം ലഭ്യമല്ലാതായതോടെ അടച്ചിടൽ നാളുകളിൽ തെങ്ങുകൃഷിയിൽ ജലസേചനം, കീടരോഗനിയന്ത്രണം തുടങ്ങിയ വിള പരിപാലനമുറകളും വിളവെടുപ്പും അനുവർത്തിക്കുന്നത് തടസ്സപ്പെടുകയുണ്ടായി. അന്യസംസ്ഥാന തൊഴിലാളികളെ ആശ്രയിച്ച് തേങ്ങ പറിച്ചിരുന്ന ചില പ്രദേശങ്ങളിലെ തോട്ടങ്ങളിൽ, അവർ മടങ്ങിപ്പോയതോടെ കേരകർഷകർ ബുദ്ധിമുട്ടിലായ വാർത്തകളുമുണ്ട്. വിള പരിപാലനത്തിലെ അപര്യാപ്തത ചെറിയ തോതിലുള്ള വിളനഷ്ടത്തിന് കാരണമാകുമെന്ന് കണക്കാക്കിയാൽ തന്നെ തെങ്ങുകൃഷിയിൽ ചുരുങ്ങിയത് ഒരു ശതമാനം സാമ്പത്തിക നഷ്ടം സംഭവിക്കുമെന്നാണ് കണക്കു കൂട്ടൽ.

കോവിഡ്-19 ന്റെ വ്യാപനവും തുടർന്നുള്ള അടച്ചിടലും മൂലം ഇളനീർ വിളവെടുപ്പിന്റെ പ്രധാന സീസണിലെ (മാർച്ച് - മെയ്) പ്രവർത്തനങ്ങൾ തടസ്സപ്പെടുകയുണ്ടായി. ഇതുമൂലം ഇളനീർ വില്പനയിൽ ഏകദേശം 15 ശതമാനം കുറവുണ്ടായിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

നീര ഉല്പാദനത്തിനും വിപണനത്തിനുമായി കേര കർഷക കൂട്ടായ്മകളുടെ നേതൃത്വത്തിൽ വിവിധ സംസ്ഥാനങ്ങളിലായി പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കുണ്ടായ തടസ്സം കേര മേഖലയിൽ സാമ്പത്തിക നഷ്ടത്തിനിടയാക്കിയിട്ടുണ്ട്.

തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട് കേരളത്തിൽ നിലനിൽക്കുന്ന പരമ്പരാഗത മേഖലയായ കള്ള് ചെത്ത് ഏതാണ്ട് പൂർണ്ണമായും സ്തംഭിക്കുന്ന സാഹചര്യമാണുണ്ടായത്. കേരള സംസ്ഥാന ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലായി മുപ്പതിനായിരത്തോളം തൊഴിലാളികളാണുള്ളത്; 28000 ചെത്ത് തൊഴിലാളികളും രണ്ടായിരത്തോളം അനുബന്ധ തൊഴിലാളികളും. അടച്ചിടൽ കാരണം കള്ള് ചെത്ത് മേഖലയിൽ കോടികളുടെ സാമ്പത്തിക നഷ്ടമുണ്ടാവുകയും മേൽപറഞ്ഞതൊഴിലാളികൾക്കൊക്കെ തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയുമുണ്ടായി. ലോക്ഡൗണിനു ശേഷം തുറന്നപ്പോൾ ആവശ്യമായ കള്ള് കിട്ടാതിരുന്ന സംസ്ഥാനത്തെ ഷാപ്പുകൾ ഒരു മാസം പിന്നിട്ടിട്ടും കള്ളു വാങ്ങാൻ ആളില്ലാതെ കടുത്ത പ്രതിസന്ധിയിലേക്ക് നീങ്ങുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. വില്പനയക്കെത്തിക്കുന്ന കള്ളിൽ 20 ശതമാനം പോലും ഷാപ്പിൽ വിറ്റുപോകാത്ത സ്ഥിതിയുണ്ടെന്ന് പറയപ്പെടുന്നു. പാലക്കാട് ജില്ലയിലെ തെങ്ങിൻ തോട്ടങ്ങളിൽ നിന്നും ഒന്നരലക്ഷം ലിറ്റർ കള്ള് മറ്റ് ജില്ലയിലേക്ക് കൊണ്ടുപോകുന്നതായാണ് പെർമിറ്റ് കണക്കെങ്കിലും ഉത്പാദനം ഇപ്പോൾ അരലക്ഷം ലിറ്ററിലും താഴെയാണ്.

കോവിഡ്-19 വ്യാപനവും തുടർന്നുള്ള അടച്ചിടലും കാരണം കേരോത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്ന സംരംഭങ്ങളും ഫാക്ടറികളും തുറന്നു പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. വെളിച്ചെണ്ണ, തൂൾതേങ്ങ, വെർജിൻ വെളിച്ചെണ്ണ തുടങ്ങിയ പ്രധാന കേരോത്പന്നങ്ങളെയും മറ്റ് നിരവധി ഉത്പന്നങ്ങളെയും അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങളും ഫാക്ടറികളും അടച്ചിടേണ്ടി വന്നതുകൊണ്ട് കോടികളുടെ സാമ്പത്തിക നഷ്ടമുണ്ടായി. കുറഞ്ഞ വിലയ്ക്ക് ശ്രീലങ്കയിൽ നിന്നുമുള്ള ഇറക്കുമതി കാരണം ഇവിടെയുള്ള തൂൾതേങ്ങ നിർമ്മാണ സംരംഭങ്ങൾ വലിയ വെല്ലുവിളി നേരിടുകയും ചെറിയ യൂണിറ്റുകൾ പലതും അടയ്ക്കേണ്ടി വരികയും ചെയ്യുന്ന സാഹചര്യം നിലനില്ക്കുന്നതിനിടയ്ക്കാണ് കോവിഡ് വ്യാപനവും തുടർന്നുള്ള അടച്ചിടലും മൂലമുള്ള പുതിയ പ്രതിസന്ധി ഉടലെടുത്തത്. അതുപോലെ കയർ മേഖലയിലും കോവിഡ്-19 വ്യാപനവും അടച്ചിടലും വൻതോതിലുള്ള സാമ്പത്തിക നഷ്ടത്തിനിടയാക്കിയിട്ടുണ്ട്.

ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന ഇളനീർ സംസ്കരണ യൂണിറ്റുകൾക്ക് പ്രവർത്തനാനുമതി ലഭ്യമായിട്ടുണ്ടെങ്കിലും തൊഴിലാളികളുടെ ലഭ്യതക്കുറവും ചരക്കുവാഹനങ്ങളുടെ നീക്കം തടസ്സപ്പെടുന്നതുകൊണ്ടും യൂണിറ്റുകളുടെ പ്രവർത്തനം കാര്യമായി തുടങ്ങിയിട്ടില്ല. അതുപോലെ പ്രധാന വിപണന കേന്ദ്രമായ ഡൽഹി, മുംബൈ എന്നിവിടങ്ങളിലേക്കും മറ്റു ഉത്തരേന്ത്യൻ നഗരങ്ങളിലേക്കും ഇളനീർ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സാധാരണ ഗതിയിലായിട്ടില്ല.

കോവിഡ്-19 വ്യാപനവും അടച്ചിടലും മൂലം കേരോത്പന്നങ്ങളുടെ കയറ്റുമതി വരുമാനത്തിൽ ഏതാണ്ട് 16 ശതമാനത്തോളം കുറവുണ്ടാകുമെന്ന് കണാക്കാക്കുന്നു.

## കോവിഡ്-19 പശ്ചാത്തലവും നാളികേര മേഖലയും

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ തെങ്ങുകൃഷിമേഖല നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിനും സുസ്ഥിര കേര വികസനം സാദ്ധ്യമാക്കുന്നതിനുമായി ഒട്ടേറെ ഇടപെടലുകൾ ആവശ്യമാണ്. ഇതിനുള്ള ചില സാദ്ധ്യതകൾ താഴെ ചേർക്കുന്നു.

- നാളികേര മൂല്യശൃംഖലയെ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായി ഇ-വിപണന പ്ലാറ്റ്ഫോമുകൾ ശക്തിപ്പെടുത്തി ഉത്പാദകരും ഉപഭോക്താക്കളും തമ്മിൽ വെർച്ചൽ (virtual) മുഖാമുഖം സാദ്ധ്യമാക്കുകയും കൃത്യമായ വിപണി വിവരങ്ങൾ ലഭ്യമാക്കുകയും വേണം.



ളും മറ്റും സംഘടിക്കുന്നതിന് കോവിഡ് വ്യാപനത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ സാദ്ധ്യതകളില്ല. ഓൺലൈൻ പരിശീലനവും, വെബിനാറും ഒക്കെയാവും കൂടുതൽ പ്രസക്തം. കേര ഗവേഷകരും വിജ്ഞാനവ്യാപന -വികസന ഉദ്യോഗസ്ഥരും കേരകർഷകരും സംരംഭകരും തുടങ്ങി വിവിധ വിഭാഗങ്ങളിലുള്ളവരുടെ മുഖാമുഖം പരിപാടികൾ ഓൺലൈൻ ആയി സംഘടിപ്പിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം.

● നാളികേര മേഖലയിൽ നിലനില്ക്കുന്ന വിവിധ മൂല്യ ശൃംഖലകൾ വിലയിരുത്തുകയും അവയുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും കൂടുതൽ ഫലസിദ്ധിയുള്ളവയെ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. തൂൾതേങ്ങ ഉത്പാദിപ്പിച്ച് വിപണനം നടത്തുന്ന മൂല്യ ശൃംഖല ഇത്തരത്തിലുള്ള മൂല്യശൃംഖലയ്ക്ക് ഉദാഹരണമാണ്. കഴിഞ്ഞ അഞ്ചു വർഷത്തെ തൂൾ തേങ്ങയുടെ കയറ്റുമതി വളർച്ച 26 ശതമാനത്തോളമാണ്. യൂറോപ്യൻ രാജ്യങ്ങളും അമേരിക്കയുമാണ് പ്രധാനമായി തൂൾതേങ്ങ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾ; ലോകത്താകെ ഇറക്കുമതി ചെയ്യപ്പെടുന്ന തൂൾതേങ്ങയുടെ 72 ശതമാനം ഇറക്കുമതിയും ഈ രാജ്യങ്ങളിലേക്കാണ്. കർശനമായ ഭക്ഷ്യസുരക്ഷാനിയമങ്ങൾ നിലനില്ക്കുന്ന ഈ രാജ്യങ്ങളിലേക്ക് തൂൾതേങ്ങ കയറ്റുമതിയിൽ മുൻനിര രാജ്യങ്ങളായ ഫിലിപ്പൈൻസ്, ഇന്തോനേഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള തൂൾതേങ്ങ കയറ്റുമതി ലോഡുകൾ തിരസ്കരിക്കപ്പെട്ടതിന്റെ തോത് യഥാക്രമം 32 ശതമാനവും 28 ശതമാനവുമാണ്. ഈ സാഹചര്യം ഒരു അവസരമായി എടുത്ത് ഗുണമേന്മയും കർശനമായ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചും കൊണ്ട് യൂറോപ്പിലേക്കും അമേരിക്കയിലേക്കുമുള്ള തൂൾതേങ്ങയുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ ഇന്ത്യക്കു കഴിയും. അതുപോലെ മറ്റു മൂല്യവർദ്ധിത കേരോല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും സാദ്ധ്യതയുണ്ട്.

● തെങ്ങിൻ തോട്ടങ്ങളിൽ കൃത്രിമ ബുദ്ധി (Artificial Intelligence) അടിസ്ഥാനമാക്കി പ്രവർത്തിപ്പിക്കാവുന്ന ഓട്ടോമാറ്റിക്ക് ജലസേചന/ ഫെർട്ടിഗേഷൻ സംവിധാനം ഡിസൈൻ ചെയ്ത് നടപ്പിലാക്കുന്നത്, ആവശ്യത്തിന് തൊഴിലാളികളെ കിട്ടാനില്ലാത്ത സാഹചര്യത്തിൽ അനുയോജ്യമാണ്. മനുഷ്യന്റെ ഇടപെടൽ വളരെ കുറച്ചു മാത്രം വേണ്ടി വരുന്ന അത്തരം സങ്കേതങ്ങൾ കോവിഡ് വ്യാപനത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്. അതുപോലെ റോബോട്ടുകളും യു.എ.വി (Unmanned Aerial Vehicles) കളും ഉൾപ്പെടുന്ന കൃത്രിമബുദ്ധി ആപ്ലിക്കേഷനുകൾ വികസിപ്പിച്ചെടുത്ത് കീടരോഗനിർണ്ണയം, വിളവെടുപ്പ്, വിളപരിപാലനം, എന്നിവയ്ക്കുപയുക്തമാക്കുന്നതിനും സാദ്ധ്യതകളുണ്ട്.

● കർഷകർക്കും സംരംഭകർക്കും മറ്റു വിഭാഗങ്ങളിൽപ്പെടുന്നവർക്കും വേണ്ടിയുള്ള വിവിധ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ആധുനിക ഇന്റർനെറ്റ് സങ്കേതങ്ങളും മൊബൈൽ ഫോൺ ആപ്ലിക്കേഷനുകളും പ്രയോജനപ്പെടുത്തണം. പരമ്പരാഗത രീതിയിലുള്ള പരിശീലന പരിപാടികളും സെമിനാറുകളും കിസാൻമേളക



● തെങ്ങിൻ തൈ ഉത്പാദനവും വിപണനവും, ജൈവവളവും മറ്റ് ഉല്പാദനോപാധികളും തയ്യാറാക്കി വിപണനം നടത്തൽ, കുമ്മായം, രാസവളം, ഇടവിളകളുടെ നടീൽ വസ്തുക്കൾ എന്നിവ ഒരുമിച്ച് വാങ്ങി കൃഷിയിടങ്ങളിൽ എത്തിക്കൽ, കീടരോഗബാധയ്ക്ക് എതിരെയുള്ള സസ്യസംരക്ഷണ നടപടികൾ അനുവർത്തിക്കൽ, മൂല്യവർദ്ധിത കേരോല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രാദേശികതലങ്ങളിൽ പ്രവർത്തിക്കുന്ന കർഷകകൂട്ടായ്മകളിലൂടെ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് അവയെ ശക്തിപ്പെടുത്തണം. കർഷകകൂട്ടായ്മകളുടെ ഫലപ്രദമായ പ്രവർത്തനത്തിനും അവയുടെ ഏകോപനത്തിനുമായി ഇന്റർനെറ്റ് സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിയുള്ള മുഖാമുഖം സാദ്ധ്യമാക്കണം.

● വിപുലമായ കൂടിച്ചേരലുകൾ സംഘടിപ്പിക്കുന്നത് ഒഴിവാക്കുക തന്നെ വേണം. ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ കർഷകരുടെയും മറ്റും ചെറിയ രീതിയിലുള്ള കൂടിച്ചേരലുകൾ നടക്കുമ്പോഴാകട്ടെ മുഖാവരണം ധരിക്കൽ, സാനിറ്റൈസർ ഉപയോഗിച്ച് കൈ കഴുകൽ, സാമൂഹിക അകലംപാലിക്കൽ തുടങ്ങി കോവിഡ് പ്രതിരോധത്തിനായി നിർദ്ദേശിച്ചിട്ടുള്ള നടപടികൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും വേണം.

● കേരോല്പാദന, സംസ്കരണ മേഖലയിലെ ഉല്പാദനക്ഷമതയും കാര്യക്ഷമതയും നിർണ്ണയിക്കുന്നതിൽ തൊഴിലാളികളുടെ വൈദഗ്ധ്യവും കാര്യപ്രാപ്തിയും പ്രധാന ഘടകമാണ്. അവരുടെ നൈപുണ്യവികസനം ലക്ഷ്യമാക്കിയുള്ള പരിശീലന പരിപാടികളിൽ സാങ്കേതിക വിഷയങ്ങൾക്കൊപ്പം ജോലിസ്ഥലത്തും വാസസ്ഥലത്തും വ്യക്തിശുചിത്വം പരിപാലിക്കുന്നതിനെക്കുറിച്ചുള്ള ബോധവല്ക്കരണത്തിനും പ്രാധാന്യം നല്കേണ്ടതുണ്ട്. ഇടക്കിടെയുള്ള ഹെൽത്ത് ചെക്കപ്പും



തൊഴിലാളികൾക്ക് വേണ്ടി നടത്തണം. തൊഴിലാളികൾ ഉപയോഗിക്കുന്നതും ഇടപഴകുന്നതുമായ യന്ത്രോപകരണങ്ങൾ കൃത്യമായി അണുവിമുക്തമാക്കുകയും വേണം.

● സുസ്ഥിര കേരവികസനത്തിനായുള്ള പ്രാദേശിക തലത്തിലെ ഇടപെടലുകളുടെ ഭാഗമായി സഞ്ചരിക്കുന്ന മണ്ണു-പരിശോധനാ, സസ്യ പരിശോധനാ സംവിധാനങ്ങൾ തെങ്ങിൻ തോപ്പുകളിലെത്തിച്ച് കീടരോഗ നിർണ്ണയത്തിനും, മണ്ണിലെ പോഷകനിലവാര നിർണ്ണയത്തിനും ഉപയോഗപ്പെടുത്തുകയും ഫലപ്രദമായ വളപ്രയോഗത്തിനും കീടരോഗനിയന്ത്രണത്തിനുമുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ വളങ്ങളും സസ്യസംരക്ഷണ ഉപാധികളും ലഭ്യമാക്കുകയും ചെയ്യുന്നതുവഴി കേരോൽപ്പാദന മേഖല കാര്യക്ഷമമാക്കുന്നതിന് ഏറെ സാദ്ധ്യതകളുണ്ട്.

● കോവിഡാനന്തര കാലത്ത് പ്രധാന കേരോത്പാദന രാഷ്ട്രങ്ങൾക്കിടയിൽ മെച്ചപ്പെട്ട വാണിജ്യ സഹകരണമുറപ്പാക്കുന്ന സാഹചര്യം ഉണ്ടാവണം. ഇതിനായുള്ള വാണിജ്യ കരാറുകളിലെ നിബന്ധനകൾ സഹകരണത്തിലേർപ്പെടുന്ന എല്ലാ അംഗരാഷ്ട്രങ്ങൾക്കും ഒരേപോലെ ഗുണപ്രദമാകുന്ന വിധത്തിലാകണം. കരാറിലേർപ്പെടുന്ന എല്ലാ രാജ്യങ്ങളിലേയും വിവിധ കേരോൽപ്പന്നങ്ങളുടെ താരിഫ് നിരക്കുകൾ കൃത്യമായി വിശകലനം ചെയ്യുകയും താരിഫ് നിരക്കുകൾ കുറയുന്നതിനായി പക്ഷപാതമില്ലാത്ത രീതിയിലുള്ള നിർദ്ദേശങ്ങൾ അംഗരാഷ്ട്രങ്ങൾ കൂട്ടായി ചർച്ചചെയ്ത് ഉരുത്തിരിച്ചെടുക്കുകയും വേണം.

### ഉപസംഹാരം

എല്ലാ മേഖലകളിലുമെന്ന പോലെ തെങ്ങുകൃഷി മേഖലയിലും കോവിഡ് 19 എന്ന മഹാമാരി ഒരിക്കലും പ്രതീക്ഷിക്കാത്ത രീതിയിലുള്ള ആഘാതമാണ് ഏൽപ്പിക്കുന്നത്. കേവലം ആരോഗ്യപ്രശ്നം എന്നതിലുപരി ജനങ്ങളുടെ ഉപജീവനത്തെ നിർണ്ണയിക്കുന്ന എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളെയും ഇത് സ്വാധീനിക്കും. ഇന്ത്യയിൽ തെങ്ങുകൃഷി മേഖലയെ പ്രത്യക്ഷമായോ, പരോക്ഷമായോ ഉപജീവനത്തിനായി ആശ്രയിക്കുന്ന ദശലക്ഷക്കണക്കിന് കുടുംബങ്ങളുണ്ട്. അതുകൊണ്ടുതന്നെ കോവിഡ്-19നെതിരായ പ്രവർത്തനങ്ങളിൽ ഒത്തൊരുമയോടെ പങ്കാളികളാവുന്നതോടൊപ്പം സുസ്ഥിര കേരവികസനം ലക്ഷ്യം വെച്ചുള്ള ഇടപെടലുകളിലും കേരകർഷകരും സംരംഭകരും തൊഴിലാളികളും നാളികേരമൂല്യ ശൃംഖലകളുമായി ബന്ധപ്പെടുന്ന എല്ലാ വിഭാഗം ആളുകളും ഏകോപിത രീതിയിൽ ഫലപ്രദമായി പങ്കെടുക്കണം.

*ഫോൺ: 9446169695*


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇന്ത്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | 60 രൂ. | 1600 രൂ. |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | 200 രൂ. | 5000 രൂ. |
| 2. **ഇന്ത്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | 40 രൂ. | 1000 രൂ. |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | 40 രൂ. | 1000 രൂ. |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | 40 രൂ. | 1000 രൂ. |
| 5. **ഇന്തിയ തെന്നൈ ഇതഴ്** (ത്രൈമാസികം - തമിഴ്) | 40 രൂ. | 1000 രൂ. |

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

**വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം**

*കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.*

**ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.**

# സ്വയം പര്യാപ്തതയ്ക്ക് തെങ്ങു തന്നെ തുണ

**രമണി ഗോപാലകൃഷ്ണൻ,**
സിഇഒ, ഓണാട്ടുകര നാളികേര ഉൽപാദക കമ്പനി കറ്റാനം, ആലപ്പുഴ

നടുവൊടിഞ്ഞ സമ്പദ് വ്യവസ്ഥയിൽ നിന്നു കരകയറി അതിജീവനത്തിന്റെ പാത വെട്ടി തെളിക്കാനുള്ള തത്രപ്പാടിലാണ് നാമിന്ന്. അതിജീവനത്തിനുള്ള മാർഗ്ഗങ്ങൾ പലതും മിന്നി മറയുമ്പോൾ ഏറ്റവും പ്രായോഗികവും ഏവർക്കും സ്വീകാര്യവും കൃഷി തന്നെയാണ്.

സ്വാശ്രയത്വവും സ്വയം പര്യാപ്തതയും ശീലിക്കേണ്ടതിന്റെ ആവശ്യകതയാണ് കോവിഡ് കാലം നമ്മെ പഠിപ്പിച്ചത് എന്നത്രെ പ്രധാനമന്ത്രി രാജ്യത്തെ ഓർമ്മിപ്പിച്ചത്. എന്നാൽ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കാതെ പച്ചക്കറി ഉത്പാദനത്തിലെങ്കിലും സ്വാശ്രയത്വം കൈവരിക്കണമെന്ന് നമുക്കു കോവിഡിനു മുൻപേ തോന്നിതുടങ്ങിയിരുന്നു. സംസ്ഥാന കൃഷി വകുപ്പും ബഹു. കൃഷി മന്ത്രിയും ഈ ദിശയ്ക്ക് കാര്യങ്ങൾ നീക്കി തുടങ്ങിയിരുന്നു. എന്നാൽ ഇപ്പോൾ കോവിഡാനന്തര കേരളം എങ്ങനെ എന്ന കൂടിയാലോചനകൾക്കും ചർച്ചയ്ക്കുമിടയിൽ ഉയർന്നു വരുന്നത് കാർഷിക കേരളത്തിന്റെ സ്വപ്നങ്ങളും അവ പൂവണിയുന്നതിനുള്ള മാർഗ്ഗ രേഖകളുമാണ്. ഈ യത്നത്തിന് പിന്നിൽ സംഘടിതവും ക്രമവുമായ പ്ലാനിംഗുണ്ട്. അതിനു ചുക്കാൻ പിടിക്കുന്ന കൃഷി വകുപ്പും, അവരുടെ കീഴിൽ അണിനിരക്കുന്ന അനുബന്ധ ഏജൻസികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കർഷകകൂട്ടായ്മകൾ എന്നിവരേയും കാണാം. ഈ കാഴ്ച ആശാവഹമെന്നല്ല, ആശ്വാസത്തിന്റെ കുളിർമഴ പെയ്യിക്കലാണ്. ഈ സങ്കീർണ്ണ സാഹചര്യത്തിലും, ഭക്ഷ്യധാന്യത്തിന്റെ കാര്യത്തിൽ രാജ്യത്ത് അല്പം പോലും ആശങ്കയ്ക്ക് വകയില്ലെന്നാണ് ബന്ധപ്പെട്ടവരുടെ വെളിപ്പെടുത്തൽ. എന്നാൽ പ്രതികൂല സാഹചര്യമുണ്ടായാൽ കേരളത്തിന് മാത്രമല്ല, രാജ്യത്തിനു മുഴുവനും ഭക്ഷ്യ വസ്തുക്കളുടെ ക്ഷാമമുണ്ടാകുമെന്നും കണക്കു കൂട്ടുന്നു. അതായത്, സാമ്പത്തിക



**കഴിഞ്ഞ രണ്ടു പ്രളയങ്ങളെയും ചുഴലിക്കൊടുങ്കാറ്റുകളെയും അതിജീവിച്ച കേരളത്തിലെ ഏകവൃക്ഷം തെങ്ങാണ്. അതിനാൽ തെങ്ങിനെ കൈവിടാതെ ജീവിതത്തോടു ചേർത്തുനിർത്താം**



2018 വെള്ളപ്പൊക്കം

മേഖല കരകയറണമെങ്കിൽ കൃഷിക്കു തന്നെയാകണം മുൻതൂക്കം നൽകേണ്ടത് എന്ന തിരിച്ചറിവാണ് നമുക്കുണ്ടാകേണ്ടത്.

ഒരു സുപ്രഭാതത്തിൽ എല്ലാ അർത്ഥത്തിലും സമ്പന്നമായ കാർഷിക കേരളം കെട്ടിപ്പടുക്കാമെന്ന് ആർക്കും ആശിക്കാനാവില്ല. കാർഷികാവശ്യങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുങ്ങണം. വിത്തും, വളവും ലഭ്യമാക്കണം, നടീൽ പരിചരണ മുറകൾ ജലസേചനം എന്നിവയോടൊപ്പം സംഭരണ കേന്ദ്രം, ശീതീകരണ സൗകര്യങ്ങൾ എന്നിവയും പരമപ്രധാനം. ഈ പശ്ചാത്തലത്തിൽ കേരളത്തിന് കേരളീയർക്ക്, കരഗതമായ ഒരു വിളയുണ്ട്. കൽപവൃക്ഷമായ തെങ്ങ്. സ്വയം പര്യാപ്ത കാർഷിക കേരളത്തിന് ലക്ഷ്യം വയ്ക്കുമ്പോൾ അടിസ്ഥാന വിളയെന്ന നിലയ്ക്കും മുഖ്യ വിളയെന്ന നിലയ്ക്കും തെങ്ങിനെപ്പോലെ അനുയോജ്യമായ മറ്റൊരു വിളയില്ലെന്ന് കേരള ജനതയെ പഠിപ്പിക്കേണ്ടതില്ല.

ആഹാരവും ഔഷധവുമായി നമ്മോടൊപ്പം നൂറ്റാണ്ടുകളായി ഒത്തു പോകുന്ന തെങ്ങ് ഈ പ്രതിസന്ധി ഘട്ടത്തിലും നമുക്കു പ്രത്യാശയ്ക്കു വക നൽകുന്നു. കാർഷിക മേഖലയ്ക്കും അതുവഴി ഭക്ഷ്യ ഭദ്രതയ്ക്കും ഗവൺമെന്റ് ഊന്നൽ നൽകുന്നത് ചുരുങ്ങിയ കാലളവിൽ സ്വയം പര്യാപ്തത ലക്ഷ്യമാക്കിയാണ്. തെങ്ങിനെ സംബന്ധിച്ചിടത്തോളം തൈ നട്ട് 8-ഉം 10-ഉം വർഷങ്ങൾ കാത്തിരിക്കേണ്ട കാലതാമസവും ഒരു പരിധി വരെ നമ്മൾ തരണം ചെയ്തു. 3-4 വർഷത്തിനുള്ളിൽ കായ്ഫലം തരുന്ന സങ്കരയിനങ്ങളും, കുറിയ ഇനങ്ങളും ഇപ്പോൾ ലഭ്യമാണ്. എല്ലാവർക്കും ഭക്ഷണമെന്ന മുദ്രാവാക്യവും നമ്മുടെ മുന്നിലുണ്ട്.

ഈ ലക്ഷ്യവുമായി മുന്നേറുമ്പോൾ സ്ഥായിയായ വരുമാനവും അനുദിന ഭക്ഷണവും പ്രദാനം ചെയ്യുന്ന പരിസ്ഥിതി സൗഹൃദ വിളകളിലേക്കായിരിക്കും കണ്ണെത്തുക. പരിസ്ഥിതിയേയും പ്രകൃതിയേയും, പരിരക്ഷിക്കുകയും നമ്മുടെ തീരമേഖലയെ ഒരു പരിധി വരെ സംരക്ഷിക്കുകയും ചെയ്യുന്ന തെങ്ങ്, പ്രകൃതി സംരക്ഷണത്തിന് ഏറ്റവും പറ്റിയ വിളയാണ്. 2006 ലെ സുനാമിയിലും 2018 ലേയും 2019 ലേയും വെള്ളപ്പൊക്കത്തിലും ഏറ്റവുമൊടുവിൽ 2020 ലെ ഉംപോണിലും നാം കണ്ടത് അതാണ്. കെട്ടിടങ്ങളും മരങ്ങളും കടപുഴകി അങ്ങേയറ്റം വിനാശകരമായ സാഹചര്യമുണ്ടായപ്പോഴും താരതമ്യേന അതിജീവനത്തിന്റെ കരുത്തു കാട്ടിയത് തെങ്ങുകളാണ്. ഇവിടെ Survival of the fittest/strongest ആണ് നാം കണ്ടത്.

ഭക്ഷ്യ വിളയെന്ന നിലയ്ക്ക് തെങ്ങിനു പ്രാധാന്യമേറിയത് ഈ അടുത്ത കാലത്താണ്. തേങ്ങയിൽ നിന്നും നിരവധി മൂല്യ വർദ്ധിത ഉൽപന്നങ്ങളും നല്ല പോഷക പാനീയമായ കരിക്കിൻ വെള്ളവും, കൽപ വൃക്ഷത്തിനു നൽകുന്ന ഈ വിശേഷണത്തിന് അടിവരയിടുന്നു. വിറ്റാമിനുകളാലും ധാതുക്കളാലും സമ്പന്നമായ കരിക്കിൻ വെള്ളത്തിനു പകരം വയ്ക്കാൻ മറ്റൊരു പ്രകൃതിദത്ത പാനീയവും ലോകത്തിൽ ലഭ്യമല്ല. കൊഴുപ്പു തീരെയില്ലാത്ത പോഷക സമൃദ്ധമായ ഇളം കരിക്കിൻ കാമ്പും എത്ര സ്വാദിഷ്ഠമാണ്! തേങ്ങയിലെ കൊഴുപ്പിന്റെ അളവ് അധികരിച്ച് 44 ശതമാനത്തോളമെത്തുന്നത് 10 മാസം മൂപ്പെത്തിക്കഴിയുമ്പോഴാണ്. ഇളം കരിക്കിൽ കൊഴുപ്പിന്റെ അളവ് 14 ശതമാനത്തിലും താഴെയാണ്.

നാളികേരം ഉണങ്ങി കൊപ്രയാക്കി ആട്ടിയെടുക്കുന്ന വെളിച്ചെണ്ണ എണ്ണകളുടെ രാജാവാണ്. ഒരു പൂരിത കൊഴുപ്പായിരുന്നിട്ടും കാർബൺ ചെയിനുകളുടെ സവിശേഷതകളാൽ ഗുണമേന്മയിൽ മെച്ചപ്പെട്ടു നിൽക്കുന്നു വെളിച്ചെണ്ണ. ലാറിക്



2020 ഉംപോൺ



2019 വെള്ളപ്പൊക്കം



തെങ്ങിനൊപ്പം ഇടവിളകൃഷി

അല്ലത്താൽ സമ്പന്നമായ വെളിച്ചെണ്ണയെ മുലപ്പാലിനോടാണല്ലോ ഉപമിക്കുന്നത്. പക്ഷേ മായം കലരാത്ത ശുദ്ധമായ വെളിച്ചെണ്ണയ്ക്കാണ് ഈ വിശേഷണങ്ങൾക്ക് അർഹതയുള്ളത്.

ഇന്ന് കലർപ്പില്ലാത്ത പാചക എണ്ണ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ജനങ്ങൾ അറിഞ്ഞു വരുന്നു. ഈ കോവിഡ് കാലത്തിനു മുൻപ് തന്നെ വർദ്ധിച്ചു വന്നിരുന്ന കാൻസർ, ആരോഗ്യ രംഗത്തെ ആകുലപ്പെടുത്തുന്നതായിരുന്നു. കുടൽ, ആമാശയം, വൻകുടൽ എന്നിവിടങ്ങളിലെ അർബുദം വിരൽ ചൂണ്ടുന്നത്, ഭക്ഷണത്തോടൊപ്പം മാരകമായ വിഷാംശങ്ങളും ഉള്ളിൽ കയറിപ്പറ്റുന്നുവെന്നാണല്ലോ! ഇതിൽ മുഖ്യൻ പാചകയെണ്ണയാണ്. വില കുറവിന്റെ പേരും പറഞ്ഞ് ഗുണമേന്മയുടെ പ്രാധാന്യം നിരാകരിക്കുന്ന ലാഭ മോഹികളായ കച്ചവടക്കാർ ചെയ്യുന്ന സാമൂഹ്യ ദ്രോഹം ചെറുതല്ല. തിരിച്ചറിവിലൂടെ മാത്രമേ ഉപഭോക്താവിന് ഈ വിപത്തിൽ നിന്നും രക്ഷപ്പെടാനാവൂ.

വെളിച്ചെണ്ണയുടെ നേരിയ വിലവർദ്ധനവാണ് കച്ചവടക്കാർ മുതലെടുക്കുന്നത്. വിലവർദ്ധന നാളികേരത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ടു കിടക്കുന്നു. സ്ഥിതി വിവരക്കണക്കു പ്രകാരം ഇന്ന് തെങ്ങു കൃഷിയുടെ വിസ്തൃതി കൂടുന്നുണ്ടെങ്കിലും വെളിച്ചെണ്ണ ഉത്പാദകരും മൂല്യ വർദ്ധന ഉൽപന്ന നിർമ്മാണ കേന്ദ്രങ്ങളും തേങ്ങയുടെ അഭാവം നേരിടുകയാണ്. നാളികേരമൊന്നിന് 35-ഉം 40-ഉം രൂപയും, കിലോയ്ക്ക് 50-55 രൂപ വരെയും നിലനിൽക്കുന്നുണ്ട്. വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾക്ക് എഫ്.എ.ക്യു കൊപ്ര ലഭിക്കുന്നത് കിലോയ്ക്ക് 120 രൂപയ്ക്കാണ്. (ഫെയർ ആവറേജ് ക്വാളിറ്റി)

ഒരു ലിറ്റർ ശുദ്ധമായ വെളിച്ചെണ്ണ പായ്ക്ക് ചെയ്ത് വിപണിയിലിറക്കാൻ 200 രൂപയിൽ കുറച്ചു സാധ്യമല്ല. ഇതിന്റെ മുഖ്യ ഗുണഭോക്താക്കൾ നാളികേര കർഷകർ തന്നെ. നാളികേരത്തിന് നാളെയുണ്ടാകാവുന്ന വൻ ആവശ്യകതയെ ഓർമ്മിപ്പിക്കാനാണ് ഇതിവിടെ സൂചിപ്പിച്ചത്. വർദ്ധിച്ചു വരുന്ന ഈ ഡിമാന്റ് കേര കർഷകർ മുന്നിൽ കാണണം.

നമ്മുടെ ഓരോ കൃഷി ഭൂമിയിലും സ്വയം പര്യാപ്ത പരിഹാര മാർഗ്ഗങ്ങൾ ഒളിഞ്ഞിരിക്കുകയാണ്. ഒരു തരി മണ്ണു പോലും തെങ്ങിൻ തോപ്പിൽ തരിശ്ശിടാതെയുള്ള കൃഷി രീതി നമുക്കുണ്ട്. തെങ്ങിനെ അടിസ്ഥാന വിളയാക്കിക്കൊണ്ട് ഓരോ കുടുംബത്തിനും വേണ്ട പച്ചക്കറിയും പാലും, മുട്ടയും എല്ലാം ലഭ്യമാക്കാനുള്ള കർമ്മപദ്ധതി അവരവർക്ക് തയ്യാറാക്കാം. ടെറസ് കൃഷി, മൈക്രോ ഗ്രീൻ ഫാമിംഗ്, വെർട്ടിക്കൽ ഫാമിംഗ് ഇവയെല്ലാം സ്വയം പര്യാപ്തതയ്ക്ക് പരിഹാരം തേടിയുള്ള യാത്രയിൽ കണ്ടു മുട്ടിയവരാണ്. കാലാവസ്ഥ അനുയോജ്യമല്ലെന്നും പറഞ്ഞു മാറ്റി നിർത്തിയിരുന്ന ഉരുളക്കിഴങ്ങ്, കാബേജ്, കോളിഫ്ളവർ ഇവയെല്ലാം കേരളത്തിലെ മണ്ണിലും വിളവെടുത്തു തുടങ്ങിയപ്പോൾ പരാശ്രയത്തിന്റെ ചങ്ങല ഒന്നൊന്നായി പൊട്ടി വീഴുകയാണ്. ഹരിത വിപ്ലവത്തിലൂന്നിയ സാമൂഹ്യ മാറ്റമായി ഇതു വളരും. പഞ്ചായത്തു സംവിധാനങ്ങളും തൊഴിലുറപ്പു പദ്ധതിയുടെ ആനുകൂല്യങ്ങളുമെല്ലാം ഈ യത്നങ്ങൾക്ക് ശക്തി പകരുന്നു. കാർഷിക മേഖലയ്ക്കൊപ്പം നിൽക്കേണ്ടവയാണ് മൃഗസംരക്ഷണവും മത്സ്യ മേഖലയും. എല്ലാ മേഖലകളേയും സമന്വയിപ്പിച്ചു കൊണ്ടു പോകാൻ പറ്റിയ മുഖ്യ വിള തെങ്ങു തന്നെ. കാര്യക്ഷമമായ ഭൂവിനിയോഗത്തിന്റെ ഉത്തമ മാതൃക തെങ്ങിൻ തോപ്പിൽ നമുക്ക് ദർശിക്കാനാകും.

കർഷകരുടെ സംരംഭങ്ങൾക്ക് അകമ്പടിയായി സർക്കാരിന്റെ ഭാഗത്തു നിന്ന് പലിശ രഹിത വായ്പ, ഉത്പാദകർക്കും, ഉപഭോക്താക്കൾക്കും ന്യായവില, ഉത്പാദന - സംഭരണ - വിതരണ ശൃംഖല എന്നിവയ്ക്കുള്ള കർമ്മ പദ്ധതികളും കൂടി ഒപ്പമുണ്ടായാൽ കാർഷികമേഖലയിൽ സ്വയം പര്യാപ്തമായ സ്വാശ്രയ കേരളം നമുക്ക് സ്വായത്തമാക്കാം, വിരൽത്തുമ്പിൽ!

*ഫോൺ: 9447096553*

# വേരുതീനിപ്പുഴുക്കളുടെ സംയോജിത നിയന്ത്രണം

**പ്രതിഭ പി.എസ്.**
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസറഗോഡ്

കേരളത്തിലെ സുപ്രധാന നാണ്യവിളയാണ് തെങ്ങ്. തെങ്ങു ബഹുവർഷ വിള ആയതിനാൽ വർഷത്തിലുടനീളം കീടരോഗബാധക്കു വിധേയമാകാറുണ്ട്. കീടരോഗബാധ മൂലമുള്ള വിളനഷ്ട്ടം നാളികേരഉത്പാദനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നു. തീരപ്രദേശങ്ങളിലെ തെങ്ങ്അധിഷ്ഠിതമായിട്ടുള്ള ബഹുവിളകൃഷിയിടങ്ങളിലെ പ്രധാനകീടമാണ് വേരുതീനിപ്പുഴുക്കൾ. സാമാന്യം വലുപ്പമുള്ളതും തവിട്ടുനിറത്തിലുള്ള തലയോടുകൂടിയതും'റ' ആകൃതിയും വെളുത്തനിറവുള്ള പുഴുക്കളാണ് വേരുതീനിപ്പുഴുക്കൾ. കാഴ്ച്ചയിൽ ഇവ ചാണകപ്പുഴുവിനോട് സാദൃശ്യം പുലർത്തും. വേരുതീനിപ്പുഴുക്കളിൽ തന്നെ ലൂക്കോഫോളിസ്സ്കോണിയോഫോറ, ലൂക്കോഫോളിസ്സ്ബർമിസ്ട്രി, ലൂക്കോഫോളിസ്സ് ലെപിഡോഫോറ എന്നീ ശാസ്ത്ര നാമങ്ങളിൽ അറിയപ്പെടുന്ന മൂന്നു തരമുണ്ട്. ഇതിൽ ലൂക്കോഫോളിസ്സ്കോണിയോഫോറ തെങ്ങിലെ വേരുതീനിപ്പുഴുക്കൾ എന്നും, മറ്റുള്ളവ കവുങ്ങിലെ വേരുതീനിപ്പുഴുക്കൾ എന്നും അറിയപ്പെടുന്നു. ഇവ തെങ്ങിനും ഇടവിളകൾക്കും ഒരേപോലെ വിനാശകാരിയാണ്.

തീരദേശപ്രദേശങ്ങളിലെ തെങ്ങിനെ ബാധിക്കുന്ന വേരുതീനിപ്പുഴുക്കളുടെ ജീവിതചക്രം ഒരു വർഷമാണ്. ഇവ സമുദ്രനിരപ്പിൽനിന്നും ഏകദേശം 200മീറ്റർ വരെ ഉയരമുള്ള കൃഷിയിടങ്ങളിലാണ് സാധാരണയായി കണ്ടുവരാറുള്ളത്. മണലിന്റെ അംശമുള്ള ഇളകിയ മണ്ണാണ് ഇവയ്ക്കനുയോജ്യം. ലൂക്കോഫോളിസ്സ് ബർമിസ്ട്രി, ലൂക്കോഫോളിസ്സ് ലെപിഡോഫോറ എന്നിവ മലനാടുകളിൽ ആണ് കാണപ്പെടുന്നത്. അതായത് സമുദ്രനിരപ്പിൽനിന്നും 200 മീറ്റർ ഉയരമുള്ള പ്രദേശങ്ങളിലെ കൃഷിയിടങ്ങളിൽ. ഇവയുടെ ജീവിതചക്രം 2 വർഷം കൊണ്ടാണ് പൂർത്തിയാകുന്നത്. ഈ മൂന്നുതരം പുഴുക്കളും പൂർണവളർച്ചയെത്തി വണ്ടായി പുറത്തുവരുന്നത് മഴക്കാലങ്ങളിലാണ്.

### തെങ്ങിലെ വേരുതീനിപ്പുഴുക്കളുടെ ജീവിതചക്രം

പൂർണ വളർച്ചയെത്തിയ ലൂക്കോഫോളിസ്സ് കോണിയോഫോറവണ്ടുകൾ ഏപ്രിൽ മാസത്തിലുണ്ടാവുന്ന വേനൽമഴയോടനുബന്ധിച്ചു പുറത്തുവരുന്നതായാണ് ഐ.സി.എ.ആർ – സി.പി.സി.ആർ.ഐ. ൽ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്. മണ്ണിന്റെ താപനിലയും, മഴയുമാണ് പൂർണവളർച്ചയെത്തി വണ്ടുകൾ പുറത്തുവരുന്ന പ്രക്രിയയെ സ്വാധീനിക്കുന്നഘടകം. വേനൽമഴവൈകുന്നതനുസരിച്ചു വണ്ടുകൾ പുറത്തു വരുന്നതും വൈകിക്കൊണ്ടിരിക്കും. തുടർന്നുണ്ടാകുന്ന വേനൽ മാസം (മെയ്) ഒരു താത്കാലികവിരാമത്തിനു ശേഷം, ജൂണിലെ കാലവർഷാരംഭത്തോടു കൂടി വണ്ടുകൾ വീണ്ടും കൂട്ടത്തോടെ പുറത്തുവരുന്നു. സന്ധ്യാസമയങ്ങളിൽ വെയിലിന്റെ വെളിച്ചം (illuminance) 124.37 ± 75.5 l മുതൽ 1.2 ± 0.4 l ആകുന്നതു വരെ (അതായത് വൈകിട്ട് 6.45 മുതൽ രാത്രി 7.15 വരെ) മാത്രമേ ഇവയെ പുറത്തു കാണുവാൻ സാധിക്കുകയുള്ളു. ഇത് ഏകദേശം. മുതൽ 3 ആഴ്ചക്കാലം തുടരും. ആൺ വണ്ടുകൾ ആദ്യം പുറത്തു വരികയും, പെൺവണ്ടുകൾ പുറത്തു വരുന്നതും കാത്തു മണ്ണിനുപരിതലത്തിൽ പറന്നു നടക്കുകയും ചെയ്യും. പുറത്തു വരുന്ന പെൺ വണ്ടുകളുമായി ഇണചേരാൻ ആൺവണ്ടുകൾ മത്സരിക്കുന്നത് കാണാൻകഴിയും. പെൺ:ആൺ വണ്ടുകളുടെ അനുപാതം ആദ്യ ദിവസങ്ങളിൽ 1:10.11 എന്നത് പിന്നീട് കുറഞ്ഞു വരുന്നതായും (1:4.33) കാണാം.





'ജൂൺവണ്ടുകൾ'എന്ന പേരിൽ അറിയപ്പെടുന്ന ഇവ, മാവിലയും കശുമാവിലയും മറ്റു കള സസ്യങ്ങളുടെ ഇലകളുമാണ് ഭക്ഷിക്കുന്നത്. ഇണചേരലിനു ശേഷം ഇവ സന്ധ്യയോടെ മണ്ണിനടിയിലേക്ക് മടങ്ങുന്നു. പെൺവണ്ടുകൾ മണ്ണിൽ നിക്ഷേപിക്കുന്ന മുട്ടകൾ 23 ദിവസങ്ങൾക്കുള്ളിൽ വിരിഞ്ഞ് പുഴുവാകുന്നു. ആദ്യ ദശയിൽ പുഴുക്കൾ മണ്ണിലെ ജൈവാംശമാണ് ഭക്ഷിക്കുന്നത്. രണ്ടാമത്തെ ദശയിൽ ഇവ പുല്ലിന്റെ വേരുകളും മറ്റും ഭക്ഷിക്കുന്നു. മൂന്നാമത്തെ ദശയിൽപെട്ടവ തെങ്ങിൻ ചുവട്ടിലേക്ക് നീങ്ങുകയും വേര് കാർന്നു തിന്നുവാൻ തുടങ്ങുകയും ചെയ്യുന്നു. തെങ്ങിന്റെ വേരുകൂടാതെ ഇടവിളയായി വളർത്തുന്ന വാഴ, ചേന, ചേമ്പ്, കപ്പ എന്നിവയുടെ ഭൂകാണ്ഡങ്ങളും തിന്നു നശിപ്പിക്കുന്നു. ഇവ 260 –270 ദിവസങ്ങളോളം പുഴുവായി തെങ്ങിനുംഇടവിളകൾക്കും നാശം വിതച്ചു കൊണ്ടേയിരിക്കും. തെങ്ങിൻ തൈകളിലും തവാരണകളിലുമുള്ള ഇവയുടെ ആക്രമണം തൈകളുടെ ആരോഗ്യത്തെതന്നെ സാരമായി ബാധിക്കുന്നു. മഴക്കാലത്തിനുശേഷം മണ്ണിലെ ജലാംശം കുറയുന്നതിനനുസരിച്ച് ഇവ മണ്ണിൽ ആഴങ്ങളിലേക്ക് നീങ്ങിക്കൊണ്ടിരിക്കും. വേനൽക്കാലങ്ങളിൽ ഇവ മണ്ണിൽ വളരെ ആഴത്തിൽ ആയിരിക്കും അധിവസിക്കുക.

### കീടബാധയുടെലക്ഷണങ്ങൾ

1. വേരുകൾ നശിക്കുന്നത മുഖേന വെള്ളവും വളവും വലിച്ചെ





ടുക്കാൻ കഴിയാതെ തെങ്ങോലകൾ മഞ്ഞളിക്കുന്നു
2. വേര് പരിശോധിച്ചാൽ പുഴുക്കൾ കാർന്നു തിന്നതായികാണപ്പെടുക. വേരുകൾ മുറിഞ്ഞതായി കാണപ്പെടുക.
3. ചുവട്ടിലെ മണ്ണ് ഇളക്കുമ്പോൾ വെളുത്ത പുഴുക്കൾ കാണപ്പെടുക.
4. തെങ്ങിന്റെ കായ്ഫലം കുറയുക
5. പുതിയ പൂങ്കുലകൾ മുളക്കാതിരിക്കുക.



## വേരുതീനിപ്പുഴുക്കളുടെ ശത്രുക്കൾ

വണ്ടുകൾ കൂട്ടത്തോടെ പുറത്തു വരുന്ന സമയത്തു കാക്ക,പൊന്മാൻ, കൃഷ്ണപ്പരുന്ത്, കൊറ്റി എന്നിവ വണ്ടുകളെ ഭക്ഷിക്കുന്നത് കാണാം. വേരുതീനിപ്പുഴുക്കളെ പരാദീകരിക്കുന്ന രണ്ടുമിത്രകീടങ്ങൾ കണ്ടെത്തിയിട്ടുണ്ട് (പ്രൊസെനസ്പീഷിസ്, ക്യാമ്പ്സോമേറിയല്ലകോളാരിസ് കോളാരിസ്). ഇവ വേരുതീനിപ്പുഴുവിനുള്ളിൽ വളരുകയും തത്ഫലമായി പുഴുനശിച്ചു പോവുകയുംചെയ്യുന്നു. വേരുതീനിപ്പുഴുക്കൾക്കു രോഗമുണ്ടാക്കുന്ന കുമിളുകളും (*Metarhizium sp., Cordyceps sp.*) ബാക്ടീരിയയും (*Serratia sp.*)ഉള്ളതായി നിരീക്ഷണങ്ങളിൽ നിന്നു വ്യക്തമായിട്ടുണ്ട്. ഇത് കൂടാതെ വേരുതീനിപ്പുഴുക്കളെ പരാദീകരിക്കുന്ന നിമാവിരകളും ശാസ്ത്രീയമായി ഉരുത്തിരിച്ചെടുത്തിട്ടുണ്ട്. ഈ നിമാവിരകളെ വേരുതീനിപ്പുഴുക്കളുടെ ജൈവീക കീടനിയന്ത്രണത്തിനു ഫലപ്രദമായി ഉപയോഗിക്കാം

## സംയോജിത കീടനിയന്ത്രണ മാർഗങ്ങൾ

1. ജൂൺമാസം, കാലവർഷാരംഭത്തോടുകൂടി വൈകുന്നേരങ്ങളിൽ കൂട്ടം കൂട്ടമായി പുറത്തുവരുന്ന വണ്ടുകളെ കൈകൊണ്ട്പിടിച്ചു നശിപ്പിക്കുക. ഇത് ഏകദേശം രണ്ടാഴ്ചക്കാലം തുടരണം. വൈകുന്നേരം 6. 45 മുതൽ 7 .15 വരെയുള്ള സമയത്താണ്. വണ്ടുകൾ കർമ്മനിരതമാകുന്നത്. ലൂക്കോഫോളിസ്സ് വണ്ടുകൾ വിളക്കുകെണിയിൽ അകപ്പെടാറില്ല. ആയതിനാൽ, കൈകൊണ്ട്പിടിച്ച് നശിപ്പിക്കുന്നതാണ് ഏറ്റവും അഭികാമ്യം.



2. ഓഗസ്റ്റ് രണ്ടാമത്തെ ആഴ്ചയോടെകൂടി കാലവർഷം ഏകദേശം ശമിക്കുമ്പോൾ ഇടനിലങ്ങളിൽ വേരുതീനിപ്പുഴുക്കളുള്ള ഭാഗത്ത് താഴെപ്പറയുന്നഏതെങ്കിലും രാസകീടനാശിനി വെള്ളത്തിൽ കലർത്തി തളിക്കേണ്ടതാണ്. (വേരുതീനിപ്പുഴുക്കളുടെസാന്നിധ്യമുണ്ടെങ്കിൽ ആ ഭാഗത്ത് വളർന്നിരിക്കുന്ന പുല്ലുകൾ ഉണങ്ങിയിരിക്കുന്നതായി കാണാം).
a. ഇമിഡാക്ലോപ്രിഡ് (17.8 എസ്. സി.) 0.7 മില്ലി, ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തളിക്കുക. (ഒരുചതുരശ്ര മീറ്ററിനു മൂന്നു മുതൽ നാലു ലിറ്റർ ലായനി ആവശ്യമായി വരും).
b. ക്ലോർപൈറിഫോസ് (20 ഇ. സി.) മൂന്നു മില്ലി, ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക.
c. ബൈഫെൻത്രിൻ (10 ഇ. സി.)എന്ന കീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക.

3. സെപ്റ്റംബർ മാസം അവസാനത്തോടു കൂടി വേരുതീനിപ്പുഴുക്കളെ പരാദീകരിക്കുന്ന നിമാവിരകളെ ഇടനിലങ്ങളിൽ അധിനിവേശിപ്പിക്കുക. ഇതിനായി, “സ്റ്റീനർനിമകാർപോകാപ്സെ”, “ഹെകൂറോറാബിഡിറ്റിസ്ഇൻഡിക്ക”എന്നീ പേരുകളിൽ അറിയപ്പെടുന്ന രണ്ടു തരം നിമാവിരകൾ ലഭ്യമാണ്. ഇവയിലേതെങ്കിലും,ഒരു ഹെക്ടറിന് 1.5 ബില്യൺ ഇൻഫെക്ടീവ്ജുവനൈൽ (നിമാവിരകളുടെ വളർച്ചാ ഘട്ടത്തിലെ ഒരു ദശ) വെള്ളത്തിൽ കലർത്തി മണ്ണിൽ തളിച്ചു കൊടുക്കാവുന്നതാണ്. അല്ലെങ്കിൽ നിമാവിരകൾ പെരുകിയ മെഴുകുപുഴുക്കളെ മണ്ണിൽ നിക്ഷേപിക്കാവുന്നതാണ്. നിമാവിരകളെ മണ്ണിൽ അധിനിവേശിപ്പിക്കുമ്പോൾ മണ്ണിലെ ജലാംശം നിലനിർത്താൻ പ്രത്യേകം ശ്രദ്ധിക്കണം. ഈ നിമാവിരകൾ കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനത്തിൽ ലഭ്യമാണ്

4 ആവശ്യമെങ്കിൽ, രണ്ടാമത് ഒരു തവണ കൂടി രാസകീടനാശിനി പ്രയോഗം ഒക്ടോബർ മാസം രണ്ടാമത്തെ ആഴ്ച തെങ്ങിൻ ചുവട്ടിൽ നടത്താവുന്നതാണ്. ഇതിനായി തെങ്ങൊന്നിന് നാലു മില്ലി ഇമിഡാക്ലോപ്രിഡ് (17.8 എസ്. സി.) അല്ലെങ്കിൽ ക്ലോർപൈറിഫോസ് 30 മില്ലി, അല്ലെങ്കിൽ ബൈഫെൻത്രിൻ (10 ഇസി) 30 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലർത്തി തെങ്ങിൻ ചുവട്ടിൽഒഴിച്ചു കൊടുക്കുക. ഇമിഡാക്ലോപ്രിഡ് ആണ് നൽകുന്നതെങ്കിൽ നിമാവിരകളും കൂടി ഒരുമിച്ച് നൽകാം.
5. ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലം ഇടനിലം ഉഴുതുമറിക്കുന്നതു മുഖേന മണ്ണിലുള്ള വേരുതീനിപ്പുഴുക്കളെ പുറത്തു കൊണ്ടുവരാൻ സാധിക്കും. ഇവയെ പക്ഷികൾ തിന്നു നശിപ്പിച്ചുകൊള്ളും.

മേൽപ്പറഞ്ഞ നിയന്ത്രണ മാർഗങ്ങൾ രണ്ടു മൂന്നു വർഷക്കാലം തുടർച്ചയായി അവലംബിച്ചാൽ തെങ്ങിനെയും ഇടവിളകളെയുംആക്രമിക്കുന്ന ലൂക്കോഫോളിസ്സ് കോണിയോഫോറ എന്ന വേരുതീനിപ്പുഴുക്കളെ ഫലപ്രദമായി നിയന്ത്രിക്കാം.

*ഫോൺ: 9400446007*



# ഈർപ്പം സംരക്ഷിച്ച് വരുമാനം വർദ്ധിപ്പിക്കാം.

**ഡോ. കെ. സജ്നനാഥ്, ഡോ. പി. മുരളീധരൻ**
കൃഷി വിജ്ഞാന കേന്ദ്രം, ആലപ്പുഴ

2018 ലെ മഹാ പ്രളയത്തിന് ശേഷം (2018 ഡിസംബർ മുതൽ 2019 ജൂലൈ വരെ) സാമാന്യം ദൈർഘ്യമേറിയ വരൾച്ചയാണ് കാർഷിക കേരളം അഭിമുഖീകരിച്ചത്. 2019 ലും തലേ വർഷത്തെ അപേക്ഷിച്ച് അത്ര കഠിനമല്ലെങ്കിലും, ഉണ്ടായ പ്രളയത്തിന് ശേഷം കേരളത്തിന്റെ കാർഷിക മേഖല സജീവമായി വരുന്നതേയുള്ളൂ. കാലാവസ്ഥാ വ്യതിയാനം മൂലം ഇടവപ്പാതിയും തുലാവർഷവും വേനൽ മഴയും പ്രവചനാതീതമായിരിക്കുകയാണ്. ക്രമം തെറ്റി വരുന്ന മഴക്കാലം, മഴയുടെ തോതിലുള്ള വ്യത്യാസം, ദൈർഘ്യമേറിയ വേനൽക്കാലം എന്നിവ കർഷകരെ ആശങ്കപ്പെടുത്തുന്നു. തുള്ളിനന, മഴവെള്ളക്കൊയ്ത്ത്, മഴവെള്ള സംഭരണി, മാർഗ്ഗങ്ങൾ അവലംബിക്കുന്നുണ്ടെങ്കിലും കഴിഞ്ഞ വേനൽക്കാലത്തും ജലക്ഷാമം സാമാന്യം രൂക്ഷമായിരുന്നു. ഇടവപ്പാതി വൈകിയെത്തുമ്പോൾ കേരളത്തിന്റെ പലഭാഗങ്ങളിലും കുടിവെള്ളത്തിനു പോലും വലിയ ക്ഷാമമുണ്ടാകുന്നു എന്നതാണ് യാഥാർത്ഥ്യം.

## ഈർപ്പ സംരക്ഷണത്തിന്റെ പ്രാധാന്യം

മണ്ണിന്റെ ആരോഗ്യ സംരക്ഷണത്തിനായി പരിസ്ഥിതി സൗഹൃദ കൃഷിരീതികൾ അവലംബിക്കേണ്ടത് അത്യാവശ്യമാണ്. ഉപരിതലത്തിൽ ആവശ്യത്തിനു സൂര്യപ്രകാശം ലഭ്യമാക്കുന്നിനൊപ്പം മണ്ണിലെ ഈർപ്പത്തിന്റെ സാന്നിദ്ധ്യവും ഉറപ്പാക്കേണ്ടതാണ്. സൂക്ഷ്മ ജീവികളുടെ പ്രവർത്തനത്തിലും വിളകളുടെ വേരോട്ടത്തിനും ഇത് അത്യാവശ്യമാണ്.

ചെടികളുടെ ശരിയായ വളർച്ചയ്ക്കും ഉത്പാദനക്ഷമതയ്ക്കും സംയോജിത വളപ്രയോഗത്തിന്റെ പ്രസക്തി ഏറിവരികയാണ്. ജൈവവളങ്ങളുടെ വിഘടനത്തിനും, ചെടികൾ വേരിലൂടെ പോഷക മൂലകങ്ങൾ ആഗിരണം ചെയ്യുന്നതിനും മണ്ണിൽ ഈർപ്പം കൂടിയേ തീരൂ. മഴയെ ആശ്രയിച്ച് കൃഷി ചെയ്യുമ്പോൾ, വർഷകാലത്ത് കൃഷിയിടത്തിൽ ലഭിക്കുന്ന ജലം പരമാവധി സംഭരിക്കുകയും, പിന്നീട് കാര്യക്ഷമമായി ഉപയോഗപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്. മഴക്കാലത്തും ഇടമഴയുള്ളപ്പോഴും ജലസേചനം നടത്തുമ്പോഴും കൃഷിയിടത്തിൽ ലഭ്യമാകുന്ന വെള്ളത്തെ കൂടുതൽ കാലത്തേക്ക് മണ്ണിൽ നിലനിർത്താനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കുക വഴി മണ്ണിൽ സ്ഥിരമായി ഈർപ്പം ഉറപ്പാക്കാം.

## തെങ്ങിൻ തോപ്പുകളിലെ ഈർപ്പ സംരക്ഷണം

തെങ്ങിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ സൂര്യപ്രകാശവും വളവും ലഭ്യമാക്കുന്നതോടൊപ്പം വെള്ളവും അത്യാവശ്യമാണ്. മണ്ണിലെ ജലാംശ നഷ്ടം കുറയ്ക്കാനായി തടത്തിൽ ജൈവവസ്തുക്കൾ കൊണ്ട് പുതയിടുന്ന രീതിയാണ് കർഷകർ പരമ്പരാഗതമായി അനുവർത്തിച്ചു വരുന്നത്. തെങ്ങിൽ



നിന്നു തന്നെയുള്ള ജൈവാവശിഷ്ടമായ തൊണ്ട് അഥവ ചകിരി ഉപയോഗിച്ച് രണ്ട് രീതികളിൽ ഈർപ്പ സംരക്ഷണം സാധ്യമാക്കാം. തെങ്ങിൻ തടങ്ങളിൽ തൊണ്ട് കമഴ്ത്തി അടുക്കി മണ്ണിലെ ഈർപ്പ നഷ്ടം കുറയ്ക്കുന്ന രീതിയാണ് ഒന്നാമത്തേത്. തെങ്ങിൻ തോപ്പിൽ തെങ്ങുകൾക്കിടയിലുള്ള സ്ഥലത്ത് കുഴിയെടുത്ത്, അതിൽ തൊണ്ടുകൾ നിരയായി അടുക്കി മണ്ണിട്ട് മൂടി ഈർപ്പം നിലനിർത്തുന്നാണ് രണ്ടാമത്തെ രീതി. തൊണ്ടുകൾക്ക് ഭാരത്തിന്റെ ആറ് മുതൽ ഏഴു മടങ്ങ് വരെ ഈർപ്പം സംഭരിച്ചു നിർത്താൻ കഴിയുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

തെങ്ങിൻ തോപ്പുകളിൽ ചാലുകൾ നിർമ്മിച്ച് അതിൽ ജൈവ വസ്തുക്കൾ നിരത്തിയും ഈർപ്പ സംരക്ഷണം സാധ്യമാക്കാവുന്നതാണ്.

തെങ്ങിൻ തടത്തിന് പുറത്തായി, രണ്ട് തെങ്ങുകൾക്കിടയിൽ രണ്ട് അടി (60 സെന്റി മീറ്റർ) വീതിയിലും, ഒരടി (സെന്റിമീറ്റർ) ആഴത്തിലും സൗകര്യമുള്ള നീളത്തിൽ ചാലുകൾ എടുക്കുക. രണ്ട് അടി അകലത്തിൽ പരമാവധി ചാലുകൾ എടുക്കാവുന്നതാണ്. ചാലുകളിൽ തൊണ്ടുകൾ മലർത്തി അടുക്കി വയ്ക്കുക. കാലിവളമോ മറ്റ് ജൈവവളങ്ങളോ തൊണ്ടുകൾക്ക് മുകളിൽ ചേർത്ത ശേഷം മണ്ണിട്ടു മൂടുക. ഇത്തരം ചാലുകൾക്ക് മുകളിൽ ഇടവിളകൾ കൃഷി ചെയ്യാവുന്നതാണ്. മണൽ പ്രദേശങ്ങളിലാണ് ഇത് വളരെ കൂടുതൽ ഫലപ്രദമാകുന്നത്. ജലസേചന സമയത്തും മഴക്കാലത്തും ലഭിക്കുന്ന വെള്ളം പെട്ടെന്ന് വാർന്നു പോകാതെ ശേഖരിച്ചു വയ്ക്കാൻ ഇത്തരം ചാലുകൾ വഴിയൊരുക്കും. ഇങ്ങനെ ശേഖരിക്കപ്പെടുന്ന ഈർപ്പം വേനലിൽ തെങ്ങുകൾക്കും ഇടവിളകൾക്കും ലഭ്യമാകുന്നു. തെങ്ങിൻ തോപ്പിൽ ഇത്തരം ചാലുകൾ 4-5 വർഷത്തേയ്ക്ക് ഫലപ്രദമായി പ്രവർത്തിക്കുമെന്ന് കണ്ടിട്ടുണ്ട്. ഇടവിളകൾ കൃഷി ചെയ്യുന്നത് വഴി സ്ഥലം മുഴുവനായും ഉപയോഗ യോഗ്യമാകുകയും മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുകയും കൂടാതെ വരുമാനം വർദ്ധിക്കുകയും ചെയ്യും. മണ്ണിൽ ഈർപ്പം നിലനിർത്തുന്നതിനാൽ സൂക്ഷ്മാണുക്കളുടെ പ്രവർത്തനം വഴി ജൈവാവശിഷ്ഠങ്ങളുടെ പുനഃചംക്രമണം വേഗത്തിൽ സാധ്യമാകും. മണ്ണിൽ ചേർത്തു നല്കുന്ന ഈ പോഷകങ്ങളുടെ ആഗിരണം വിളകളുടെ വളർച്ച ത്വരിതപ്പെടുത്താനുള്ള സാഹചര്യവും സൃഷ്ടിക്കും.

## അനുഭവ സാക്ഷ്യങ്ങൾ

ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം, 2016-18 കാലഘട്ടത്തിൽ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ നടത്തിയ തീരദേശ മണൽ പ്രദേശത്തെ നാളികേരാധിഷ്ഠിത കൃഷി സമ്പ്രദായങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്ന സാങ്കേതിക വിദ്യാ പ്രദർശന പരിപാടിയിൽ 20 കർഷകരുടെ പുരയിടങ്ങളിൽ ശാസ്ത്രീയമായി ശിപാർശ ചെയ്ത വിള പരിപാലനത്തോടൊപ്പം, തൊണ്ടുപയോഗിച്ചുള്ള ഈർപ്പ സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തു. പത്ത് തെങ്ങുകളുള്ള 15 സെന്റ് പ്രദർശന തോട്ടത്തിൽ 2016-17 ൽ ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന എന്നിവയും 2017 - 18 ൽ പച്ചക്കറി വിളകളായ മുളക്, വഴുതന, ചീര, പയർ എന്നിവയും രണ്ടു സെന്റ് വീതം സ്ഥലത്ത് ഇടവിളകളായി കൃഷി ചെയ്തു. പ്രദർശനത്തോട്ടങ്ങളിലെ മണ്ണിൽ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഈർപ്പം യഥാക്രമം 16%, 15%, 11.8% ആയി കാണപ്പെട്ടപ്പോൾ മറ്റ് തോട്ടങ്ങളിൽ ഇത് 12%, 9%, 5.5% എന്നിവ മാത്രമായിരുന്നു. ഒപ്പം തെങ്ങിന്റെ ആരോഗ്യവും, വിളവും തെങ്ങിൻ തോപ്പിൽ നിന്നുള്ള ആദായവും വർദ്ധിപ്പിക്കാനും സാധിച്ചു.

2016 - 17 ലെ വിളകളുടെ വരവ് - ചെലവ് വിശദാംശങ്ങൾ

| വിള | വിളവ് (15 സെന്റ്) | വിളവ്/ ഹെക്ടർ | ചെലവ് (രൂപ/ ഹെക്ടർ.) | വരവ് (രൂപ/ ഹെക്ടർ.) | ലാഭം (രൂപ / ഹെക്ടർ) |
|---|---|---|---|---|---|
| തെങ്ങ് | 480 എണ്ണം | 7968 | 73040 | 179280 | 106240 |
| ഇഞ്ചി | 179.3* | 2.98** | 117960 | 178580 | 60622 |
| മഞ്ഞൾ | 199.4* | 3.31** | 112631 | 165502 | 52871 |
| ചേന | 380.8* | 6.33** | 117943 | 189638 | 71695 |
| ചേമ്പ് | 183.5* | 3.05** | 88146 | 137075 | 48929 |

*(ഇടവിളകളായി കൃഷി ചെയ്തപ്പോഴുള്ള വിളവ് : * കിലോഗ്രാം /2 സെന്റ്, ** ടൺ /ഹെക്ടർ)*

ഇടവിളകളിൽ നിന്നുള്ള വരുമാനവും മൊത്തവരുമാനവും യഥാക്രമം ഹെക്ടറിന് 670800, 850078 രൂപ വീതമാണ്.



സാങ്കേതിക വിദ്യ അവലംബിച്ചപ്പോൾ തെങ്ങിൻ തോപ്പിലെ വരവ് ചെലവ് അനുപാതം 1.26 ൽ നിന്നും 1.67 ആയും, ലാഭം ഹെക്ടറിന് 106240 ൽ നിന്നും 340358 രൂപയായും വർദ്ധിച്ചു.

| 2017 – 2018 ലെ വിളകളുടെ വരവ് – ചെലവ് വിശദാംശങ്ങൾ | | | | | |
|---|---|---|---|---|---|
| വിള | വിളവ് (15 സെന്റ്) | വിളവ്/ ഹെക്ടർ | ലാഭം (രൂപ / ഹെക്ടർ) | മൊത്തം ചെലവ് (രൂപ/ ഹെക്ടർ. | വരവ് (രൂപ/ ഹെക്ടർ |
| തെങ്ങ് | 480എണ്ണം | 7968 | 73040 | 179280 | 106240 |
| മുളക് | 182.6* | 3.03** | 86652 | 121246 | 34594 |
| വഴുതന | 202.4* | 3.36** | 84992 | 134393 | 49401 |
| ചീര | 205.6* | 3.41** | 98197 | 170648 | 72451 |
| പയർ | 179.1* | 2.97** | 88146 | 163518 | 75372 |
| *(ഇടവിളകളായി കൃഷി ചെയ്തപ്പോഴുള്ള വിളവ് * കിലോഗ്രാം /2 സെന്റ് , *** ടൺ / ഹെക്ടർ)* | | | | | |

ഇടവിളകളിൽ നിന്നുള്ള വരുമാനവും മൊത്തവരുമാനവും യഥാക്രമം ഹെക്ടറിന് 589805, 769086 രൂപയാണ്. സാങ്കേതിക വിദ്യ അവലംബിച്ചപ്പോൾ തെങ്ങിൻ തോപ്പിലെ വരവ് ചെലവ് അനുപാതം 1.37 ൽ നിന്നും 1.78 ആയും, ലാഭം ഹെക്ടറിന് 106240 ൽ നിന്നും 3380559 രൂപയായും വർദ്ധിച്ചു.

മണ്ണ് പരിശോധനപ്രകാരമുള്ള സംയോജിത വളപ്രയോഗ രീതിയിൽ ഇത്തരം സാങ്കേതിക വിദ്യകൾ കൂടി ഉൾപ്പെടുത്തിയാൽ കൃഷി പ്രകൃതി സൗഹാർദ്ദവും ലാഭകരവുമായിരിക്കുമെന്ന് ഈ പ്രദർശന പരിപാടിയുടെ സമാപനത്തോടൊപ്പം നടത്തിയ അവലോകന യോഗത്തിൽ പങ്കാളികളായ കർഷകർ സാക്ഷ്യപ്പെടുത്തി. ചാലുകൾ എടുക്കുന്നതിനുള്ള ചെലവിനേക്കാൾ കൂടുതൽ തുക വിവിധ ഇടവിളകളിൽ നിന്നുള്ള വരുമാനമായി ലഭിക്കുമെന്നതിനാൽ കൃഷി ആദായകരവുമാണ്. മാരാരിക്കുളം പഞ്ചായത്ത് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ജയമോഹന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പങ്കെടുത്ത മറ്റ് കർഷകർക്ക് ഇതൊരു നല്ല



സന്ദേശമായി മാറി. പഞ്ചായത്തിന്റേയും കൃഷി ഭവന്റേയും, കേരാധിഷ്ഠിത കാർഷിക പദ്ധതികളിൽ ഇത്തരം സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തണമെന്ന് തദവസരത്തിൽ സന്നിഹിതരായിരുന്ന കൃഷിഭവൻ പ്രതിനിധികളോട് കർഷകർ അഭ്യർത്ഥിച്ചു.

കേരളത്തിലെ തെങ്ങിൻ തോപ്പുകളിൽ പൊതുവേ ജലസേചനം കാര്യക്ഷമമായി പരിഹരിക്കാൻ കഴിയുന്നു എന്നത് മറ്റൊരു പ്രധാന കാര്യമാണ്. തെങ്ങിൽ നിന്നുള്ള തൊണ്ടുകൾ ഇങ്ങനെ ഉപയോഗിച്ചാൽ, അത് കത്തിച്ചു കളയുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി മലിനീകരണം ഒരു പരിധി വരെ ഇല്ലാതാകുന്നുവെന്നതും കാലക്രമേണ മണ്ണിലലിഞ്ഞു ചേരുമ്പോൾ പൊട്ടാസ്യം പോലുള്ള പോഷകങ്ങൾ മണ്ണിൽ ലഭ്യമാകുന്നുവെന്നതും കർഷകർ അറിഞ്ഞിരിക്കേണ്ട സത്യങ്ങളാണ്.

*ഫോൺ: 0479 2959268*



# വികേന്ദ്രീകൃത നഴ്സറികൾക്ക് ഭരണിക്കാവ് മാതൃക

**സുനയന എസ്., റെജി ജെ. തോമസ്, ഷരീഫ എം.**
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, ആലപ്പുഴ

**കൃഷിക്കാരുടെ തന്നെ തോട്ടങ്ങളിൽ മേൽത്തരം വിത്തുതേങ്ങകൾ പാകി മുളപ്പിച്ച് ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്ന പദ്ധതിയാണ് വികേന്ദ്രീകൃത നഴ്സറി പരിപാലനം. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ള ഈ പദ്ധതിയ്ക്ക് നാളികേര ഉത്പാദക സംഘങ്ങളുടെയും സംസ്ഥാന കൃഷി വകുപ്പിന്റെയും പൂർണമായ സഹകരണം ഉണ്ട്.**

തെങ്ങ്കൃഷി മലയാളിക്ക് ഒരു സംസ്കാരം തന്നെയാണ്. അഞ്ച് സെന്റിൽ ഒരു വീട് വെക്കുന്ന മലയാളിയും ഒന്നോ രണ്ടോ തെങ്ങ് നട്ടുവളർത്താൻ ഇടം കണ്ടെത്തും. എന്നാൽ ഇന്ന് കേരളത്തിലെ തെങ്ങിൻ തോട്ടങ്ങളിൽ പ്രായം ചെന്നതും രോഗകീടബാധ മൂർച്ഛിച്ചതുമായ തെങ്ങുകളിൽ ഉത്പ്പാദനം കുറയുന്നതായാണ് കണ്ടുവരുന്നത്. പ്രായാധിക്യം ചെന്നവയും വീണ്ടെടുക്കാനാവാത്ത വിധം രോഗം വന്നതുമായ തെങ്ങുകൾ മുറിച്ച് മാറ്റി ഉത്പാദനക്ഷമത കൂടിയതും രോഗപ്രതിരോധ ശേഷിയുള്ളതുമായ തെങ്ങിൻ തൈകൾ നട്ട് അവ ശാസ്ത്രീയമായി പരിപാലിക്കുക എന്നതാണ് കേരകൃഷി ലാഭകരമാക്കാനുള്ള ഒരു വഴി. ഓരോ ഭൂപ്രകൃതിക്കും കാലാവസ്ഥക്കും യോജിച്ച, അത്യുൽപ്പാദനശേഷിയുള്ള വിവിധ നെടിയ/ കുറിയ/ സങ്കരയിനം തെങ്ങുകൾ ഗവേഷണ കേന്ദ്രങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. എന്നാൽ ഇന്ന് കേര കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ് നെടിയ ഇനങ്ങളിൽ തെങ്ങുകയറ്റ തൊഴിലാളികളെ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും, അതിനുള്ള ഭാരിച്ച കൂലി ചെലവും. അതിനാൽ വീട്ടിലെ ആവശ്യത്തിനായി പുരയിടത്തിൽ തെങ്ങ് കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്കിടയിൽ കുറിയ ഇനങ്ങൾക്കും സങ്കരയിങ്ങൾക്കും ആവശ്യക്കാരേറിയിട്ടുണ്ട്. കൂടാതെ നെടിയ ഇനങ്ങൾ നട്ട് വിളവ് നൽകാനെടുക്കുന്ന കാലതാമസവും സ്ഥലപരിമിതിയുള്ള കർഷകർക്കിടയിൽ നട്ടാൽ വേഗത്തിൽ (3/4 വർഷം) കായ്ക്കുകയും ഉയർന്ന വിളവ് തരുകയുംചെയ്യുന്ന കുറിയ/ സങ്കരയിനങ്ങളോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നു.

നിലവിലെ സാഹചര്യത്തിൽ നഴ്സറികളിൽ നിന്ന് വാങ്ങുന്ന തെങ്ങിൻ തൈകളുടെ ഗുണമേന്മയും വിശ്വാസ്യതയും ഉറപ്പുവരുത്താൻ സാധിക്കുന്നില്ല എന്നത് കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. ഈ പോരായ്മ പരിഹരിക്കുന്നതിനായി കേരള സംസ്ഥാന കൃഷി വകുപ്പും കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനവും 2017-2018 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് 'കുറിയ / സങ്കരയിനം തെങ്ങിൻ തൈ ഉത്പാദനത്തിനുള്ള സാങ്കേതിക സഹായം'.

രോഗപ്രതിരോധ ശേഷിയുള്ള മേൽത്തരം തെങ്ങിൻ തൈകളും അത്യുൽപ്പാദന ശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകളും ഉത്പാദിപ്പിച്ച് നാളീകേര ഉത്പാദക സംഘങ്ങൾ (സി. പി. എസ്.) വഴി ന്യായവിലയിൽ കർഷകർക്ക് ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. നിലവിലെ വിത്തുൽപ്പാദന കേന്ദ്രങ്ങൾ വിപുലീകരിക്കുകയും, ശാസ്ത്രീയമായി നവീകരിക്കുകയും ചെയ്യുക, പുതിയ വിത്തുൽപ്പാദന തോട്ടങ്ങൾ രൂപീകരിക്കുക, കൂടുതൽ മാതൃവൃക്ഷങ്ങൾ കർഷക തോട്ടങ്ങളിൽ തന്നെ കണ്ടെത്തി അടയാളപ്പെടുത്തുക, അവയുടെ ശാസ്ത്രീയ പരിചരണത്തിന് കർഷകർക്ക് പരിശീലനം നൽകുക, നാളീകേര ഉത്പാദക സംഘങ്ങളും സി.പി.എസുകളും വഴി വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുക, സങ്കരയിനം തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള പരിശീലനവും അവയ്ക്കുള്ള സാങ്കേതിക സാമ്പത്തിക സഹായവും നൽകുക എന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളാ





ണ്. 2020 മാർച്ചിൽ പദ്ധതി രണ്ട് വർഷം പൂർത്തിയായതോടെ കേരളത്തിലെ ഇടുക്കി, വയനാട് ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും കുറിയയിനം തെങ്ങിൻതൈകളുടെ വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുകയും അതിലൂടെ കർഷകർക്ക് ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ലഭ്യമാക്കുകയും ചെയ്തുവരുന്നു. കൂടാതെ കർഷർക്ക് വിതരണത്തിനായുള്ള മികച്ച തൈകൾ തെരഞ്ഞെടുക്കാനും, വരും വർഷങ്ങളിൽ നഴ്സറി നടത്തിപ്പിന് സംഘങ്ങളെ പ്രാപ്തരാക്കാനും പദ്ധതിയിലൂടെ സാധിച്ചു.

നാളികേര ഉത്പാദക സംഘങ്ങളുടെ സജീവപങ്കാളിത്തത്തോടെയും പ്രാദേശിക കൃഷി വകുപ്പിന്റെ പൂർണ്ണ പിന്തുണയോടെയും ആണ് ഓരോ ജില്ലയിലും കമ്മ്യൂണിറ്റി നഴ്സറികൾ സ്ഥാപിച്ചത്. ഇവയിൽ എടുത്ത് പറയേണ്ടതാണ് പദ്ധതിയിലൂടെ സ്ഥാപിതമായ കമ്മ്യൂണിറ്റി നഴ്സറികളിൽ ഏറ്റവും കൂടുതൽ വിത്ത് തേങ്ങ സംഭരിയ്ക്കുകയും (8450), തൈകൾ ഉൽപ്പാദിപ്പിക്കുകയും വിൽക്കുകയും ചെയ്ത ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് പഞ്ചായത്ത് നാളീകേര ഫെഡറേഷന്റെ പ്രവർത്തനങ്ങൾ.

കാറ്റു വീഴ്ച്ചാ ബാധിത പ്രദേശത്ത് അനുയോജ്യമായ ഇനമെന്ന നിലയിലും കർഷകർക്കിടയിലെ ആവശ്യവും പരിഗണിച്ച് ചാവക്കാട് കുറിയ പച്ച (CGD) ചാവക്കാട് കുറിയ ഓറഞ്ച് (COD) എന്നീ ഇനങ്ങളാണ് പ്രധാനമായും പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഫെഡറേഷന്റെ പരിധിയിൽ വരുന്ന സ്ഥലത്ത് വിത്തു തേങ്ങ സംഭരണത്തിനായി ചാവക്കാട് കുറിയ പച്ച, ചാവക്കാട് കുറിയ ഓറഞ്ച് എന്നീ ഇനങ്ങളിൽപ്പെട്ട 120 ഓളം മാതൃവൃക്ഷങ്ങൾ കണ്ടെത്തി, ക്രമനമ്പർ പ്രകാരം ലേബൽ ചെയ്യുകയും, ജിയോടാഗ് ചെയ്ത് അടയാളപ്പെടുത്തുകയും ചെയ്തു. വളരെ വർഷങ്ങളായി നാളീകേര വികസന ബോർഡിന്റെ കീഴിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച്ച വയ്ക്കുന്ന സംഘമാണ് ഭരണിക്കാവ് സി.പി.എഫ്ന്റെത്. മുൻ വർഷങ്ങളിൽ സി.പി.സി.ആർ.ഐയുടെ തന്നെ മേൽനോട്ടത്തിൽ വിജയകരമായി പൂർത്തിയാക്കിയ 'അമ്മ തെങ്ങ്' പദ്ധതി, നഴ്സറി പദ്ധതി ഏറ്റെടുക്കുന്നതിന് സംഘത്തിന് പ്രചോദനമായി.

കമ്മ്യൂണിറ്റി നഴ്സറി സ്ഥാപിക്കുന്നതിന്റെ പ്രാരംഭകാല ചർച്ചകൾ തുടങ്ങി, തുടർന്നും നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു കൂട്ടം ഭാരവാഹികളും അംഗങ്ങളുമാണ് ഭരണിക്കാവിലെ പദ്ധതിയുടെ വിജയത്തിന് പിന്നിൽ. കറ്റാനം ഭരണിക്കാവ് പ്രദേശത്ത് നാളീകേര വികസന ബോർഡിന്റെ കീഴിൽ വർഷങ്ങളായി മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന ഫെഡറേഷൻ ആണ്' ഭരണിക്കാവ് പഞ്ചായത്ത് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി'. പതിനെട്ടോളം (18) സി.പി.എസ്.കൾ ചേർന്ന് രൂപീകരിച്ച സിപിഎഫ് മുമ്പും അംഗങ്ങളുടെ തെങ്ങിന് വളം വിതരണം, കേടായ തെങ്ങുകൾ വെട്ടി നീക്കം ചെയ്യൽ തുടങ്ങി വിവിധ പ്രവർത്തങ്ങളിൽ സജീവമായിരുന്നു. വിത്തു തേങ്ങ സംഭരണത്തിനായി ഓരോ സി.പി.എസ്സന്റെയും പരിധിയിൽ വരുന്ന മാതൃവൃക്ഷങ്ങൾ കണ്ടെത്തുന്നതിനും അവ സാങ്കേതിക വിദഗ്ധരുടെ മേൽനോട്ടത്തിൽ സ്ഥിരീകരിക്കുന്നതിനും ഭാരവാഹികളും അനുബന്ധ സി.പി.എസ്. അംഗങ്ങളും സർവ്വേ മുതൽ നേരിട്ടിറങ്ങി പ്രവർത്തിച്ചു.

നഴ്സറി സ്ഥാപിക്കുന്നതിന് ആദ്യാവസാനം ഉത്സാഹത്തോടെ പ്രയത്നിച്ചതും നഴ്സറിയുടെ മേൽനോട്ടം വഹിക്കുന്നതും ഏറ്റവും ഭംഗിയായി നഴ്സറി പരിപാലിച്ചു പോരുന്നതും ഫെഡറേഷൻ സെക്രട്ടറി കൂടിയായ ശ്രീ. അഗസ്റ്റിൻ മനോഹരനാണ്. പദ്ധതിയുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യവും ആദ്യം തന്നെ മനസ്സിലാക്കിയ അംഗങ്ങൾ മാതൃവൃക്ഷം തെരഞ്ഞെടുക്കാനും, വിത്തു തേങ്ങ സംഭരിക്കുന്നതിനും മുന്നിട്ട് ഇറങ്ങി. പിന്നീട് വിത്തു തേങ്ങ പാകുന്നതിന്റെയും നഴ്സറി പരിപാലിക്കുന്നതിന്റെയും ശാസ്ത്രീയ വശങ്ങൾ മനസ്സിലാക്കി അവ നേരിട്ട് തന്നെ ചെയ്തു. അതോടൊപ്പം നഴ്സറിയിൽ പാകിയ തേങ്ങയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ രജിസ്റ്ററിലും, ലേ ഔട്ട് മാപ്പ് ചാർട്ടിലും രേഖപ്പെടുത്തി സൂക്ഷിച്ചു. ചിട്ടയായ പരിചരണത്തിലൂടെ ആരോഗ്യമുള്ള മികച്ച തൈകൾ വളർത്തിയെടുക്കാൻ ഫെഡറേഷന് സാധിച്ചു. കൃത്യമായ മേൽനോട്ടവും സമയോചിതമായ ഇടപെടലുമുള്ളതിനാൽ തൈകളിലെ രോഗകീട ബാധ കുറവായി കാണപ്പെട്ടു. പദ്ധതിയുടെ ഭാഗമായി മാതൃവൃക്ഷം തെരഞ്ഞെടുക്കുന്നതിനും നഴ്സറി സ്ഥാപിച്ച് പരിപാലിക്കുന്നതിനും വേണ്ടി സി.പി.സി.ആർ.ഐ. നൽകിയ ശാസ്ത്രീയ പരിശീലന പരിപാടിയിൽ സി.പി.എഫ്. അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും ചെയ്തു.

കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ സ്ഥാപിച്ച വികേന്ദ്രീകൃത നഴ്സറികളിൽ നിന്നുള്ള ഒരു വർഷം പ്രായമായ തെങ്ങിൻ തൈകൾ സി.പി.എസ്. അംഗങ്ങൾക്കും പ്രദേശ നിവാസികൾക്കും മുൻഗണന നൽകി തന്നെ പദ്ധതിയുടെ നിബന്ധനകൾ പാലിച്ചു കൊണ്ട് ഫെഡറേഷൻ വിറ്റഴിച്ചു. ശാസ്ത്രീയമായ മാനദണ്ഡങ്ങൾ പാലിച്ചാണ് ഗുണമേന്മയുള്ള തൈകൾ (നേരത്തെ മുളച്ചവ, 6,8 ഓലകൾ ഉള്ളവ, ഓലക്കാലുകൾ നേരത്തെ വിടർന്നവ, 12 സെ. മി. അധികം കണ്ണാടിക്കനമുള്ളവ) തിരഞ്ഞെടുക്കുക. ഭരണിക്കാവ് നഴ്സറിയിൽ നിന്നും തൈകൾ ആവശ്യമുള്ളവർ ശ്രീ. അഗസ്റ്റിൻ മനോഹരനെ (സെക്രട്ടറി , ഭരണിക്കാവ് പഞ്ചായത്ത് ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേർസ് സൊസൈറ്റീസ്, കോയിക്കൽ, കട്ടച്ചിറ, ഭരണിക്കാവ്, ആലപ്പുഴ ജില്ല, *മൊബൈൽ :9495018884*) ബന്ധപ്പെടുക. ■

# ആപത്ത് കാലത്തും തൈ പത്ത് വയ്ക്കാം

**ആർ. ജ്ഞാനദേവൻ,**
ഡെപ്യൂട്ടി ഡയറക്ടർ (റിട്ട.) നാളികേര വികസന ബോർഡ് കൊച്ചി.

കേര വൃക്ഷങ്ങളുടെ നാടായ കേരളത്തിൽ ഉൽക്കണ്ഠ ഉളവാക്കുന്ന പ്രധാന പ്രശ്നമാണ് അനുദിനമെന്നോണം കുറഞ്ഞു വരുന്ന തെങ്ങുകളുടെ എണ്ണം. അവരവരുടെ ആവശ്യത്തിനു പോലും തേങ്ങ ലഭിക്കാത്ത അവസ്ഥയാണ് ഇപ്പോൾ മിക്ക വീട്ടു വളപ്പുകളിലും. കൂടാതെ നമ്മുടെ നാട്ടിൻപുറങ്ങളിൽ പോലും ഇന്നു അനുഭവപ്പെടുന്ന കൊടും ചൂടിന് ഒരു കാരണം വീട്ടു വളപ്പിൽ നിന്നും വർഷം തോറും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന തെങ്ങുകളാണ്. പ്രായാധിക്യം കൊണ്ടും, രോഗം ബാധിച്ചും നശിച്ചു പോയ തെങ്ങുകൾക്ക് പകരം നല്ല തൈകൾ നട്ടു വളർത്താൻ തിരക്കേറിയ ജീവിതത്തിനിടയിൽ സമയ കുറവു മൂലം പലപ്പോഴും സാധിക്കാതെ വരുന്നു. എന്നാൽ, ഇന്ന് കൊറോണ വൈറസ് പ്രതിരോധത്തിന്റെ ഭാഗമായി വീട്ടിൽ കഴിയുമ്പോൾ ഈ ആപത്തുകാലത്ത് നശിച്ചു പോയ തെങ്ങിനു പകരം നല്ല തൈകൾ നട്ടു വളർത്താൻ സമയം കണ്ടെത്താം.

**തെങ്ങിൻ തൈകൾ നടാൻ യോജിച്ച സമയമാണിത്. പഴയ തോട്ടങ്ങളിൽ അടിതൈകൾ വയ്ക്കാനും, പുതിയ തോട്ടങ്ങൾ സ്ഥാപിക്കാനും ശ്രമിക്കുന്ന കൃഷിക്കാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

മഴക്കാലമാണിപ്പോൾ. പുതിയ തൈകൾ നട്ടു പിടിപ്പിക്കാൻ ഏറ്റവും ഉചിതമായ സമയം. തെങ്ങിൻ തൈ നടീൽ നമ്മുടെ നാട്ടിൽ പരമ്പരാഗതമായി നടന്നു വരുന്ന പ്രവർത്തനമായതിനാൽ അതേപ്പറ്റി അറിയാൻ പാടില്ലാത്തതായി വളരെയൊന്നുമില്ല എന്ന ധരിക്കുന്നവരാണ് ഏറേയും. എന്നാൽ നടാനായി സ്ഥലം തിരഞ്ഞെടുക്കുന്നതിനും, ശരിയായ അകലത്തിൽ നടുന്നതിനും പാരമ്പര്യ ഗുണമുള്ള തൈകൾ തിരഞ്ഞെടുത്ത്, വേണ്ടത്ര ആഴത്തിൽ കുഴി എടുത്ത് നടുന്നതിലും, തൈ ശരിയായി വളർന്നു വരുന്നതിനുള്ള പരിപാലന മുറകൾ അനുവർത്തിക്കുന്നതിലും നാം വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. തെങ്ങിൻ തൈ നടുമ്പോൾ ശ്രദ്ധിക്കേണ്ട ചില പ്രധാന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

തൈ നടാനായി ധാരാളം സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലം വേണം തെരഞ്ഞെടുക്കാൻ. പലരും മുന്തിയ ഇനം തൈ വാങ്ങി മറ്റു വൃക്ഷങ്ങളുടെ തണലിൽ കൊണ്ടുപോയി നടും. ഈ തൈകൾ ശരിയായി രീതിയിൽ വളരുകയോ കായ്ഫലം തരുകയോ ഇല്ല.

നെടിയ, സങ്കര ഇനങ്ങൾ നടുമ്പോൾ തൈകൾ തമ്മിൽ 25 അടി അകലം തെങ്ങിന്റെ പ്രകൃതി ദത്തമായ വളർച്ചയ്ക്ക് ആവശ്യമാണ്. വീട്ടു വളപ്പിലെ നശിച്ചു പോയ തെങ്ങിനു പകരം നടുമ്പോൾ മറ്റു തെങ്ങുകൾ തമ്മിൽ ഈ അകലമുണ്ടോ എന്ന് ശ്രദ്ധിക്കണം. കൂടാതെ കുറിയ ഇനം തെങ്ങിൻ തൈ നടുമ്പോൾ നെടിയ ഇനത്തിന്റെ അത്ര അകലം ആവശ്യമില്ല.



അതായത് തെങ്ങുകൾ തമ്മിൽ 20 അടി അകലം വരത്തക്കവിധം വേണം നടാൻ.

തെങ്ങിൻ തൈ 3 അടി താഴ്ചയിൽ കുഴി എടുത്ത് വേണം നടാൻ. സാധാരണ മണ്ണിൽ 3 അടി വീതം സമചതുരവും ആഴവുമുള്ള കുഴികളാണ് എടുക്കേണ്ടത്. എന്നാൽ കട്ടിയുള്ള മണ്ണാണെങ്കിൽ 4 അടി വീതം നീളം, വീതി, ആഴം എന്ന വിധത്തിൽ കുഴി എടുക്കണം. തൈ നടുന്നതിനു മുമ്പായി കുഴിയുടെ മുക്കാൽ ഭാഗം മേൽമണ്ണിനൊപ്പം, ഒരു കിലോ ഗ്രാം ഡോളോമൈറ്റും, 10 കിലോ ഗ്രാം ചാണകപ്പൊടിയും, കൂട്ടി കലർത്തി കുഴിയിലിട്ട് നിറക്കണം. ഇപ്രകാരം ഒരുക്കിയ കുഴിയിൽ വേണം തൈ നടാൻ. നട്ട് കഴിഞ്ഞ് തൈയുടെ കടഭാഗം അതായത് തൈയുടെ ഓലകളുടെ അടിഭാഗം വിത്തുതേങ്ങയുമായി യോജിക്കുന്ന ഭാഗം അഥവ കണ്ണാടി വ്യക്തമായി കാണത്തക്കവിധം മണ്ണിൽ നിന്ന് ഉയർന്നിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

തെങ്ങു നടുമ്പോൾ ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം പാരമ്പര്യ ഗുണങ്ങൾ ഉള്ള നല്ല




തൈകൾ തെരഞ്ഞെടുക്കലാണ്. സർക്കാർ നഴ്സറികളിൽ തെങ്ങിൻ തൈകൾ പരിമിതമായതിനാൽ സ്വകാര്യ നഴ്സറികളെയാണ് ഭൂരിഭാഗം കർഷകരും ആശ്രയിക്കുന്നത്. കൂടാതെ ഓൺലൈൻ വഴിയും ഇന്ന് തെങ്ങിൻ തൈകൾ വിപണനം നടന്നു വരുന്നു. ഇന്ത്യയിലെ പ്രധാന ഓൺ ലൈൻ വിപണന ശൃംഖലയായ ആമസോണും, ഫ്ളിപ് കാർട്ടും തെങ്ങിൻ തൈ വിപണന രംഗത്തുണ്ട്. എവിടെ നിന്ന് തൈ വാങ്ങിയാലും താഴെ പറയുന്ന ഗുണനിലവാര മാനദണ്ഡങ്ങൾ ഉണ്ടോ എന്ന് ഉറപ്പു വരുത്തി വേണം തൈ നടാൻ. ലക്ഷണമൊത്ത തൈകൾ നേരത്തോ മുളയ്ക്കുന്നവയായിരിക്കും. നല്ല മാതൃവൃക്ഷങ്ങളിൽ നിന്നു വിത്തു തേങ്ങ ശേഖരിച്ച് പാകി തൈകൾ സ്വന്തമായി തയ്യാറാക്കുമ്പോഴെ ഈ മാനദണ്ഡം പാലിക്കാൻ കഴിയൂ.



കടവണ്ണം അഥവാ കണ്ണാടിക്കനം, (വിത്തു തേങ്ങായിൽ നിന്ന് തൈകൾ മുളച്ചു വരുന്ന ഭാഗത്തെ വണ്ണം) ശ്രദ്ധിക്കണം. മെച്ചപ്പെട്ട തൈകൾക്ക് കടവണ്ണം കൂടിയിരിക്കും. നെടിയ ഇനത്തിലും സങ്കര ഇനത്തിലും പെട്ട തെങ്ങിൻ തൈകൾക്ക് 10-12 സെന്റി മീറ്റർ എങ്കിലും കടവണ്ണമുണ്ടായിരിക്കണം. കുറിയ ഇനത്തിൽ 8-10 സെന്റി മീറ്റർ എങ്കിലും കടവണ്ണമുണ്ടായിരിക്കണം.

ഗുണമേന്മയുള്ള തൈകളിലെ ഓലക്കാലുകൾ നീളം കുറഞ്ഞതും ബലമുള്ളതും ഒട്ടിയിരിക്കാതെ വേർപിരിഞ്ഞ് നിൽക്കുന്നതുമായിരിക്കും. ഇത്തരം ഓലകളെ പീലി ഓലകൾ എന്നു വിളിക്കും. ബലമില്ലാത്ത ഓല നീണ്ട തണ്ടുകളായി വളരുന്ന തൈകൾ ഒരിക്കലും നടാനായി തെരഞ്ഞെടുക്കരുത്.

തൈ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം തൈയുടെ പ്രായമാണ്. പൊതുവേ 4 മുതൽ 6 വരെ വിരിഞ്ഞ ഓലകളുള്ള 9 മുതൽ 12 മാസം പ്രായമായ തൈകളാണ് നടാൻ ഉപയോഗിക്കേണ്ടത്. കുറിയ ഇനം തെങ്ങിൻ തൈകൾ 6 മാസം മുതൽ 9 മാസം പ്രായമാകുമ്പോൾ നടുന്നതാണ് ഉത്തമം.

പുതിയതായി നട്ട തെങ്ങിൻ തൈകളുടെ വളർച്ചയെ തടസ്സപ്പെടുത്തുന്ന മറ്റൊരു പ്രധാന കാരണം മണ്ണിലെ പോഷക മൂലകങ്ങളുടെ കുറവാണ്. ശിപാർശ ചെയ്തിട്ടുള്ള അളവിലുള്ള വളപ്രയോഗം തൈകൾ ആരംഭം മുതൽ തന്നെ നൽകണം. കൂടാതെ മഗ്നീഷ്യം, ബോറോൺ, എന്നീ സൂക്ഷ്മ പോഷക മൂലകങ്ങളുടെ കുറവും മിക്കവാറും മണ്ണിലും കണ്ടു വരുന്നുണ്ട്. തൈകൾക്ക് ഓല വളർച്ച മുരടിക്കുന്നതു കണ്ടാൽ 150 ഗ്രാം എന്ന തോതിൽ വർഷത്തിൽ രണ്ടു പ്രാവശ്യം ബോറോൺ പ്രാരംഭ ദിശയിൽ തന്നെ നൽകണം. പുതിയതായി തെങ്ങിൻ തൈ വച്ചു പിടിപ്പിക്കുന്നതിന് നാളികേര വികസന ബോർഡും സംസ്ഥാന കൃഷി വകുപ്പും സാമ്പത്തിക സാങ്കേതിക സഹായം നൽകി വരുന്നു.

ഈ സഹായം ഉചിതമായി പ്രയോജനപ്പെടുത്തി നമ്മുടെ നാടിന്റെ നന്മയുടെ പ്രതീകമായ തെങ്ങിനെ അതിന്റെ പിന്നാമ്പുറങ്ങളിൽ നിന്ന് ഉയർത്തിക്കൊണ്ടു വരാൻ വീട്ടിൽ വെറുതെയിരിക്കുന്ന ഈ ആപത് കാലം ഫലപ്രദമായി ഉപയോഗിക്കാം. ഓരോ വീട്ടു വളപ്പിലെയും നശിച്ചു പോയ തെങ്ങിനു പകരം ലക്ഷണമൊത്ത നല്ല തൈകൾ വീണ്ടും നട്ടു വളർത്തി നമ്മുടെ തെങ്ങിൻ തോട്ടങ്ങളെ പഴയ പ്രതാപത്തിലേക്ക് തിരികെ കൊണ്ടു വരാൻ നമുക്ക് ശ്രമിക്കാം. ■ *ഫോൺ: 9446054597*

ലോകമെമ്പാടും വൻ ഡിമാന്റുള്ള ക്ഷീരാധിഷ്ഠിത ഉത്പന്നങ്ങളായ ഐസ്ക്രീം, കുൾഫി, യോഗർട്ട്, മിൽക്ക് ഷേയ്ക്കുകൾ തുടങ്ങിയവയുടെ വിപണി എന്നും ശോഭനവും, കുതിക്കുന്നതുമാണ്. പശു ഉൾപ്പെടെയുള്ള മൃഗങ്ങളിൽ നിന്നു ശേഖരിക്കുന്ന പാലിന് ഏറ്റവും മികച്ച ബദൽ ആകുവാൻ നാളികേര പാലിനു സാധിക്കും. പ്രത്യേകിച്ച് നാളികേരം ധാരാളമായി ലഭിക്കുകയും അത് അനുദിന ഭക്ഷണത്തിന്റെ ഒഴിവാക്കാനാവാത്ത ഭാഗമായിരിക്കുകയും ചെയ്യുന്ന ഏഷ്യൻ രാജ്യങ്ങളിൽ. എന്നു മാത്രവുമല്ല, സസ്യഭുക്കുകളിൽ നിന്നും പാലിലെ കൊഴുപ്പ് ഇഷ്ടമില്ലാത്തവരിൽ നിന്നും ഉൾപ്പെടെ ഗ്ലൂട്ടൺ രഹിത ക്ഷീരോത്പ്പന്നങ്ങൾക്ക് വലിയ ഡിമാന്റ് ഉയർന്നു വരുന്നുമുണ്ട്.

നാളികേര വിലയിലെ ചാഞ്ചാട്ടങ്ങൾ മൂലം കേരകർഷകർ കടബാധ്യതയിലേയ്ക്കു നീങ്ങുന്ന സാഹചര്യമാണ് ഇന്നുള്ളത്. അതിനാൽ കൃഷിക്കാരുടെ വരുമാനം വർധിപ്പിക്കുന്നതിനും ഉപജീവന സുരക്ഷ ഉറപ്പു വരുത്തുന്നിനുമുള്ള ഏക പരിഹാരമാർഗ്ഗം മൂല്യ വർധനവാണ്. ഇന്ന് തായലൻഡ്, മലേഷ്യ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ തണുപ്പിച്ച മധുരപദാർത്ഥങ്ങൾ ഐസ്ക്രീം തുടങ്ങിയവയിൽ നാളികേര പാൽ ഉപയോഗിക്കുന്ന രീതി അനുവർത്തിച്ചു വരുന്നു. ഇന്ത്യയിൽ ഐസ് ക്രീമിനൊപ്പം നാളികേര പൾപ്പ് ചേർത്ത് അതിനെ കോക്കനട്ട് ഐസ് ക്രീം എന്ന മുന്തിയ ഉത്പ്പന്നമാക്കി വിപണിയിൽ വിറ്റു വരുന്നു. നാച്ചുറാൽസ്, മെറിബോയ്, ലാസ തുടങ്ങിയ വിവിധ ബ്രാൻഡുകൾ ഉദാഹരണം. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡാർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർവചന പ്രകാരം പാലോ പാൽ ഉത്പ്പന്നങ്ങളോ പ്രകൃതിദത്ത മധുരങ്ങളും അനുവദനീയമായ ക്ഷീരേതര വസ്തുക്കളും മിശ്രണം ചെയ്തു തണുപ്പിച്ച് തയാറാക്കുന്ന ക്ഷീരോത്പ്പന്നമാകുന്നു ഐസ് ക്രീം.

ഉത്പ്പന്നനിർമ്മാണ വേളയിൽ ചേരുവകൾക്കൊപ്പം വായു കൂടി മിശ്രണം ചെയ്ത ശേഷമാണ് ഐസ്ക്രീം ശീതീകരിക്കുക.. മൃദുവായ ഐസ്ക്രീം ലഭിക്കുന്നതിന് ഇത് വളരെ മാർദവമുള്ള സാന്ദ്രതയിൽ തണുപ്പിച്ചാൽ മതി. ഭക്ഷ്യയോഗ്യമായ സസ്യഎണ്ണ, സസ്യജന്യമായ കൊഴുപ്പ്, സസ്യ ജന്യമായ മാംസ്യ ഉത്പ്പന്നം അല്ലെങ്കിൽ രണ്ടും കലർത്തി പാസ്ച്യുറൈസ് ചെയ്ത് തണുപ്പിക്കുമ്പോൾ ലഭിക്കുന്നതാണ് ശീതീകരിച്ച മധുരപദാർത്ഥങ്ങൾ അഥവ



# ഐസ്ക്രീം വ്യവസായം കേരാധിഷ്ഠിതമാകുമ്പോൾ

**ഷമീന ബീഗം പി പി.**
തോട്ടവിള ഗവേഷണ സ്ഥാപനം, കാസറഗോഡ്

**ഗ്ലൂട്ടൺ അടങ്ങിയിട്ടുള്ള മൃഗജന്യ പാലിനു പകരം ശുദ്ധമായ നാളികേര പാൽ ഉപയോഗിച്ച് ഐസ്ക്രീം നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വ്യാവസായികാടിസ്ഥാനത്തിൽ പ്രചാരത്തിലേയ്ക്ക്**








ഡെസേർട്സ്. ഇതിൽ പാലിൽ നിന്നുള്ള കൊഴുപ്പും ക്ഷീരജന്യ ഖരപദാർത്ഥങ്ങളും കൂടാതെ പഞ്ചസാരയും ക്ഷീര ഇതര ചേരുവകളും ഇതിലുണ്ടാവും. ഐസ് ക്രീമിലെ പോലെ ഈ ഉത്പ്പന്നത്തിലും വായുവിന്റെ നേരിയ കുമിളകൾ സാന്ദ്രമായോ കട്ടിയായോ ചേർത്തിട്ടുണ്ടാവും.

ശീതീകരിച്ച മധുര പദാർത്ഥവും (ഡെസെർട്ട്) ഐസ് ക്രീമും തമ്മിലുള്ള വ്യത്യാസം ശീതീകരിച്ച മധുരപദാർത്ഥങ്ങളിൽ സസ്യ കൊഴുപ്പാണ് ചേർക്കുന്നത്. എന്നാൽ ഐസ് ക്രീമിൽ പാലിലെ കൊഴുപ്പും. പാലിലെ കൊഴുപ്പ്, പാലിലെ കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ, പഞ്ചസാര, ദൃഢത നല്കുന്ന പദാർത്ഥങ്ങൾ, ക്രീം രൂപം നല്കുന്ന പദാർത്ഥങ്ങൾ, നിറങ്ങൾ, രുചികൾ എന്നിവയാണ് ഐസ് ക്രീമുകളിലെ ചേരുവകൾ. പാലിലെ കൊഴുപ്പ് ഐസ് ക്രീമിന് മൃദുത്വം നല്കുന്നു. കൂടാതെ സമ്പൂർണവും സമ്പന്നവുമായ സ്വാദും. കൊഴുപ്പു ശരീരത്തിന് ഊർജ്ജം നല്കുന്നു, ദ്രവീകരണ പ്രതിരോധ സ്വഭാവം ഐസ്ക്രീമിന് മൃദുത്വ ഗുണവും നല്കുന്നു. വെണ്ണയാണ് പൊതു സ്രോതസ്. കൊഴുപ്പിതര ഖര വസ്തുക്കളിൽ മാംസ്യം, പാലിലെ പഞ്ചസാര, ധാതു പദാർത്ഥങ്ങൾ എന്നി ഉൾപ്പെടുന്നു. ഇതാണ് ഐസ്ക്രീമിന്റെ കാഴ്ച്ചഭംഗി വർധിപ്പിക്കുന്നത്. പഞ്ചസാരയുടെ മധുര സ്വാദ് ഇതിനോടുള്ള താല്പര്യവും. മാംസ്യമാണ് ഐസ്ക്രീമിനെ കൂടുതൽ മാർദ്ദവവും ഉറപ്പും ഉള്ളതാക്കുന്നത്. പഞ്ചസാര ചേർക്കുന്നത് ഈ ഉത്പ്പന്നത്തിന്റെ സ്വീകാര്യത വർധമാനമാക്കുന്നതിനാണ്. മിശ്രിതത്തിലുള്ള മൊത്തം ഖരപദാർത്ഥങ്ങളിൽ ഏറ്റവും മൂല്യം കുറഞ്ഞ സ്രോതസാണിത്. ഉറപ്പു നല്കാൻ ചേർക്കുന്ന പദാർത്ഥങ്ങൾ സൂക്ഷിപ്പുകാലത്ത് ഐസ്ക്രീമിൽ വലിയ ഐസ് തരികൾ രൂപപ്പെടുന്നതിനെ തടയുന്നു.

ഐസ്ക്രീമിലെ കൊഴുപ്പിന്റെയും കൊഴുപ്പിതര ഖര പദാർത്ഥങ്ങളുടെയും പ്രധാന സ്രോതസായ വെണ്ണയ്ക്കും പാൽപൊടിക്കും പകരം ഞങ്ങൾ നാളികേര പാലും കരിക്കിന്റെ കാമ്പും ഉപയോഗിച്ചു. ഐസ്ക്രീമിന്റെ ചേരുവകൾ തെരഞ്ഞെടുക്കുക, മിശ്രിതം തയാറാക്കുക എന്നിവയാണ് ഐസ് ക്രീം നിർമാണത്തിന്റെ ആദ്യ പടി . സന്തുലിതമായ മിശ്രണത്തിനും, ഉത്പ്പന്നത്തിന്റെ നിയമാനുസൃതമുള്ള ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഐസ് ക്രീം ചേരുവകളുടെ കൃത്യമായ അളവ് അറിഞ്ഞിരിക്കുന്നത് സഹായകരമാണ്. മിശ്രിതം നിർമ്മിക്കുന്നതിനു മുമ്പ് പ്രധാന ചേരുവകകളുടെ മിശ്രണം കണക്കു കൂട്ടിയാൽ വെള്ളം മാത്രം ചേർത്ത് അത് 100 ശതമാനം മികച്ചതാക്കും. .കരിക്കിൽ നിന്ന് കാമ്പ് വേർതിരിച്ചശേഷം ലഭിക്കുന്ന വെള്ളം, സാധാരണ വെള്ളത്തിനു പകരമായി മിശ്രിതം നേർപ്പിക്കുന്നതിന് ഉപയോഗിക്കാം.കരിമ്പിൽ പഞ്ചസാരക്കു പകരമായി നാളികേരത്തിൽ നിന്നുള്ള പഞ്ചസാര ചേർക്കാം. നാളികേര പഞ്ചസാരയിൽ കലോറിക്കു പുറമെ വൈറ്റമിനുകൾ അമിനോ അമ്ളങ്ങൾ, ധാതുക്കൾ എന്നിവയും ഉണ്ട്. പശുവിൻ പാലിൽ 3- 3.5 ശതമാനം വരെയാണ് കൊഴുപ്പിന്റെ അളവ്. എന്നാൽ തേങ്ങാപ്പാലിൽ ഇത് 27 - 33 ശതമാനമാണ്. ഐസ് ക്രീമിന് 10 -11 ശതമാനം വരെ കൊഴുപ്പു മതി. അതുകൊണ്ട് നാളികേര പാലിലെ കൊഴുപ്പ് 10 -11 ശതമാനമാക്കി കുറയ്ക്കുക എന്നതാണ് ഇവിടെ നേരിടുന്ന വെല്ലുവിളി. എല്ലാവർക്കും സ്വീകാര്യമായ മാനദണ്ഡ നിലവരം ക്രോഡീകരിച്ച് ഇത്തരത്തിൽ നിലവാരപ്പെടുത്തിയ ഉത്പ്പന്നത്തിന് ഫ്രോസൺ കോക്കനട് ഡലിക്കസി എന്നാണ് പേര് നല്കിയിരിക്കുന്നത്.

### ഫ്രോസൺ കോക്കനട് ഡലിക്കസി

വിഭാവനം ചെയ്യുന്ന ഡെലിക്കസിയിൽ നാളികേര പാലും കരിക്കിന്റെ കാമ്പും വെള്ളവും, നാളികേര പഞ്ചസാരയും മറ്റ് അവശ്യ ചേരുവകളുമാണുള്ളത്. നാളികേര പാലിൽ ചേർക്കാൻ യോജിച്ച സ്റ്റബിലൈസറുകളും മറ്റും നില വാരപ്പെടുത്തിയിട്ടുണ്ട്. നാളികേര പാലിലെ കൊഴുപ്പ് 11 ശതമാനമാക്കി കുറച്ചു. മിശ്രണം, 15 മിനിറ്റ് പാസ്ചുറൈ സേഷൻ, രണ്ടു ഘട്ടങ്ങളിലായി ഹോമോജനൈസേഷൻ, 5 ഡിഗ്രിയിൽ ശീതീകരണം, 28 ഡിഗ്രിയിൽ ഹാർനസിംങ് എന്നിവയാണ് നിർമ്മാണത്തിലെ ഘട്ടങ്ങൾ.

ഈ സാങ്കേതിക വിദ്യ വാണിജ്യവത്ക്കരിച്ചിരിക്കുന്നത് ഹാങ്യോ ഐസ്ക്രീംസ് ലിമിറ്റഡ് എന്ന സ്ഥാപനമാണ്. വെഗാൻ കോക്കനട്ട് ഡലിക്കസി എന്നാണ് ഇത് അവർ ബ്രാൻഡ് ചെയ്തിരിക്കുന്നത്. കൊക്കോയുടെ സ്വാദുള്ള ഡെലിക്കസിയും നിർമ്മിച്ചു, ചോക്കോനട് എന്ന പേരിൽ. ഈ ഉത്പ്പന്നം ഡൽഹിയിൽ ഐസിഎആറിന്റെ 90 -ാം സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് 2018 ജൂലൈ 16 ന് അന്നത്തെ കേന്ദ്ര കൃഷി കർഷക ക്ഷേമ വകുപ്പു മന്ത്രി ശ്രീ രാധാ മോഹൻ സിംങ് വിപണിയിൽ ഇറക്കുകയുണ്ടായി. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ കാസറഗോഡ് സിപിസിആർഐയിൽ ഒരു ഐസ്ക്രീം പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

ഫോൺ – 9496898780 ■





## സാപ്പറിന് മില്ലേനിയം അലയൻസ് ഫണ്ട് പുരസ്കാരം



നീര ഉത്പാദന മേഖലയിൽ വിപ്ലവം സൃഷ്ടിച്ചേക്കാവുന്ന നൂതന കണ്ടുപിടുത്തമായ സാപ്പറിനും ഇത് രൂപകല്പന ചെയ്ത നവ ഡിസൈൻ എന്ന സ്റ്റാർട്ട് അപ്പ് സ്ഥാപനത്തിനും പ്രശ്സ്തമായ മില്ലെനിയം അലയൻസ് ഗ്രാന്റ് പുരസ്കാരം. യുണൈറ്റഡ് സ്റ്റേറ്റ്സ് ഏജൻസി ഫോർ ഇന്റർനാഷണൽ ഡവപ്മെന്റ് (യുഎസ്എയ്ഡ്) ടെക്നോളജി ഡവലപ്മെന്റ് ബോർഡ്, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി എന്നിവ സംയുക്തമായി നല്കുന്ന പുരസ്കാരമാണ് മില്ലേനിയം അലയൻസ്.

ഒരിക്കൽ തെങ്ങിൻ മുകളിൽ സ്ഥാപിച്ചാൽ മനുഷ്യ സഹായം കൂടാതെ സ്വയം നീര ടാപ്പ് ചെയ്ത് താഴെ എത്തിക്കുന്ന റോബോട്ടിക് സംവിധാനമാണ് സാപ്പർ. കളമശേരിയിലെ സ്റ്റാർട്ടപ്പ് വില്ലേജ് കേന്ദ്രമായി പ്രവർത്തിക്കുന്ന എൻജിനിയറിംങ് ബിരുദധാരികളായ നാലു ചെറുപ്പക്കാരുടെ സംരംഭമാണ് നവ ഡിസൈൻ. ആലുവ സ്വദേശി ചാൾസ് വിജയ് വർഗീസാണ് ടീം ലീഡർ.

ഗ്ലോബൽ ഇന്നൊവേഷൻ ലാബോറട്ടറി എന്ന ഇന്ത്യയുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കാനാണ് മില്ലെനിയം അലയൻസിലൂടെ മേല്പറഞ്ഞ മൂന്നു സ്ഥാപനങ്ങൾ ശ്രമിക്കുക. ഇതിന്റെ ഭാഗമായി ഇന്ത്യയിൽ നൂതന കണ്ടുപിടുത്തങ്ങൾ നടത്തുന്നവർക്ക് ധനസഹായം, വെഞ്ചർ കാപ്പിറ്റൽ, ഏയ്ഞ്ചൽ ഇൻവെസ്റ്റ്മെന്റ്, സംഭാവനകൾ, സേവന ദാതാക്കൾ, കോർപ്പറേറ്റ് ഫൗണ്ടേഷനുകളുടെ പിന്തുണ ഉൾപ്പെടെയുള്ള പ്രോത്സാഹനങ്ങൾ ഇവർ നല്കി വരുന്നു.





# തെങ്ങിൻ തോപ്പിലെ ഔഷധികൾ

ബേബി ജോസഫ്
നാഗാർജുന, തൊടുപുഴ

കോവിഡ് 19 എന്ന കുഞ്ഞൻ വൈറസ് ലോകമെങ്ങും വിറപ്പിക്കുന്ന കാലഘട്ടത്തിൽ വിറങ്ങലിച്ചു നിൽക്കുന്ന മനുഷ്യ സമൂഹത്തെയാണ് ഇന്ന് കാണുവാൻ കഴിയുന്നത്. കോവിഡ് മാത്രമല്ല പലതരം മാരക രോഗങ്ങൾ മനുഷ്യ സമൂഹത്തിന്റെ നിലനിൽപ് തന്നെ ചോദ്യം ചെയ്തുകൊണ്ട് വെല്ലുവിളി ഉയർത്തുകയാണ്. ഇത്തരം രോഗാണുക്കൾക്ക് പെട്ടെന്ന് വിധേയരാവുന്നത് രോഗ പ്രതിരോധ ശേഷി കുറഞ്ഞവരാണെന്ന് ലോകാരോഗ്യ സംഘടനയടക്കമുള്ള ആരോഗ്യ വിദഗ്ധർ സൂചിപ്പിക്കുന്നു.

ഈയവസരത്തിലാണ് ശരീരത്തിന് രോഗ പ്രതിരോധ ശേഷി കൂട്ടുവാൻ ആഹാരമടക്കം ഒട്ടേറെ ഘടകങ്ങളുണ്ടെങ്കിലും നമ്മുടെ പൂർവ്വികരും ആയുർവ്വേദമടക്കമുള്ള വൈദ്യ ശാസ്ത്ര ശാഖകളും നമ്മുടെ ചുറ്റു പാടുകളിൽ വളരുന്ന ഒട്ടേറെ ഔഷധ സസ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നത്. ഇത്തരം ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ കലവറയാണ് നമ്മുടെ തെങ്ങിൻ തോപ്പുകൾ. മറ്റുള്ള നാണ്യവിള തോട്ടങ്ങളിൽ നിന്ന് തെങ്ങിൻ തോപ്പുകളെ വേർതിരിക്കുന്നത് ഇങ്ങനെയുള്ള ജൈവ സമ്പത്ത് നിലനിർത്തുന്നതിൽ ഇവയുടെ മാഹാത്മ്യം തന്നെ.

കഴിഞ്ഞ ലക്കങ്ങളിൽ തെങ്ങിൻ തോപ്പിൽ ലാഭകരമായി ഇടവിളയായി കൃഷിയിറക്കാവുന്ന മരുന്നു ചെടികളെയാണ് പരിചയപ്പെടുത്തിയതെങ്കിൽ ഈ ലക്കത്തിലൂടെ ശ്രമിക്കുന്നത്, നമ്മുടെ ആരോഗ്യ സംരക്ഷണത്തിൽ ആവശ്യമായതും തെങ്ങിൻ തോട്ടങ്ങളിൽ സ്വാഭാവികമായി വളരുന്നതുമായ കൊച്ചു കൊച്ച് ഔഷധ സസ്യങ്ങളെ പരിചയപ്പെടുത്തുന്നതിനാണ്.

### 1. കറുക

തെങ്ങിൻ തോട്ടത്തിലെ തുറസ്സായ സ്ഥലങ്ങളിൽ നിലം ചേർന്ന് വളരെ നേർത്ത കാണ്ഡങ്ങളിൽ മുകളിലേക്ക് വീതി കുറഞ്ഞ് അഗ്രം കൂർത്തു വളരുന്ന ഇലകളോടു കൂടി പടർന്നു വളരുന്ന കൊച്ചു സസ്യമാണ് കറുക. ദശ പുഷ്പങ്ങളിൽ പെടുന്ന കറുക പറിച്ച് ഇടിച്ചു പിഴിഞ്ഞുണ്ടാക്കുന്ന കറുക നീരിന് രോഗ പ്രതിരോധ ശേഷി കൂട്ടുവാൻ പ്രത്യേക കഴിവുണ്ട്. രക്തസ്രാവം പെട്ടെന്ന് കുറയ്ക്കുവാൻ കഴിയുന്ന കറുകയ്ക്ക് ആയുർവ്വേദ മരുന്നുകളിൽ ഒട്ടേറെ ഉപയോഗമുണ്ട്.







**ആരാരും ശ്രദ്ധിക്കപ്പെടാതെ, ആരുടെയും പരിചരണം കൂടാതെ തെങ്ങിൻ തോപ്പുകളിൽ എണ്ണമറ്റ ഔഷധ സസ്യങ്ങൾ തനിയെ വളരുന്നു. ഇവയുടെ മൂല്യം അറിയാനും അവ ശേഖരിച്ച് ഉപയോഗിക്കുവാനും മുൻ തലമുറകൾ നടത്തിയ ശ്രമങ്ങൾ ഫലപ്രദമായി തുടരേണ്ടതുണ്ട്.**



### 2. നറുനീണ്ടി

തവിട്ടു നിറത്തിൽ നേർത്ത വള്ളികളോടു കൂടിയതും വളരെ വീതി കുറഞ്ഞ് നീണ്ട ഇലകളോടു കൂടിയതുമായ നറുനീണ്ടി എല്ലാ തെങ്ങിൻ തോപ്പുകളിലും കാണാം. ചെടിയുടെ എല്ലാ ഭാഗത്തും വെളുത്ത മധുരമുള്ള കറയുണ്ടാവും. ഇവയുടെ വേരാണ് ഔഷധ യോഗ്യം.നല്ല സുഗന്ധമുള്ള കിഴങ്ങാണ്. ചർമ്മ രോഗങ്ങൾ, രക്ത ദൂഷ്യം, മൂത്രാശയ രോഗങ്ങൾ, പനി, ഛർദ്ദി, ലൈംഗിക രോഗങ്ങൾ തുടങ്ങിയവ മാറും. ദാഹശമനിയായി സർബത്തുണ്ടാക്കാൻ നറുനീണ്ടി കിഴങ്ങ് ഉപയോഗിക്കുന്നതോടൊപ്പം ഒട്ടേറെ ആയുർവ്വേദ മരുന്നുകളിലെ ചേരുവയുമാണ്. മൂത്രം ചുടീലിനും മികച്ച ഔഷധമാണ് നറുനീണ്ടി കിഴങ്ങ്.

### 3. ചിറ്റമൃത്

പുരയിടങ്ങളിലെ വേലി ക്കെട്ടിലും പടർപ്പുകളിലും വളരുന്ന ലതാ സസ്യമാണ് അമൃത്. തണ്ടിന്റെ പുറമൊരു മുരുപ്പുണ്ടാകും. ഇലകൾ വലുതും ഹൃദയാകൃതിയുമാണ്. അമൃതിന്റെ തണ്ട് പനി മാറ്റുവാൻ വരെ കഴിവുള്ളതാണ്. തണ്ട് കഷായം വച്ചുപയോഗിക്കുന്നതും, ഇതു വച്ചുണ്ടാക്കുന്ന അമൃതാരിഷ്ടം ഉപയോഗിക്കുന്നത് പനി മാറ്റുവാൻ ഏറെ സഹായിക്കും. അമൃത് നീരു തേൻ ചേർത്തുപയോഗിക്കുന്നത് പനിയും ജലദോഷവും മാറ്റും. ചർമ്മ രോഗങ്ങൾ മാറ്റുവാനും പ്രത്യേക കഴിവുണ്ട്.

### 4. കുടകൻ

ഈർപ്പമുള്ള തെങ്ങിൻ തോപ്പുകളിൽ സുലഭമായി വളരുന്ന ഔഷധ സസ്യമാണ് കുടകൻ. നിലത്ത് പടർന്നു വളരുന്ന നേർത്ത കാണ്ഡത്തിൽ നിന്നും വൃത്താകൃതിയിൽ കാണുന്ന ഇലകൾക്ക് നീണ്ട ഞെട്ടുകളുണ്ട്. ഉത്തരേന്ത്യയിൽ ബ്രഹ്മി എന്നറിയപ്പെടുന്ന ഈ ഔഷധി ബുദ്ധി വികാസത്തിനും ഞരമ്പുകളെ ഉത്തേജിപ്പിക്കുന്നതിനും ത്വക് രോഗങ്ങൾക്കും കൺ കണ്ട ഔഷധമാണ്. മുട്ട ഓംലറ്റിന്റെ കൂടെയോ തോരനായോ ഇലകൾ കഴിച്ചാൽ രോഗ പ്രതിരോധ ശേഷി കൂടും. മൂത്രശയ രോഗങ്ങൾക്കും ഫലപ്രദം.

### 5. ആനച്ചുവടി

തെങ്ങിൻ തോപ്പുകളിൽ വൃത്താകൃതിയിൽ നിലം ചേർന്നു വളരുന്ന മറ്റൊരു ഔഷധിയാണ് ആനച്ചുവടി. ഇലകൾ വിരിഞ്ഞു കഴിഞ്ഞാൽ ആനയുടെ കാൽ പാദത്തിന്റെ ആകൃതിയുള്ള ഇ ഔഷധി സമൂലമരച്ച് നീരുപയോഗിച്ചാൽ കുടൽ രോഗങ്ങൾക്കും, മൂലക്കുരുവിനും ഉത്തമമാണ്. കൂടാതെ ശരീര താപം നിയന്ത്രിക്കുകയും ഹൃദയത്തെ ആരോഗ്യത്തോടെ കാത്തു സൂക്ഷിക്കുകയും ചെയ്യും.

### 6. ചെറൂള

വൃക്ക സംരക്ഷണത്തിനും മൂത്രാശയരോഗങ്ങൾക്കും ഏറെ ഗുണകരമായ ഔഷധസസ്യമാണ് ദശപുഷ്പങ്ങളിലംഗമായ ചെറൂള. ഒരടി ഉയരത്തിൽ വരെ വളരുന്ന ഇവയുടെ എല്ലാ ഭാഗവും മൃദുലമായ രോമങ്ങളാൽ ആവൃതമാണ്. ചീര വർഗ്ഗത്തിൽപ്പെടുന്ന ചെറൂള സമൂലം ഉപയോഗിക്കുന്നത് മൂത്രശങ്ക മാറുവാനും, പ്രമേഹത്തിനും, പനിക്കും രക്തസ്രാവത്തിനും ഫലപ്രദമാണ്.

### 7. മുക്കൂറ്റി

മഴക്കാലമായാൽ തെങ്ങിൻ തോട്ടങ്ങളിൽ മഞ്ഞപ്പൂക്കളാൽ തെങ്ങിന്റെ ആകൃതിയിൽ സുലഭമായി കാണപ്പെടുന്ന കൊച്ചു സസ്യമാണ് ദശപുഷ്പങ്ങളിലെ ആദ്യ അംഗമായ മുക്കൂറ്റി അഥവാ നിലംതെങ്ങ്. രക്തസ്രാവം, രക്ത ശുദ്ധി വയറിളക്കം, സ്ത്രീ രോഗങ്ങൾ, ചുട്ടു നീറ്റൽ ഇവയ്ക്ക് വളരെ ഉപകാര പ്രദം. കൂടാതെ പനി, മുറിവ് ഇവ സുഖപ്പെടുത്തുവാനും ഉപയോഗിക്കാം. ഒട്ടേറെ ഔഷധഗുണമുള്ള കൊച്ചു സസ്യമാണ് മുക്കൂറ്റി. തേനിൽ ചാലിച്ചുപയോഗിക്കുന്നത് ചുമ, വലിവ്, കഫക്കെട്ട് എന്നില മാറ്റും. നീര് നേത്ര രോഗങ്ങൾക്കും കണ്ണു വേദനയ്ക്കും മികച്ചതാണ്.

ഇങ്ങനെ നമ്മുടെ തെങ്ങിൻ തോപ്പുകളിൽ വളരെ ഉപയോഗപ്രദമായ ഔഷധ സസ്യങ്ങളുടെ നിര തന്നെയുണ്ട്. കുറുന്തോട്ടി, ശതാവരി, കച്ചോലം തുടങ്ങിയവയെകുറിച്ച് മുൻ ലക്കങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ പകർച്ചവ്യാധി ക്കാലത്ത് ആരോഗ്യ സംരക്ഷണത്തിനും ഇവയുടെ പ്രചാരണത്തിനും നമുക്കു ശ്രമിക്കാം. *ഫോൺ: 9495508344*






കോവിഡ് 19 മഹാമാരിയുടെ വ്യാപനവും അതുമൂലമുള്ള മരണങ്ങളും ഉയർത്തുന്ന ഭീതിദമായ കാലഘട്ടത്തിലൂടെയാണ് ലോകം ഇപ്പോൾ കടന്നു പോകുന്നത്. കൊറോണ വൈറസ് പ്രത്യക്ഷപ്പെട്ടിട്ട് ഒരു വർഷമാകാൻ ഇനി മാസങ്ങൾ മാത്രം. എന്നിട്ടും ഇതിന് പ്രതിരോധ വാക്സിനോ മരുന്നോ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നിടത്ത് ശാസ്ത്രലോകം പകച്ചു നില്ക്കുകയാണ്. ഈ മഹാമാരിയുടെ പശ്ചാത്തലത്തിൽ ലോക ക്രമം തന്നെ താളം തെറ്റിയിരിക്കുന്നു.

കൂട്ടുകാർക്ക് ഇക്കുറി മധ്യവേനൽ അടച്ചുപൂട്ടലിലായിരുന്നു. അവധിക്കാല യാത്രകൾ ഇല്ലായിരുന്നു. കളിക്കൂട്ടങ്ങൾ ഇല്ലായിരുന്നു, വിനോദങ്ങളും കൂട്ടം ചേരലുകളും ഇല്ലായിരുന്നു. സാമൂഹിക അകലം പാലിച്ചുകൊണ്ട് വൈറസിന്റെ കണ്ണി മുറിക്കാനുള്ള നമ്മുടെ ശ്രമങ്ങളായിരുന്നു അതെല്ലാം. അതിനു പിന്നാലെ സ്കൂൾ തുറപ്പോ പ്രവേശനോത്സവമോ ഇല്ലാതെ ഇതാ അധ്യയന വർഷവും ആരംഭിച്ചിരിക്കുന്നു. ക്ലാസ് മുറികൾ ഇല്ല, പുതിയ കൂട്ടുകാർ ഇല്ല, പാഠപുസ്തകങ്ങൾ ഇല്ല. അധ്യയന രീതി തന്നെ മാറി, ഓൺലൈൻ ക്ലാസുകളാണ് ഇപ്പോൾ. വീട്ടിലെ ഒരു മുറിയിലേയ്ക്ക് നിങ്ങളെ തേടി അറിവുകൾ വരുന്നു. വിദ്യാലയം എന്ന സങ്കലപം പോലും മാറി പോയിരിക്കുന്നു. എല്ലാം പുതിയ അനുഭവങ്ങളാണ്.

നമുക്ക് അറിയില്ല, സാമൂഹ്യ ജീവിതക്രമത്തിൽ എന്തൊക്ക മാറ്റങ്ങളാണ് ഈ മഹാവ്യാധി ഇനിയും കൊണ്ടു വരിക എന്ന്. സാമൂഹിക അകലം പാലിച്ച്, മുഖകവചങ്ങൾ ധരിച്ച്, കൈകൾ ഇടയ്ക്ക് അണുവിമുക്തമാക്കി ഗവൺമെന്റ് നിർദ്ദേശങ്ങൾ അനുസരിച്ച് നമുക്ക് സ്വയം സുരക്ഷിതരാകാം. ഒപ്പം മറ്റുള്ളവരെയും സുരക്ഷിതരാക്കാം.

എഡിറ്റർ

# എന്റെ തെങ്ങ്

കഥ

**അനിത പ്രിൻസ്**
ഗ്രീറ്റ്സ് പബ്ലിക് സ്കൂൾ, കലൂർ, കൊച്ചി

തിരക്കും ജോലിയും നിറഞ്ഞ ഒരു ദിവസം കൂടി തീരുകയാണ്.

രാത്രി അത്താഴത്തിനു പോലും എല്ലാവരേയും ഒരുമിച്ച് കിട്ടാറില്ല. എന്നും രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ചെറുപ്പകാലത്തെ ഗ്രാമ ദിനങ്ങൾ വീണ്ടും വീണ്ടും ഓർത്ത് കിടക്കും. പുഞ്ചവയലും, തെങ്ങിൻ തോപ്പും, കുരുമുളകും റബർ മരങ്ങളുമുള്ള ഗ്രാമത്തിലെ കർഷക കുടുംബത്തിൽ പഠനത്തിന്റെ ഇടവേളകളിൽ അപ്പച്ചന്റെയും അമ്മച്ചിയുടെയും സഹോദരങ്ങളുടെയും ഒപ്പം കൃഷിയിടത്തിലെ അധ്വാനം നല്കിയ ആഹ്ലാദം. അന്നൊക്കെ ഡിസംബറിലെ മഞ്ഞു പുതച്ച ആ രാത്രികൾക്ക് എന്തു മനോഹാരിത ആയിരുന്നു. ഇവിടെ ഈ നഗരത്തിൽ ഓരോ ദിവസവും ജീവിതം മടുക്കുകയാണ്. ഇന്നലെ രാത്രി ഉറങ്ങാൻ കിടന്നപ്പോഴാണ് നാട്ടിൽ നിന്ന് അമ്മിച്ചിയുടെ വിളി വരുന്നത്. ഇപ്രാവശ്യം എങ്കിലും നീ അവനെയും മക്കളേയും കൂട്ടി വരുമോ.

അടുത്ത ക്രിസ്തുമസ് എല്ലാ മക്കൾക്കുമൊപ്പം ഒരുമിച്ച് ആഘോഷിക്കണം എന്ന് അപ്പച്ചൻ കുറെ നാളായി പറയുന്നു. പോകണം എന്ന് മനസും പറയുന്നു. അപ്പച്ചനും അമ്മച്ചിക്കും പ്രായത്തിന്റെ അസ്കൃതകൾ ഏറി വരുന്നു. മക്കളെ വളർത്തി പഠിപ്പിച്ച് ഉദ്യോഗസ്ഥരാക്കി. എല്ലാവർക്കും സ്വന്തം കുടുംബങ്ങളുമായി. ഇപ്പോൾ ഇരുവർക്കും വിദൂരങ്ങളിലുള്ള മക്കളെയും കൊച്ചുമക്കളെയും ഒരുമിച്ചു കാണാൻ ഒരാഗ്രഹം. കുറെ നാളായി പറയാൻ തുടങ്ങിയിട്ട്. ഇച്ചായന്റെ ജോലിയും എന്റെ തിരക്കും മക്കളുടെ പഠിപ്പും കാരണം വർഷങ്ങളായി അമ്മച്ചിയേയും അപ്പച്ചനേയും ചേച്ചിമാരെയും അനുജന്മാരെയും അവരുടെ പിള്ളേരെയും ഒക്കെ ഒരുമിച്ചു കണ്ടിട്ട്. ഇടയ്ക്കിടെ ഒന്നും രണ്ടും പേരെ മാത്രം കാണാറുണ്ട്. എല്ലാവരെയും ഒന്നിച്ചു കണണം എന്നു വിചാരിച്ചപ്പോഴാണ് അമ്മച്ചീടെ വിളി. ഇക്കുറി എന്തായാലും പോണം. പോയേ പറ്റൂ.

പിറ്റെ ദിവസം തന്നെ ഇച്ചായന്റരികിൽ കാര്യം അവതരിപ്പിച്ചു. ജോലി തിരക്കു കാരണം ജീവിതം ആസ്വദിക്കാൻ കഴിയുന്നില്ലല്ലോ എന്ന വിഷമം ആ പാവത്തിനുമുണ്ട്. എന്തു തന്നെ ആയാലും ഇക്കുറി നാട്ടിൽ പോണമെന്ന് ഇച്ചായനും തീരുമാനിച്ചു. സന്തോഷം കൊണ്ട് അമ്മച്ചിയെ വേഗം വിവരം വിളിച്ചറിയിച്ചു. ഞങ്ങൾ വരുന്നു എന്ന് അറിഞ്ഞപ്പോൾ അമ്മച്ചിക്കും സന്തോഷമായി. ചേച്ചിമാരെയും ജോസുകുട്ടി ഒഴികെ അനുജന്മാരെയും വിളിച്ചു വിവരം പറഞ്ഞു. എല്ലാവരും എത്താമെന്നു സമ്മതിച്ചു. ജോസുകുട്ടി വീട്ടിലാണ്. തറവാടും നോക്കി കൃഷികാര്യങ്ങളുമായി കഴിയുന്നു. സഹോദരങ്ങൾ എല്ലാവരും ഒന്നിക്കുമ്പോൾ വീട്ടിൽ ആഘോഷം തന്നെ. ജോസുകുട്ടിക്കും ഭാര്യക്കുമാണ് അതിന്റെ ഭാരം മുഴുവൻ. പക്ഷെ അവർക്ക് അത് സന്തോഷമാണ്. മടങ്ങുമ്പോൾ എല്ലാവർക്കും കുടംപുളിയും തേങ്ങാ ചട്നിയും മറ്റും വേറെ വേറെ പായ്ക്കു ചെയ്ത് ബാഗുകളിൽ വച്ചു തരും. അത് അവർക്കു നിർബന്ധമാണ്. അന്യ ദേശത്തു ജീവിക്കുന്ന ചേച്ചിമാർക്കും ചേട്ടന്മാർക്കും അനുജന്റെ സന്തോഷം.



തിരക്കു നിറഞ്ഞ ദിവസങ്ങൾ പോയതു പോലും അറിഞ്ഞില്ല. ക്രിസ്തുമസ് അടുത്തു. ചെറിയ തണുത്ത കാറ്റും ഒക്കെ വീശുന്നുണ്ട്. എയർപോർട്ടിൽ നിന്നപ്പോൾ നാട്ടുകാരുടേയും വീട്ടുകാരുടേയും മുഖങ്ങൾ മാറി മാറി മനസിൽ തെളിഞ്ഞു. അപ്പോൾ എന്തെന്നില്ലാത്ത ഒരു ഉന്മേഷം. എത്ര നാൾ കൂടിയാണ് എല്ലാവരെയും കാണുക. ഇടവക പ്പള്ളിയിൽ ക്രിസ്മസ് കുർബാന കൂടുക. നക്ഷത്രവിളക്ക് ജോസുകുട്ടി തെളിച്ചിട്ടുണ്ടാവും. ക്രിബ്ബിൽ തെളിക്കാൻ ഒരു ബൾബ് സെറ്റ് മറക്കാതെ വാങ്ങിയിട്ടുണ്ട്. ജോസുകുട്ടിക്ക് അതൊക്കെ വലിയ കാര്യമാണ്. വീട്ടിൽ പോകുമ്പോഴെല്ലാം അവനു മാത്രമായി എന്തെങ്കിലും കരുതിവയ്ക്കാൻ ഞങ്ങൾ ചേച്ചിമാർ മറക്കാറില്ല. ഞങ്ങൾ എടുത്തു കൊണ്ടു നടന്നു വളർത്തിയ കുഞ്ഞനുജനല്ലേ അവൻ.

റിയാദിലെ കോൺക്രീറ്റ് കെട്ടിടങ്ങൾക്കിടയിലുള്ള ജീവിതത്തിൽ നിന്ന് ഒരു മാറ്റം അത് ഇത്രേം വൈകിയതിലും ഇപ്പോൾ വിഷമം തോന്നുന്നില്ല. ലഗേജുകൾ കിട്ടിയ പാടെ പുറത്തിറങ്ങി, ടാക്സിയിൽ വീട്ടിലേക്ക് യാത്രയായി.

നഗരത്തിൽ ഇല്ലാത്ത മനോഹാരിതയും പച്ചപ്പും കണ്ടപ്പോൾ കണ്ണു മാത്രമല്ല മനസ്സും കുളിർന്നു. മക്കൾ ആകാംക്ഷയോടെയാണ് ഇരിക്കുന്നത്.

പണ്ടത്തെപ്പോലെയല്ല നാടും നാട്ടുകാരും മാറിയിരിക്കുന്നു. കാലം മാറും തോറും നാട്ടിലും മാറ്റങ്ങൾ. വീടുകൾക്ക് എണ്ണം കൂടിയതുപോലെ. പണ്ടത്തെ പത്രോസേട്ടന്റേയും മാമ്മിയുടേയും വീടൊന്നും ഇപ്പോൾ ഓർക്കാൻ കഴിയുന്നില്ല. എല്ലാവരേയും കാണണം.

കേരവൃക്ഷങ്ങൾ കാറ്റിൽ ആടിക്കളിക്കുന്നു. പക്ഷികൾ ചിലക്കുന്നു. താറാവുകൾ തോട്ടിൽ നീന്തുന്നു. അയൽവാസി ചേച്ചിമാർ കുശുമ്പും കുന്നായ്മയും പറയുന്ന തോട്ടുകടവിൽ ആരേ പയ്ക്കളെ കുളിപ്പിക്കുന്നുണ്ട്. ഇതൊക്കെ കാണുമ്പോൾ നഗരവും നഗരത്തിലെ ജീവിതവും ഒന്നുമല്ല എന്ന തോന്നൽ.

എല്ലാം കണ്ട് ആസ്വദിക്കുന്നതിനിടെ വീട് എത്തിയതറിഞ്ഞില്ല. അമ്മിച്ചിയും അപ്പച്ചനും മുമ്പിലെ വരാന്തയിൽ കാത്തിരിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ പരസ്പരം ആലിംഗനം ചെയ്ത് അകത്തേക്ക് കേറി. മൂത്ത രണ്ടു ചേച്ചിമാരും കുടംബസമേതം വന്നിട്ടുണ്ട്. ഒരു ചേച്ചിയും രണ്ട് ആങ്ങളമാരും വന്നുകൊണ്ടിരിക്കുന്നു. ജോസുകുട്ടിയുടെ ഭാര്യ ഓടിവന്നു കെട്ടിപ്പിടിച്ചു. എല്ലാവർക്കും ഇളനീരുമായി അപ്പോഴെയ്ക്കും ജോസുകുട്ടിയും എത്തി. അതു കുടിച്ചപ്പോൾ യാത്രയുടെ ക്ഷീണം പറപറന്നു.

മോളെ, നിന്റെ കല്യാണ തലേന്നു നീ നട്ട തെങ്ങിന്റെ കരിക്കാ. നിങ്ങൾക്കായി ജോസുകുട്ടി അടർത്തിയതാണ്. ഞാൻ ഓടി, മുറ്റത്തിനരികിലേയ്ക്ക്. ഞാൻ വച്ച തെങ്ങു കാണാൻ. ഒരു പച്ച തെങ്ങ്. സമൃദ്ധമായ കുലകളുമായി അങ്ങനെ നില്ക്കുന്നു, ഓലകൾ ഇളക്കി എന്നെ അത് സ്വാഗതം ചെയ്തു.

എത്രയോ പ്രാവശ്യം ഞാൻ വന്നു പോയി. എന്നിട്ടും ഇത്രനാൾ ഞാൻ മറന്നു പോയല്ലോ നിന്നെ. ക്ഷമിക്കൂ.

ഞാൻ മന്ത്രിച്ചു.

നീ ആരോടാണ് ഈ സംസാരിക്കുന്നത്. ഞെട്ടി തിരിഞ്ഞപ്പോൾ പിന്നിൽ ഇച്ചായൻ.

ഇതു ഞാൻ വച്ച തെങ്ങാണ്. – ഞാൻ അഭിമാനപൂർവം പറഞ്ഞു.

അപ്പോഴും ആ ചെറു തെങ്ങ് പീലിയോലകൾ വീശി. ഞങ്ങളെ ആശീർവദിക്കാൻ എന്ന പോലെ ■

കവിത

# തെങ്ങുകയറ്റം

**ബിനോജ് കാലായിൽ**

ഒരു കുഞ്ഞിക്കുരുവി
തെങ്ങോലമേലിരുന്നൊന്നു പാടി
കുഞ്ഞിളം കാറ്റ് മെല്ലെ –
ത്തലോടി താളം പിടിച്ചു.

അരുണൻ തന്നുടെ പൊൻ കിരണം
തെങ്ങിൻ നിഴലു പടിഞ്ഞോട്ടാക്കി
ഏണിക്കാരോ ചിറയിൽക്കൂടി
നിരനിരയായി പോകുന്നു
നടവനുമുണ്ട്, പെണ്ണാളരും
ഉത്സാഹത്താൽ പിന്നാലെ

നാൽപത്തഞ്ച് നാൾ കൂടുമ്പോൾ
തോപ്പുകൾ തോറും ഇത് പതിവ്
തണ്ടാന്മാർ വെട്ടിയിടുന്ന
തേങ്ങ പെറുക്കി പെണ്ണുങ്ങൾ
കുട്ടയിലേറ്റി തലച്ചുമടായി
മനയ്ക്കലെ മുറ്റം മലയാക്കി

കൊതുമ്പ് കുഞ്ഞിലോലവറുങ്ങി
നെല്ലു പുഴുങ്ങാൻ കൂട്ടീട്ടു
കുംഭച്ചൂടിലുരുകിയൊലിച്ച്
വേലകൾ ചെയ്തോർ വിഷമിച്ചു
വയറുനിറച്ച് കഞ്ഞി കുടിച്ചവർ
തെങ്ങിൻ ചോട്ടിൽ തണൽ പറ്റി

ചിലരോ കൂട്ടം കൂടിയിരുന്ന്
ചിലരുടെ കുറ്റം കൈമാറി
വിശ്രമവേള കഴിഞ്ഞു വീണ്ടും
തെങ്ങിൻ കയറ്റം തകൃതിയിലായ്
നടവൻ നോട്ടം മാറും നേരം വിരുതിൽ
കരിക്കു ചൂണ്ടി ഭുജിച്ചു ചിലർ

ഉച്ചപ്പണിക്കു കൂലിക്കൊപ്പം
തേങ്ങാ രണ്ടു പസാരം
എന്നും ഓർമ്മയിൽ നിൽക്കുന്നു
എൻ ഗ്രാമ കാഴ്ചയിലിതുകൂടി
ഇന്നോ, തോപ്പുകളില്ലാണ്ടായി
കൃഷിയും തൊഴിലും വേറെയതായി



ലേഖനം



# കേര കേരളം സമൃദ്ധ കേരളം

**ദീപ്തിമോൾ കെ. എം.**
എംഐഎച്ച്എസ് പൂങ്കാവ്, പാതിരപ്പള്ളി പി.ഒ., ആലപ്പുഴ

നാളികേരത്തിന്റെ നാടാണ് കേരളം. കേരളം എന്ന പേരിനു തന്നെ ഈ നാട് കടപ്പെട്ടിരിക്കുന്നത് തലയെടുപ്പുള്ള ഈ വൃക്ഷത്തോട് തന്നെ. പൗരാണിക കാലം മുതൽക്കേ തെങ്ങിനെ അനുഗ്രഹീത വൃക്ഷമായാണ് നാം കരുതിപ്പോരുന്നത്.

കൽപവൃക്ഷമാണ് തെങ്ങ്. ഇല മുതൽ വേരു വരെ ഇതിന്റെ ഓരോ ഭാഗവും ഉപയോഗ യോഗ്യമാണ്. സർവ്വോപരി കേരം പ്രധാനം. കൽപവൃക്ഷത്തിന്റെ പെരുമ വാക്കുകളും കവിഞ്ഞ് വളരുകയാണ്. പുരമുറ്റത്തൊരു കോണിൽ കൈക്കുമ്പിളിൽ നട്ടു നനച്ച് തെങ്ങിനെ പോറ്റി വളർത്തി, ആ നീണ്ട ഒറ്റത്തടിക്കു മുകളിൽ നിവർത്തിയ പച്ചക്കുടയ്ക്കു കീഴിൽ മലയാളിയുടെ ജീവിതവും പച്ച പിടിച്ചു.

പക്ഷേ കാറ്റു വീഴ്ചയും മണ്ഡരിയും പോലുള്ള രോഗങ്ങൾ, മണ്ഡരി പോലുള്ള കീടങ്ങൾ വേണ്ടത്ര തൊഴിലാളികളുടെ അഭാവം എന്നീ കാരണങ്ങളാൽ തെങ്ങിന്റെ ഉത്പാദന ക്ഷമതയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഇത് പക്ഷേ മൂവായിരം വർഷങ്ങളായി ഈ മണ്ണിൽ കാലുറപ്പിച്ചു നിൽക്കുന്ന ഒന്നിനു സംഭവിക്കാവുന്ന സ്വാഭാവികമായ ചില അവസ്ഥാ ഭേദങ്ങളാണ്. നാടിനേയും നാട്ടിലെ നല്ലൊരു ഭാഗം ജനങ്ങളെയും നിലനിർത്തുന്ന തെങ്ങിന്റെ ഈ കാലക്കേടുകളൊക്കെ തടഞ്ഞു നിർത്തുക, തെങ്ങിനെ ഇവയിൽ നിന്നുമൊക്കെ സംരക്ഷിക്കുക എന്നത് നമ്മൾ ഓരോരുത്തരുടേയും കടമയാണ്. ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനാണ് നാം ഊന്നൽ നൽകേണ്ടത്. തെങ്ങു കൃഷി ശാസ്ത്രീയമായി നടപ്പാക്കുന്നതിനലൂടെ ഇത് നമുക്ക് നേടിയെടുക്കാൻ സാധിക്കും. തുടക്കം മുതൽ ശ്രദ്ധിക്കണം. അതായത് തെങ്ങിൻ തൈകൾ തെരഞ്ഞെടുക്കൽ, നടീൽ സമ്പ്രദായം, ആദ്യകാല വളപ്രയോഗ രീതി, വേനൽക്കാല പരിചരണ മുറകൾ, ഇടവിള കൃഷി സമ്പ്രദായം പിന്നെ രോഗ കീടബാധ ഇക്കാര്യങ്ങളെല്ലാം തുടക്കം മുതലേ ശാസ്ത്രീയമായി അനുവർത്തിച്ചാൽ 3 വർഷം കഴിയുമ്പോഴേക്കും തെങ്ങിൻ പൂങ്കുല വരികയും നാലാം വർഷം നമുക്ക് വിളവെടുക്കാൻ സാധിക്കുകയും ചെയ്യും. ഇതിന് കാലതാമസം നേരിട്ടാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും നടുന്നതിനുവേണ്ടി ഗുണമേന്മയില്ലാത്ത വിത്ത് ഉപയോഗിച്ചതാണ് പ്രധാന കാരണമെന്ന്. വിത്തു ഗുണം പത്തു ഗുണം എന്നല്ലേ ചൊല്ല്. വിത്തു നന്നായിൽ വിളവും നന്നാവും. ഗുണമേന്മയുള്ളവയിൽ നിന്നു മാത്രമേ വിത്തുകൾ ശേഖരിക്കാവൂ.

തെങ്ങിൻ തോട്ടത്തിൽ അനുയോജ്യമായ മറ്റു വിളകളും നടാവുന്നതാണ്. ഇത് കർഷകന് അധിക ആദായവും നേടിക്കൊടുക്കുന്നതിൽ സഹായിക്കും. പക്ഷേ ഇതിനും പ്രത്യേകം പരിചരണങ്ങൾ നൽകണമെന്നു മാത്രം. കുരുമുളക്, വാഴ, മരച്ചീനി, കാച്ചിൽ, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, മധുരക്കിഴങ്ങ്, പയറു വർഗ്ഗങ്ങൾ, ജാതി, വാനില, തീറ്റ പുല്ല്, കൈതചക്ക, ഗ്രാമ്പു തുടങ്ങിയവയെല്ലാം തെങ്ങിൻ തോപ്പിൽ നടാവുന്നതാണ്. രോഗങ്ങളും കീടങ്ങളും തെങ്ങിനു വരുത്തുന്ന കോട്ടങ്ങൾ ചെറുതല്ല. പ്രധാന രോഗങ്ങളാണ് കാറ്റു വീഴ്ചയും, കൂമ്പുചീയലും, ചെന്നീരൊലിപ്പും. പ്രധാന ശത്രു കീടങ്ങളാണ്. മണ്ടരിയും, കൊമ്പൻ ചെല്ലിയും.

തെങ്ങിനെ വെറും വെളിച്ചെണ്ണ മരമായി മാത്രം നാം കാണരുത്. പലവിധ ഉത്പന്നങ്ങൾ തെങ്ങിൽ നിന്നും തേങ്ങയിൽ നിന്നും നമുക്ക് ലഭിക്കും. ഇളീർ, തേങ്ങാ ഫ്ളേക്സ്, വെന്ത വെളിച്ചെണ്ണ, പാൽപ്പൊടി എന്നിവ അവയിൽ കുറച്ചു മാത്രമാണ്. തേങ്ങാവെള്ളത്തിൽ നിന്നും വിനാഗിരി, തെങ്ങിൻ പൂക്കുല ചെത്തിയെടുക്കുന്ന നീര നല്ലൊരാരോഗ്യ പാനീയം തന്നെയാണ്. വിപണിയിൽ ഇതിന് നല്ല ഡിമാന്റുമാണ്. ഉൽപന്ന വൈവിധ്യ വൽക്കരണത്തിനു വേണ്ട സാങ്കേതിക വിദ്യയും സാമ്പത്തിക സഹായവും ഇന്ന് കൈയ്യെത്തും ദൂരത്തുണ്ട്. ഇതിനെ ഹൃദ്യസ്ഥമാക്കി വൈവിധ്യമായ ഉൽപന്നങ്ങൾ തയ്യാറാക്കിയാൽ അത് ലോകം രണ്ടു കയ്യും നീട്ടി സ്വീകരിക്കും എന്നതിൽ തർക്കമില്ല. ഉത്പന്ന വൈവിധ്യ വൽക്കരണത്തിൽ മറ്റു ം നാളികേര ഉത്പാദക രാജ്യങ്ങൾ ഏറെ മുന്നോട്ടു പോയി കഴിഞ്ഞു. ഈ വഴിയിൽ ഇനിയും കാര്യമായ ചലനം നാം നടത്തിയിട്ടില്ല എന്ന് ഏറെ ഗുരുതരമായ ഒരു കാര്യമാണ്.

പ്രകൃതിദത്ത പാനീയങ്ങളിൽ ഏറ്റവും ശ്രേഷ്ഠവും പോഷക ഗുണമുള്ളവയുമാണ് ഇളനീർ. വിപണിയിൽ നിന്നും ലഭിക്കുന്ന മറ്റു പാനീയങ്ങൾ മനുഷ്യർക്ക് ദോഷം ചെയ്യും എന്ന തിരിച്ചറിവ് ഇളനീരിന്റെ സാധ്യത വീണ്ടും വർദ്ധിപ്പിക്കുന്നു. കരിക്കിന് വിലകിട്ടുമെന്നത് കർഷകർക്കും ഒരാശ്വാസമാണ്. കരിക്കിന് അനുയോജ്യമായ ചാവക്കാട് ഓറഞ്ച്, തുടങ്ങിയ തെങ്ങിനങ്ങൾ നട്ടു വളർത്തുന്നതിലൂടെ കർഷകന് അധിക ആദായം ലഭിക്കുന്നു. ചിരട്ട, ചകിരി, തേങ്ങ എന്നിവയുപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കാവുന്നതാണ്. തെങ്ങിന്റെ തടികൊണ്ട് ഗൃഹോപകരണങ്ങളും മറ്റും നിർമ്മിക്കുവാൻ സാധിക്കും.

തെങ്ങിൽ നിന്നും തേങ്ങയിൽ നിന്നും ഇതുപോലെ എത്ര എത്ര ഉപകാരങ്ങളാണ് നമ്മൾക്കുള്ളത്. പക്ഷേ ഇവയെല്ലാം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുകയും അവയെ സംരക്ഷിക്കേണ്ടതും നമ്മുടെ ചുമതലയാണ്. ഉത്പാദനക്ഷമ വർദ്ധിപ്പിക്കുക ഒപ്പം ഉത്പന്ന വൈവിധ്യ വൽക്കരണത്തിന് ഊന്നൽ നൽകുക. തെങ്ങിൽ നിന്നുമുള്ള ആദായം വർദ്ധിപ്പിക്കാൻ ഇതു മാത്രമാണ് പോംവഴി. ■

# നേര്യമംഗലം ഫാമിൽ തെങ്ങിൻതൈ വിതരണം



നാളികേര വികസന ബോർഡിന്റെ നേര്യമംഗലത്തുള്ള വിത്തുത്പാദന തോട്ടവും, ആലപ്പുഴ ജില്ലാ പഞ്ചായത്തും, കാർഷിക വികസന ക്ഷേമ വകുപ്പും ചേർന്ന് ജില്ലയിൽ ജനകീയാസൂത്രണ പദ്ധതി 2019 -2020 ഭാഗമായി തരിശു കിടക്കുന്ന പാടശേഖരങ്ങളിലെ പുറം ബണ്ടുകളിൽ തെങ്ങിൻ തൈകൾ വച്ച് പിടിപ്പിക്കൽ പദ്ധതി 2020 ജൂണിൽ ആരംഭിച്ചു. ഈ പദ്ധതിയിലേക്കായി 19047 കുറ്റ്യാടി തെങ്ങിൻ തൈകളുടെ വിതരണം സി.ഡി.ബി യുടെ നേര്യമംഗലത്തെ ഫാമിൽ നിന്നും ആരംഭിച്ചുകഴിഞ്ഞു. എടത്വ, വെളിയനാട്, ചമ്പക്കുളം, കരുവാറ്റ, അമ്പലപ്പുഴ തെക്ക്, അമ്പലപ്പുഴ വടക്ക്, നീലംപേരൂർ, തകഴി, രാമങ്കരി, ചെറുതന, പുളിങ്കുന്ന്, വീയപുരം, മുട്ടാർ, പുന്നപ്ര തെക്ക്, കാവാലം, തലവടി എന്നീ 16 കൃഷി ഭവനുകളുടെ കീഴിലുള്ള 154 പാടശേഖര ബണ്ടുകളിലെയ്ക്കാണ് തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നത്.

കൂടാതെ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു ജൂൺ 5 നു, നേര്യമംഗലം സി.ഡി.ബി ഫാമും, കേരളത്തിലെ വിവിധ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കുകളും, കൃഷി ഭവനുകളും ചേർന്ന് കർഷകർക്ക് തെങ്ങിൻ തൈകൾ ലഭ്യമാക്കുകയുണ്ടായി. കാലടി ഫാർമേഴ്സ് ക്ലബ്, പാലക്കാട്, കടമ്പഴിപ്പുറം, അമ്പലപ്പാറ, കീരംപാറ, മഴുവണ്ണൂർ, നെടുങ്ങപ്ര, കോട്ടപ്പടി, മുടക്കുഴ, കീഴില്ലം, കവളങ്ങാട്, കോതമംഗലം, വേങ്ങൂർ, ഊന്നുകൽ, എടത്തല, പോത്താനിക്കാട് എന്നീ സർവീസ് കോ -ഓപ്പറേറ്റീവ് ബാങ്കുകളും, മുവാറ്റുപുഴ, രായമംഗലം കൃഷിഭവനുകളും വഴിയാണ് 2000 ത്തോളം കർഷകർക്ക് 15600 തെങ്ങിൻ തൈകൾ വിതരണം ചെയ്തത്.

## കൃഷി പാഠശാല നടത്തി



### അന്തിയൂർ

തിരുവനന്തപുരം ജില്ലയിൽ നേമം ഫെഡറേഷൻ അന്തിയൂർ ഉത്പാദക സംഘം ബാലയ്യന്റെ കൃഷിയിടത്തിൽ കൃഷി പാഠശാല നടത്തി. മാർച്ച് 6ന് രാവിലെ 10ന് ആരംഭിച്ച പാഠശാല അന്തിയൂർ പഞ്ചായത്ത് പ്രസിഡന്റ് വസന്തകുമാരി ഉദ്ഘാടനം നിർവ്വഹിച്ചു.

അന്തിയൂർ ഉത്പാദക സംഘം വൈസ് പ്രസിഡന്റ് ശ്രീ. ബാലയ്യൻ അദ്ധ്യക്ഷനായിരുന്നു. തുടർന്ന് ശ്രീ. ടി. മഹേഷ്, കൃഷി ഓഫീസർ (കൃഷി ഭവൻ, ബാലരാമപുരം) തെങ്ങ് കൃഷിയെ സംബന്ധിച്ച് വിശദമായി സംസാരിച്ചു. ആധുനിക കൃഷി രീതികൾ, രോഗ പ്രതിരോധ നടപടികൾ തുടങ്ങിയ വിഷയങ്ങളിൽ കൃഷിക്കാരുടെ സംശയങ്ങൾക്ക് അദ്ദേഹം മറുപചി നൽകി. ശ്രീമതി. മീരാ ചന്ദ്രൻ (ടെക്നിക്കൽ ഓഫീസർ) നാളികേര വികസന ബോർഡ്, പാഠശാലയിൽ പങ്കെടുത്തു. സംഘം പ്രസിഡന്റ് ശ്രീ. അയ്യപ്പൻ നായർ നന്ദി അറിയിച്ചു.

### നടുക്കാവുങ്കൽ

നടുക്കാവുങ്കൽ നാളികേര ഉത്പാദക സംഘത്തിന്റെ നേതൃത്വത്തിൽ അംഗങ്ങൾക്കായി കൃഷി പാഠശാല നടത്തി. കർഷകശ്രീ അവാർഡ് ജേതാവ് ടിവി തോമസിന്റ കൃഷിയിടത്തിൽ എത്തിയ അംഗങ്ങൾക്ക് ശ്രീ തോമസ് തന്റെ കാർഷികാനുഭവങ്ങൾ വിശദീകരിച്ചു. അതോടൊപ്പം എല്ലാവരും അദ്ദേഹത്തിന്റെ കൃഷിരീതികൾ നേരിട്ടു കണ്ടു പരിചയപ്പെടുകയും ചെയ്തു.

തുടർന്ന് മഞ്ചേരി മണ്ണ് സംരക്ഷണ ഓഫീസിലെ സർവെയർ ശ്രീ.കെകെ ദിനേശ് മണ്ണഅ ജന സംരക്ഷണ രീതികളെ കുറിച്ചു, ശേഷം ശ്രീ ടിവി തോമസ് സംയോജിത കൃഷിയും വളപ്രയോഗരീതികളും സംബന്ധിച്ച് ക്ലാസുകൾ നയിച്ചു. കൃഷിക്കാരുടെ സംശയങ്ങൾക്ക് ഇരുവരും മറുപടി നല്കി. സെക്രട്ടറി കെവി ഉണ്ണികൃഷ്ണൻ നന്ദി പറഞ്ഞു. ഉച്ചകഴിഞ്ഞ് 1.30ന് ഉച്ചഭക്ഷണത്തോടെ കൃഷിപാഠശാല സമാപിച്ചു. 35 പേർ പങ്കെടുത്തു.

### ചേളന്നൂർ

ചേളന്നൂർ അഗ്രിമ കേര ഉത്പാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടുവല്ലൂർ വലിയ ചെത്തലിൽ കേര കാർഷിക തോട്ടത്തിൽ കൃഷി പാഠശാല നടത്തി. കാക്കൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ ജമീല ഉദ്ഘാടനം ചെയ്തു. അഗ്രിമ കേര ഉത്പാദക സംഘം പ്രസിഡന്റ് ശ്രീ. എ ശ്രീനിവാസൻ അധ്യക്ഷനായിരുന്നു. കാക്കൂർ കൃഷി ഓഫീസർ ശ്രീമതി വി.പി നന്ദിത, മുൻ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ശ്രീ.സി വിജയൻ, ശ്രീ.കെപി വിജയൻ തുടങ്ങിയവർ ക്ലാസ് നയിച്ചു.

# തെങ്ങിൻ തോപ്പിൽ ജൂലൈ മാസത്തെ കൃഷിപ്പണികൾ

## തൈകൾ നടാം

തെക്കു പടിഞ്ഞാറൻ മൺസൂൺ വൈകുകയോ ആവശ്യത്തിനു ലഭിക്കാതിരിക്കുകയോ ചെയ്ത സ്ഥലങ്ങളിൽ ഈ മാസത്തിൽ പുതിയ തെങ്ങിൻ തൈകൾ നടാവുന്നതാണ്. തൈകൾ നട്ട ഉടൻ തുടർച്ചയായി മഴയാണെങ്കിൽ കുഴിയിൽ വെള്ളം കെട്ടിനില്ക്കാതിരിക്കാൻ ചാലുകൾ കീറണം. കുഴിക്കു ചുറ്റും മണ്ണുകൊണ്ട് നല്ല വരമ്പു പിടിപ്പിച്ച് വെള്ളം കുഴിയിൽ കടക്കുന്നതും ഒഴിവാക്കാം.



## നഴ്സറി പരിപാലനം

നഴ്സറികളിൽ കളയെടുക്കൽ നടത്തണം. തവാരണകളിൽ വെള്ളം കെട്ടി നില്ക്കാതിരിക്കാൻ ആവശ്യത്തിനു ചാലുകൾ നിർമ്മിക്കണം.

## വിളസംരക്ഷണം

ജൂലൈ മാസത്തിൽ ശക്തമായ മഴ പെയ്യുന്ന കാലാവസ്ഥ രോഗങ്ങളും കീടങ്ങളും പെരുകാൻ അനുകൂലമായ സാഹചര്യം ഒരുക്കും. അന്തരീക്ഷത്തിലെ ഈർപ്പം കീടങ്ങളുടെ ആക്രമണം കുറയ്ക്കുമെങ്കിലും ഇക്കാലഘട്ടത്തിൽ രോഗങ്ങൾ വർദ്ധിക്കും. മാരകമായ കൂമ്പു ചീയൽ പോലുള്ള രോഗബാധ ഉണ്ടാകാതിരിക്കാൻ ഈ കാലയളവിൽ തെങ്ങിൻ തോട്ടങ്ങളിൽ കൃത്യമായ നിരീക്ഷണം അത്യാവശ്യമാണ്. തെങ്ങിൽ കീടങ്ങൾ ഉണ്ടാക്കുന്ന ഏതു മുറിവും രോഗം പിടിപെടാൻ വളരെ അനുകൂലമായ സാഹചര്യം സൃഷ്ടിക്കും. പിരിയൻ വെള്ളീച്ച ബൊണ്ടാരി വെള്ളീച്ച,ഓലതീനി പുഴു തുടങ്ങിയ കീടങ്ങളുടെ ആക്രമണം ഈ കാലയളവിൽ പൊതുവെ കുറയും. അതെ സമയം കേരളത്തിന്റെ വിവിധ നാളികേര മേഖലകളിൽ ചെമ്പൻ ചെല്ലിയുടെ ആക്രമണം ഇക്കാലയളവിൽ രൂക്ഷമാകാറുണ്ട്. ഒപ്പം ഓലചീയലും കൂമ്പുചീയലും വ്യപകമായും കാണാം.



*പ്രായപൂർത്തിയായ കീടങ്ങൾ*

## ചെമ്പൻ ചെല്ലി



*തെങ്ങിൻ മണ്ടയിലൂടെയുള്ള ആക്രമണം*

കൊമ്പൻ ചെല്ലിയുടെ ആക്രമണം കുറയുന്നതോടെ ചെമ്പൻ ചെല്ലി എന്ന മാരക കീടത്തിന്റെ അക്രമണവും ഒരു പരിധിവരെ കുറയും. കാരണം ഇവയ്ക്കു വൃക്ഷത്തിനുള്ളൽ പ്രവേശിച്ച് മുട്ടയിടാൻ തെങ്ങിൽ ഗാത്രത്തിൽ ഏതെങ്കിലും തരത്തിലുള്ള മുറിവു വേണം. ഇവയുടെ ആക്രമണത്തിന് ഏറ്റവുമധികം വിധേയമാകുന്നത് 5–15 വർഷം പ്രായമായ കുറിയ ഇനം തെങ്ങുകളാണ്. ഈ കീടത്തിന്റെ എല്ലാ ജീവിത ദശകളും തെങ്ങിന്റെ ഉള്ളിൽ തന്നെയാണ്. ആക്രമിക്കപ്പെടുന്ന തെങ്ങുകളുടെ അടിഓലകൾ ഒടിഞ്ഞു തൂങ്ങും. മധ്യഭാഗത്തുള്ളവ മഞ്ഞളിക്കും. തടിയിൽ ദ്വാരങ്ങൾ പ്രത്യക്ഷപ്പെടും.



*മണ്ട മറിഞ്ഞ് വീണുകിടക്കുന്നു*

അതിൽ നിന്ന് തവിട്ടു നിറമുള്ള ദ്രാവകം ഒഴുകും. ഇതെല്ലാമാണ് ലക്ഷണങ്ങൾ. വിവിധ ഗന്ധങ്ങൾ ഉള്ള ഇടവിളകൾ മാറിമാറി തെങ്ങിൻ തോപ്പിൽ കൃഷി ചെയ്യുന്നതു മാത്രമാണ് ഇവയെ നിയന്ത്രിക്കാനുള്ള പോം വഴി.

### നിയന്ത്രണമാർഗ്ഗങ്ങൾ

- തോട്ടം ശുചിയായി സൂക്ഷിക്കുക, ജീർണിച്ച തെങ്ങിന്റെ ഭാഗങ്ങൾ തീയിട്ടു നശിപ്പിക്കുക
- വൃക്ഷങ്ങളിൽ മുറിവുകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക. മടലുകൾ വെട്ടുമ്പോൾ തടിയിൽ നിന്ന് ഒരു മീറ്ററെങ്കിലും മാറി മുറിക്കുക.
- വിള പരിക്രമവും പൊതുവിൽ ശിപാർശ ചെയ്യുന്ന ഇടയ കലവും പാലിക്കുക
- കൃത്യവും യഥാസമയവുമുള്ള കീടനാശിനികളുടെ പ്രയോഗം ഇമിഡാക്ലോറോപ്രൈഡ് 0.002 ശതമാനം (ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ ഇൻഡോക്സോക്രാബ് 0.04 ശതമാനം (2.5 മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കീടബാധയുള്ള തെങ്ങുകളിൽ പ്രയോഗിച്ചാൽ ചെല്ലിയുടെ പുഴുക്കൾ നശിക്കും. പുതിയ കൂമ്പ് വന്ന് വൃക്ഷം പുതുജീവൻ പ്രാപിക്കും.
- ഏകവിള സമ്പ്രദായത്തിനു പകരം വൈവിധ്യമാർന്ന വിളകൾ തെങ്ങിൻ തോപ്പിൽ കൃഷി ചെയ്യുന്നതിലൂടെ ചെമ്പൻ ചെല്ലിയുടെ ആക്രമണത്തെ കുറയ്ക്കാൻ കഴിയും.







## തെങ്ങോലപ്പുഴു അഥവ ഓലതീനിപ്പുഴു

നാളികേര ഉത്പാദക മേഖലകളിൽ പ്രത്യേകിച്ച് തീരപ്രദേശങ്ങളിലും കായലോരങ്ങളിലും വളരുന്ന തെങ്ങിനെ ആക്രമിക്കുന്ന ഒരു പ്രധാന കീടമാണ് തെങ്ങോലപ്പുഴു. പുഴയും കായലും ഉൾപ്പെടെ ജലാശയ സാമീപ്യമുള്ള പ്രദേശങ്ങളിലെ തോട്ടങ്ങളിൽ തണുപ്പു കാലത്ത് പ്രത്യേകിച്ച് ഇവയുടെ ആക്രമണം രൂക്ഷമാണ്. രൂക്ഷമായ ആക്രമണമാണെങ്കിൽ ഓലയുടെ പുറം വശം മുഴുവൻ പൊള്ളലേറ്റതുപോലെ ഉണങ്ങി കരിഞ്ഞിരിക്കും. ഫെബ്രുവരി മുതൽ മെയ് ജൂൺ വരെയുള്ള കാലയളവിലാണ് ഈ കീടത്തിന്റെ രൂക്ഷമായ ആക്രമണം കണ്ടുവരുന്നത്. ഇവയുടെ ആദ്യ ദശകളെ തിന്നു നശിപ്പിക്കുന്ന നാടൻ പരാദങ്ങൾ (മിത്രകീടങ്ങൾ) പ്രകൃതിയിൽ ഇല്ലെങ്കിൽ ആക്രമണത്തിനു വിധേയമാകുന്ന പുതിയ കൃഷിയിടങ്ങളിൽ ഇവ അതിവേഗം വ്യാപിക്കും. തെങ്ങോലയിലെ ഹരിതകം ഭക്ഷിക്കുന്ന ഇവയുടെ ആക്രമണം മൂലം പ്രകാശ സംശ്ലേഷണം കുറഞ്ഞ് ഓലക്കാലുകൾ ശോഷിക്കും, മച്ചിങ്ങ കൊഴിയും. കായ്ഫലം ഗണ്യമായി കുറയും. ഇവയുടെ ആക്രമണം മൂലം 45.4 ശതമാനം വരെ ഉത്പാദനം കുറയുന്നു. ഓലകളും ഉപയോഗ ശൂന്യമാകും. ജൈവിക നിയന്ത്രണ ഉപാധികൾ വഴി ഇവയെ തോട്ടത്തിൽ നിന്നു തുരത്താം.

### നിയന്ത്രണ മാർഗ്ഗങ്ങൾ

- കീടത്തിന്റെ ആക്രമണമുള്ള മേഖലകളിൽ തെങ്ങോലകൾ കൃത്യമായ നിരീക്ഷണത്തിനു വിധേയമാക്കുക
- കീടത്തിന്റെ വിവിധ ദശകൾ പേറുന്ന ഉണങ്ങിയ രണ്ടു മൂന്നു പുറം മടലുകൾ വെട്ടി തീയിട്ടു നശിപ്പിക്കുക. ഇത് തെങ്ങോലപ്പുഴുക്കളുടെ സംഖ്യ കുറയ്ക്കാൻ സഹായിക്കും
- കീടത്തിന്റെ ആക്രമണമുള്ള മേഖലകളിൽ നിന്ന് ആക്രമണം ഇല്ലാത്ത സ്ഥലങ്ങളിലേയ്ക്ക് തെങ്ങോലകൾ കൊണ്ടുപോകുന്നത് ഒഴിവാക്കുക.
- തെങ്ങോലപുഴുവിന്റെ ആക്രമണമുള്ള തോട്ടങ്ങളിൽ എതിർപ്രാണികളെ വിട്ട് ജൈവിക നിയന്ത്രണം സാധ്യമാക്കാം. ഗൊണിയോഡസ് നെഫാന്റിഡിസ് (തെങ്ങ് ഒന്നിന് 20 എണ്ണം എന്ന തോതിൽ) ബ്രാക്കോൺ ബ്രെവിക്കോർണിസ് (തെങ്ങ് ഒന്നിന് 30 എണ്ണം എന്ന തോതിൽ) ഇലാസ്മസ് നെഫാന്റി ഡിസ് (100 ന് 49 എന്ന നിരക്കിൽ) ബ്രാക്കിമേറിയ നൊസ്റ്റോയ് (100 ന് 32 എന്ന നിരക്കിൽ) എന്നീ മിത്രകീടങ്ങളെ തെങ്ങോലപുഴുക്കൾക്കെതിരെ വിവിധ ദശകളിൽ ഉപയോഗിക്കാം. കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എതിർപ്രാണി വളർത്തൽ കേന്ദ്രങ്ങളിൽ നിന്ന് ഇവയെ ലഭ്യമാക്കാം.

കീട നിയന്ത്രണങ്ങൾക്കൊപ്പം നിർദ്ദേശിച്ചിരിക്കുന്ന വള പ്രയോഗവും തെങ്ങുകൾക്ക് നല്കുന്നു എന്ന് ഉറപ്പാക്കണം.

## വെള്ളീച്ച

പിരിയൻ വെള്ളീച്ച കൂടാതെ രണ്ടു പുതിയ ഇനം വെള്ളീച്ചകൾ കൂടി തെങ്ങിന്റെ ശത്രു പക്ഷത്ത് വന്നിരിക്കുന്നു. പരാലെയ്റോഡ്സ് ബൊണ്ടാരി, പരാലെയ്റോഡ്സ് മിനെയ് എന്നിവയാണ് അവ. പിരിയൻ വെള്ളീച്ചയ്ക്ക് 2.5 മില്ലി മീറ്റർ വലിപ്പമുള്ളപ്പോൾ ഈ വെള്ളീച്ചകൾക്ക് 1.1 മില്ലി മീറ്റർ മാത്രമാണ് വലിപ്പം.

പിരിയൻ വെള്ളീച്ചയെ നിന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ തന്നെ ഈ വെള്ളീച്ചയ്ക്കും അവലംബിക്കാം.





***നിയന്ത്രണം***

- ചെറിയ തെങ്ങിൻ തൈകളിൽ ശക്തിയായി വെള്ളം ചീറ്റിച്ച് വെള്ളീച്ച കോളനികളെ തുരത്താം.
- തെങ്ങിൻ തൈകൾക്കും ഫലം നല്കുന്ന തെങ്ങുകൾക്കും ജലസേചനം, മികച്ച വളപ്രയോഗം എന്നിവ ഉറപ്പാക്കി വൃക്ഷങ്ങളുടെ ആരോഗ്യം പരിരക്ഷിക്കുക.
- കീടങ്ങളെ നിയന്ത്രിക്കാൻ രാസ കീടനാശിനികൾ ഉപയോഗിക്കരുത്. അങ്ങിനെ ചെയ്താൽ പ്രകൃതിയിലുള്ള എൻകാർസിയ ഗുഡാലൂപ്പെ പോലുള്ള മിത്രകീടങ്ങൾ കൂടി നശിച്ചു പോകും. അതിനാൽ രാസ കീടനാശിനികൾ ഒഴിവാക്കി കൊണ്ടുള്ള മിത്ര കീട സൗഹൃദമായ പ്രതിരോധമാണ് അഭികാമ്യം.
- മഞ്ഞകാർഡ് കെണി, എൻകാർസിയ ഗുഡാലൂപ്പെ പോലുള്ള മിത്രകീടങ്ങളെ ഉപയോഗിച്ചുള്ള ജൈവ നിയന്ത്രണം 70 ശതമാനം കണ്ട് കീട നിയന്ത്രണം സാധ്യാക്കും. 80 ശതമാനം മിത്ര കീടങ്ങളുടെ വർധനവും.
- ലിയോക്രീനൂസ് നീൽഗിരിയാനൂസ് എന്ന ഇനം തേനീച്ചയുടെ കോളനികളെ വളർത്തിയാൽ അത് വെള്ളീച്ചകളെ തുരത്തും.
- കൃഷിയിടങ്ങളിലെ ജാഗ്രതയേറിയ നിരീക്ഷണം വെള്ളീച്ചകളുടെ ആക്രണം യഥാ സമയം കണ്ടെത്തി നിയന്ത്രണ ഉപാധികൾ സ്വീകരിക്കാൻ ഉപകരിക്കും.

## ഓല ചീയൽ

പ്രധാനമായും കൊളിറ്റോട്രൈക്കം ഗ്ലിയോസ്പോറോയിഡസ്, എക്സറോഹൈലം റോസ്ട്രേറ്റം എന്നീ കുമിളുകൾ മൂലമുണ്ടാകുന്ന ഓല ചീയൽ രോഗം കേരളത്തിന്റെ തെക്കൻ ജില്ലകളിലാണ് കൂടുതൽ കണ്ടു വരുന്നത്. കാറ്റു വീഴ്ച രോഗം ബാധിച്ച തെങ്ങുകളിലാണ് ഓലചീയൽ കാണുന്നത്. നാമ്പോലയിലെ ഓലക്കാലുകളിൽ തിളച്ച വെള്ളം വീണ പോലുള്ള പുള്ളികൾ പ്രത്യക്ഷപ്പെടുതാണ് ആദ്യ രോഗ ലക്ഷണം. ഈ പുള്ളികൾ ക്രമേണ നിറം മാറി ചീഞ്ഞ് വലുതാവുന്നു. ക്രമേണ ഓലക്കാലുകളുടെ അരികും മൂലകളും കറുത്ത നിറം പ്രാപിച്ച് ചുരുങ്ങിയുണങ്ങിപ്പോകുന്നു. ആദ്യഘട്ടത്തിൽ തന്നെ വേണ്ട രോഗ പ്രതിരോധ നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ എല്ലാ ഓലകളും ഈ അവസ്ഥയിലാകും. തൻമൂലം ഓലകളുടെ ഹരിത വിസ്തീർണ്ണത്തിന് ഗണ്യമായ കുറവ് സംഭവിക്കു.

***രോഗ നിയന്ത്രണം***

ഹെക്സകൊണസോൾ എന്ന കുമിൾ നാശിനി 2 മിലി., 300 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ കുമിൾ നാശിനി ലായനി രോഗ ബാധിതമായ ഭാഗങ്ങൾ വെട്ടി നശിപ്പിച്ച ശേഷം രോഗ ബാധിത ഭാഗങ്ങളിൽ ഒഴിക്കുക. ഈ നിയന്ത്രണ രീതി ഏപ്രിൽ - മെയ്, സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ അനുവർത്തിക്കണം




*ചെറു തെങ്ങിൽ ഓല ചീയൽ രോഗം.*





നാമ്പോല ഒടിഞ്ഞു തൂങ്ങിയിരിക്കുന്നു



## കൂമ്പു ചീയൽ

അന്തരീക്ഷ താപനില താഴ്ന്നിരിക്കുകയും ഈർപ്പം ഉയർന്നിരിക്കുകയും ചെയ്യുന്ന ചില മേഖലകളിൽ കൂമ്പു ചീയൽ രോഗം പിടിപെട്ട് നൂറു കണക്കിനു തെങ്ങുകൾ നശിച്ചു പോകുന്നത് പതിവാണ്. നാമ്പോലയ്ക്കു ചുറ്റുമുള്ള ഒന്നോ രണ്ടോ ഓലകളെ ആക്രമിക്കുന്ന രോഗം തുടർന്ന് ഓലകളുടെ ചുവടുഭാഗത്തേയ്ക്ക് വ്യാപിക്കും. നാമ്പോലകൾ വാടി മഞ്ഞ നിറം കാണപ്പെടുന്നതാണ് ആദ്യ ലക്ഷണം. തുടർന്ന് നാമ്പോല ഉണങ്ങി ഒടിഞ്ഞു തൂങ്ങും. രോഗം ബാധിച്ച ഓലയിൽ പിടിച്ചു വലിച്ചാൽ വേഗത്തിൽ ഊരിപ്പോരും. നാമ്പോലയുടെ കടഭാഗം പൂർണമായും അഴുകി ദുർഗന്ധം വമിക്കുകയും ചെയ്യും. അന്തരീക്ഷ ഊഷ്മാവ് 20 -24 ഡിഗ്രി സെൽഷ്യസ് പരിധിയിലും ഈർപ്പം 98-100 ശതമാനത്തിലുമാണ് കൂമ്പു ചീയലിന് സഹായകരമായ അവസ്ഥ. ഇത്തരത്തിലുള്ള അനുകൂല ദിനാന്തരീക്ഷ സ്ഥിതി നീണ്ടു നില്ക്കുന്ന മഴക്കാലങ്ങളിലാണ് ഈ രോഗം തെങ്ങുകളെ ആക്രമിക്കുന്നതും നിയന്ത്രണാതീതമായി വ്യാപിക്കുന്നതും. ഫൈറ്റോഫ്ത്തോറ മൂലമുള്ള കുമിൾ രോഗമായതിനാൽ ഇത് വളരെ ഗുരുതരമാണ്. അതിനാൽ മഴക്കാലങ്ങളിൽ തെങ്ങുകൾ, പ്രത്യേകിച്ച് നാമ്പോലയും ചുറ്റുമുള്ള ഓലകളും അവയുടെ ആരോഗ്യ അവസ്ഥ വിലയിരുത്തേണ്ടത് അത്യാവശ്യമാണ്.




### നിയന്ത്രണ മാർഗ്ഗങ്ങൾ

തെങ്ങുകളുടെ മണ്ട കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുകയും ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം മഴക്കാലത്തിനു തൊട്ടു മുമ്പ് തളിക്കുകയും വേണം. പിന്നീട് 35-40 ദിവസം കഴിഞ്ഞ് ഒരു പ്രാവശ്യം കൂടി മരുന്നു തളി നടത്തണം. കൂമ്പു ചീയലിനെ ഒരു പരിധി വരെ ഈ നടപടി പ്രതിരോധിക്കും.

ട്രൈക്കോഡർമ്മ ചേർത്തു സമ്പുഷ്ടീകരിച്ച ചകിരിച്ചോർ കട്ട രണ്ടെണ്ണം വീതം മഴക്കാലാരംഭത്തിനു മുമ്പെ നാമ്പോലയുടെ കവിളുകളിൽ വയ്ക്കുക. പിന്നീട് ഓരോ രണ്ടു മാസത്തിലും ഇത് ആവർത്തിക്കുക.

രോഗബാധിതമായ നാമ്പോലയുടെ അഴുകിയ ഭാഗം മൂർച്ചയുള്ള കത്തികൊണ്ട് മുറിച്ചു മാറ്റി വൃത്തിയാക്കിയ ശേഷം അവിടെ 10 ശതമാനം വീര്യമുള്ള ബോർഡോ കുഴമ്പ് പുരട്ടുക. ഈ ഭാഗം അടുത്ത പുതു നാമ്പ് ഉണ്ടാകുന്നതു വരെ പോളിത്തീൻ ഷീറ്റു കൊണ്ടു പൊതിഞ്ഞു മഴവെള്ളം കയറാതെ സൂക്ഷിക്കണം.

ഇത്തരത്തിൽ കൃത്യവും സമയബന്ധിതവുമായ രോഗപ്രതിരോധ നടപടികൾ സ്വീകരിച്ച് മഴക്കാലത്ത് ഉണ്ടാകുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണങ്ങളെ ചെറുക്കാൻ കൃഷിക്കാർ തെങ്ങുകളെ സജ്ജമാക്കണം. ചികിത്സയെക്കാൾ ഉത്തമം പ്രതിരോധമാണ് എന്ന പഴമൊഴി ഓർക്കുക. അതായിരിക്കണം തെങ്ങുകളുടെ സംരക്ഷണത്തിൽ കൃഷിക്കാർ സ്വീകരിക്കേണ്ടത്. രോഗ കീടങ്ങൾ വ്യാപിച്ച ശേഷം അവയ്ക്കെതിരെ നിയന്ത്രണ നടപടികൾ സ്വീകരിക്കുന്നതിനെക്കാൾ നല്ലത് അവയുടെ ആക്രമണത്തിനെതിരെ പ്രതിരോധ നടപടികൾ കൃത്യമായി അനുവർത്തിക്കുന്നതാണ്.

*തയ്യാറാക്കിയത് : സി. തമ്പാൻ, പി. സുബ്രഹ്മണ്യൻ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസർഗോഡ്. ജോസഫ് രാജ്കുമാർ, കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം*

# കമ്പോള അവലോകനം

## ആഭ്യന്തര വില നിലവാരം




### വെളിച്ചെണ്ണ

കേരളത്തിലെ കൊച്ചി, ആലപ്പുഴ, കോഴിക്കോട് വെളിച്ചെണ്ണ വിപണികളിൽ 2020 മെയ് മാസത്തിൽ വെളിച്ചെണ്ണ വിലയിൽ സമ്മിശ്ര പ്രവണതയാണ് കാണാൻ കഴിഞ്ഞത്. കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 15600 രൂപയിലും കൊച്ചിയിൽ മാസാവസാനം ക്വിന്റലിന് 100 രൂപ നഷ്ടത്തിൽ 15500 രൂപയിലാണ് വിപണി ക്ലോസ് ചെയ്തത് . ആലപ്പുഴയിൽ വ്യാപാരം ആരംഭിച്ച 15600 രൂപയിൽ തന്നെയാണ് വിപണി ക്ലോസ് ചെയ്തത്. കോവിഡ് -19 നെ തുടർന്ന് ദേശീയ തലത്തിലുള്ള അടച്ചിടൽ മൂലം 01.05.2020 മുതൽ 20.05.2020 വരെ കോഴിക്കോട് വിപണിയിലെ വെളിച്ചെണ്ണയുടെ വിലനിലവാരം ലഭിച്ചില്ല. 23.05 2020 ന് കോഴിക്കോട് വെളിച്ചെണ്ണ വിപണി തുറന്നപ്പോൾ ക്വിന്റലിന് 17600 രൂപയായിരുന്നു വില. വിപണി ക്ലോസ് ചെയ്തത് ക്വിന്റലിന് 16000 രൂപയ്ക്കും.

തമിഴ്നാട്ടിലെ കാങ്കയം വിപണിയിൽ നിന്നും കഴിഞ്ഞ മാസത്തിൽ വെളിച്ചണ്ണ വില റിപ്പോർട്ടു ചെയ്തിട്ടില്ല. 2020 മെയ് മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:



പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 02.05.2020 | 15600 | 15600 | NR | NR |
| 09.05.2020 | 16500 | 16500 | NR | NR |
| 16.05.2020 | 16300 | 16300 | NR | NR |
| 23.05.2020 | 16100 | 16200 | 17600 | NR |
| 30.05.2020 | 15500 | 15600 | 16000 | NR |

NR* - *വിലകൾ റിപ്പോർട്ട് ചെയ്തിട്ടില്ല*

### ഭക്ഷ്യയോഗ്യമായ കൊപ്ര

കോവിഡ് -19 നെ തുടർന്ന് ദേശീയ തലത്തിലുള്ള അടച്ചിടൽ മൂലം 01.05.2020 മുതൽ 20.05.2020 വരെ കോഴിക്കോട് വിപണിയിലെ രാജാപൂർ കൊപ്രയുടെ വിലനിലവാരം റിപ്പോർട്ടു ചെയ്തിട്ടില്ല. പിന്നീട് 23.05.2020 ന് കോഴിക്കോട് വിപണിയിൽ രാജാപ്പൂർ കൊപ്രയ്ക്ക് ക്വിന്റലിന് 12600 രൂപയിൽ ആരംഭിച്ച വ്യാപാരം 11700 രൂപയ്ക്കാണ് ക്ലോസ് ചെയ്തത്. രാജാപ്പൂർ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 02.05.2020 | NR |
| 09.05.2020 | NR |
| 16.05.2020 | NR |
| 23.05.2020 | 12600 |
| 30.05.2020 | 11700 |

### ആട്ടുകൊപ്ര

ആട്ടു കൊപ്രയുടെ വ്യാപാരം മെയ് മാസം കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 11000 രൂപയിലാണ് ആരംഭിച്ചത്. ആട്ടുകൊപ്രയുടെ വിലയിൽ 2020 ഏപ്രിൽ മാസം മുഴുവൻ കൊച്ചിയിലും ആലപ്പുഴയിലും വിലയിൽ മാന്ദ്യമാണ് ദൃശ്യമായത്. കൊച്ചിയിൽ ക്വിന്റലിന് 9600 രൂപയ്ക്കും ആലപ്പുഴയിൽ 9650 രൂപയ്ക്കും വിപണി ക്ലോസ് ചെയ്തപ്പോൾ കൊച്ചിയിൽ ക്വിന്റലിന് 1500 രൂപയുടെയും ആലപ്പുഴയിൽ 1350 രൂപയുടെയും വീതം നഷ്ടം ഉണ്ടായി. കോഴിക്കോട് വിപണിയിൽ 23.05.2020 ന് ആട്ടുകൊപ്രയുടെ വ്യാപാരം ക്വിന്റലിന് 10050 രൂപയിൽ ആരംഭിച്ച് 9400 രൂപയിൽ അവസാനിച്ചു.

തമിഴ്നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 9000 രൂപയിൽ ആരംഭിച്ച കൊപ്ര വ്യാപാരം ക്വിന്റലിനു 500 രൂപ നഷ്ടത്തിൽ 8500 രൂപയിൽ ക്ലോസ് ചെയ്തു.

ആട്ടുകൊപ്രയുടെ വില 2020 സീസണിൽ ഗവൺമെന്റ് പ്രഖ്യാപിച്ച താങ്ങുവിലയിലും (9960 രൂപ) താഴെയായി. താങ്ങ് വിലയ്ക്ക് കൊപ്രസംഭരിക്കണം എന്ന ആവശ്യവുമായി മുഖ്യ നാളികേര ഉത്പാദക സംസ്ഥാനങ്ങൾ മന്ത്രാലയത്തെ സമീപിച്ചിട്ടുണ്ട്.

| പട്ടിക 3 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ) | | | | |
|---|---|---|---|---|
| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴി ക്കോട് | കാങ്കയം |
| 02.05.2020 | 11100 | 11000 | NR | NR |
| 09.05.2020 | 10600 | 10450 | NR | 9000 |
| 16.05.2020 | 10400 | 10350 | NR | 9000 |
| 23.05.2020 | 10200 | 10250 | 10050 | 8850 |
| 30.05.2020 | 9600 | 9650 | 9400 | 8500 |



**ഉണ്ടക്കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ 2020 മെയ് മാസത്തിൽ ഉണ്ടക്കൊപ്ര ക്വിന്റലിന് 10800 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. മാസാവസാനം ക്വിന്റലിന് 1800 രൂപ നഷ്ടത്തിൽ, അതായത് 2020 സീസണിലെ ഉണ്ടക്കൊപ്രയുടെ താങ്ങുവിലയായ 10300 രൂപയിലെ താഴെ 9000 രൂപയ്ക്കാണ് വിപണി ക്ലോസ് ചെയ്തത്. വാരാന്ത്യ വിലനിലവാരം പട്ടിക 4 ൽ :



| പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില തിപ്തൂർ വിപണിയിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| 02.05.2020 | 10800 |
| 09.05.2020 | 10000 |
| 16.05.2020 | 9660 |
| 23.05.2020 | 9400 |
| 30.05.2020 | 9000 |

**കൊട്ടത്തേങ്ങ**

കോഴിക്കോട് വിപണിയിൽ കൊട്ടത്തേങ്ങയുടെ വ്യാപാരം 2020 മെയ് 23-ന് ക്വിന്റലിന് 10000 രൂപയിൽ ആരംഭിച്ച് 100 രൂപ നഷ്ടത്തിൽ 9900 രൂപയിൽ അവസാനിച്ചു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:



| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ ) | |
|---|---|
| 02.05.2020 | NR |
| 09.05.2020 | NR |
| 16.05.2020 | NR |
| 23.05.2020 | 10000 |
| 30.05.2020 | 9900 |



**നാളികേരം**

തമിഴ്നാട്ടിലെ പൊള്ളാച്ചി വിപണിയിൽ കഴിഞ്ഞമാസം പച്ചത്തേങ്ങ ആയിരത്തിന് 12000 രൂപയിൽ വ്യാപാരം ആരംഭിച്ച് 1000 രൂപ നഷ്ടത്തിൽ 11000 രൂപയ്ക്ക് ക്ലോസ് ചെയ്തു.

ബാംഗ്ളൂർ നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 15000 രൂപയിൽ ആരംഭിച്ച് മാസാവസാനം ആയിരത്തിന് 1500 രൂപ നേട്ടത്തിൽ 16500 രൂപയിൽ വിപണി ക്ലോസ് ചെയ്തു. മംഗലാപുരം വിപണിയിൽ ഭാഗികമായി പൊതിച്ച ഒന്നാം ഗ്രേഡ് നാളികേരത്തിന്റെ വ്യാപാരം ആരംഭിച്ച വിലയിൽ ക്ലോസ് ചെയ്തു.

നെടുമങ്ങാട് വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം 2020 മെയ് മാസത്തിൽ റിപ്പോർട്ടു ചെയ്തതേയില്ല. വിവിധ കമ്പോളങ്ങളിൽ നാളികേരത്തിന്റെ വാരാന്ത്യ വിലനിലവാരം പട്ടിക 6 ൽ:

| പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ആയിരത്തിന്) | | | | |
|---|---|---|---|---|
| | നെടുമങ്ങാട് | പൊള്ളാച്ചി | ബംഗളുരു | മംഗളുരു (ഗ്രേഡ് 1) |
| 02.05.2020 | NR | NR | 15000 | NR |
| 09.05.2020 | NR | 12000 | NR | NR |
| 16.05.2020 | NR | NR | 17000 | NR |
| 23.05.2020 | NR | 12000 | NR | NR |
| 30.05.2020 | NR | 11000 | 16500 | NR |

# അന്താരാഷ്ട്ര വില നിലവാരം

**വെളിച്ചെണ്ണ**

ശ്രീലങ്കയിലെ ആഭ്യന്തര വിപണികളിൽ മെയ് മാസത്തിലുടനീളം വെളിച്ചെണ്ണ വിലയിൽ സമ്മിശ്ര പ്രവണതയാണ് പ്രകടമായത്. അതെ സമയം ഇന്തോനേഷ്യയിലെ ആഭ്യന്തര വിലയിൽ ഉണർവ് ദൃശ്യമായി. ഇന്ത്യയിലെയും ഫിലിപ്പീൻസിലെയും ആഭ്യന്തര അന്താരാഷ്ട്ര വിലകൾ 2020 ഏപ്രിൽ മാസത്തിൽ റിപ്പോർട്ടു ചെയ്തിട്ടില്ല. വിവിധ അന്താരാഷ്ട്ര ആഭ്യന്തര വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 7 ൽ:

| പട്ടിക 7 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | | |
|---|---|---|---|---|---|
| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | | |
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 02.05.2020 | NQ | NQ | 780 | NQ | NR |
| 09.05.2020 | NQ | NQ | 785 | 2575 | NR |
| 16.05.2020 | NQ | NQ | 825 | 2633 | NR |
| 23.05.2020 | NQ | NQ | 825 | 2689 | NR |
| 30.05.2020 | NQ | NQ | 880 | 2550 | NR |

*കാങ്കയം





**തേങ്ങ**

പ്രമുഖ നാളികേര ഉത്പാദക രാജ്യങ്ങളായ ഇന്ത്യ, ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക എന്നിവിടങ്ങളിലെ ആഭ്യന്തര നാളികേര വിപണികളിലെ നാളികേരത്തിന്റെ മെയ് മാസത്തെ വില നിലവാരം പട്ടിക 8 ൽ :

| പട്ടിക 8 : നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 02.05.2020 | NQ | 155 | NQ | NR |
| 09.05.2020 | NQ | 158 | 234 | 341 |
| 16.05.2020 | NQ | 168 | 251 | NR |
| 23.05.2020 | NQ | 203 | 273 | NR |
| 30.05.2020 | NQ | 204 | 271 | 315 |

*പൊള്ളാച്ചി



**കൊപ്ര**

പ്രധാനപ്പെട്ട നാളികേര ഉത്പാദക രാജ്യങ്ങളായ ശ്രീലങ്കയിലെയും ഇന്തോനേഷ്യയിലെയും ആഭ്യന്തര വിപണികളിൽ കൊപ്ര വിലയിൽ മെയ് മാസം ഉണർവു ദൃശ്യമായപ്പോൾ ഇന്ത്യൻ വിപണിയിൽ വിലയിൽ മാന്ദ്യമായിരുന്നു. വിവിധ വിപണികളിലെ കൊപ്രയുടെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 9 ൽ :

| പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇന്ത്യ* |
| 02.05.2020 | NQ | 429 | NQ | NR |
| 09.05.2020 | NQ | 460 | 1242 | 1181 |
| 16.05.2020 | NQ | NQ | 1255 | 1181 |
| 23.05.2020 | NQ | NQ | 1263 | NR |
| 30.05.2020 | NQ | 475 | 1482 | 1115 |

*കാങ്കയം

**കേരപാചകം**

ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാ ക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്.നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ ബേക്കറി ഷെഫ് യു.എ സഗീറാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്.



# നാളികേര വെജിറ്റബിൾ സ്റ്റ്യൂ

## ആവശ്യമുള്ള സാധനങ്ങൾ

- ഉരുളകിഴങ്ങ് -കഷണങ്ങളാക്കിയത് രണ്ട് എണ്ണം
- കോളി ഫ്ളവർ, കാരറ്റ്, ബീൻസ്, കാപ്സിക്കം, (അരിഞ്ഞത്)
- കോൺ, പീസ് എന്നിവ നാലു കപ്പ്
- എണ്ണ ഒരു ടേബിൾസ്പൂൺ
- സവാള- ഒന്ന് വലുത്.
- ഇഞ്ചി - രണ്ടിഞ്ച് കഷണം തെലി കളഞ്ഞ് ചതച്ചത്
- വെളുത്തുള്ളി - നാലു അല്ലി ചതച്ചത്
- തേങ്ങാ (കനം കുറഞ്ഞത്) എട്ടു കഷണം
- തക്കാളി അരച്ചത്- രണ്ട്
- ഗരം മസാല - ഒരു ടേബിൾ സ്പൂൺ
- ജീരകം, മല്ലി, മഞ്ഞൾ, ഏലക്ക - പൊടിച്ചത് ഒന്നര ടേബിൾ സ്പൂൺ
- ഉപ്പ് - ഒന്ന്- രണ്ടു ടീ സ്പൂൺ
- ഗ്രാമ്പു, ഉലുവ, പെരുംജീരകം,
- മുളക് (ചതച്ചത്) അര ടീസ്പൂൺ വീതം
- തേങ്ങാപാൽ - 1400 മില്ലി
- ചെറുനാരങ്ങ നീര് - രണ്ടു ടേബിൾ സ്പൂൺ
- യോഗർട് - അര കപ്പ്
- പഞ്ചസാര - ഒരു ടേബിൾ സ്പൂൺ
- വറുത്ത കശുവണ്ടി - ഗാർണിഷ് ചെയ്യുന്നതിന്

## തയാറാക്കുന്ന വിധം

ഉരുളകിഴങ്ങ് ഒരു പാത്രത്തിൽ നികക്കെ വെള്ളം ചേർത്ത് സ്റ്റൗവിൽ വയ്ക്കുക. വെള്ളം തിളച്ച് അഞ്ചു മിനിറ്റിനു ശേഷം അരിഞ്ഞു വച്ചിരിക്കുന്ന പച്ചക്കറികൾ കൂടി അതിൽ ചേർക്കുക. അതും അഞ്ചുമിനിറ്റ് തിളച്ച ശേഷം സ്റ്റൗവിൽ നിന്നു മാറ്റി വെള്ളം അരിച്ച് വയ്ക്കുക.

പച്ചക്കറികൾ വേകുന്ന സമയത്തു തന്നെ കുറുമയുടെ മസാല അരപ്പ് തയാറാക്കാം. ഇടത്തരം തീയിൽ എണ്ണ ചൂടാക്കുക. അതിലേയ്ക്ക് സവാള അരിഞ്ഞത് ചേർത്ത് വഴറ്റുക. അഞ്ചു മിനിറ്റ് കഴിയുമ്പോൾ ഇഞ്ചിയും വെളുത്തുള്ളിയും ചേർക്കുക. ഇതിന്റെ പച്ചമണം മാറുമ്പോൾ തേങ്ങാ കൊത്തുകൾ ഇടുക.

തീ കുറച്ച ശേഷം അരച്ചു വച്ചിരിക്കുന്ന തക്കാളിയും മറ്റ് മസാലക്കൂട്ടുകളും ചേർത്ത് നന്നായി ഇളക്കിയോജിപ്പിച്ച ശേഷം തീ കൂട്ടുക. തക്കാളി അരച്ചതിൽ കിടന്ന് മസാലകൾ വെന്തതിന്റെ മണം വരുമ്പോൾ രണ്ടു മിനിറ്റിനു ശേഷം തേങ്ങാപ്പാൽ, നാരങ്ങ നീരും ഒന്നേകാൽ ടേബിൾ വെള്ളവും ചേർത്ത് അഞ്ചു മിനിറ്റ് തിളപ്പിക്കുംക.

നന്നായി ഇളക്കിയ ശേഷം ഇതിലേയ്ക്ക് യോഗർട്ട്, പഞ്ചസാര, ആവശ്യമെങ്കിൽ ഉപ്പ് എന്നിവ ചേർത്ത് സ്റ്റൗ ഓഫ് ചെയ്യാം. സെർവിങ്ങ് ഡിഷിലേയ്ക്ക് പകർന്ന് കശുവണ്ടി പരിപ്പ് ചേർത്ത് അലങ്കരിച്ച ശേഷം വിളമ്പാം.

